

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
ഉല്പ. 41: 55

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

**വാല്യം 90 ലക്കം 10 ഏപ്രിൽ 2018**

# ഉള്ളടക്കം


സർക്കുലർ Ref: 18 Ch.193-268 ........................................ 6
സർക്കുലർ 18 Ch.194-269 ........................................ 9
സർക്കുലർ Ref: 3080/K-5/KCBC/OL/DS ................ 14
സർക്കുലർ ........................................ 19
കച്ചേരിക്കാര്യം ........................................ 23
പഞ്ചവത്സര അജപാലനപദ്ധതി ........................................ 34
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ........................................ 38
പാസ്റ്ററൽ കൗൺസിൽ ........................................ 39
സന്ദേശനിലയം ........................................ 40
ചെറുപുഷ്പ മിഷൻലീഗ് ........................................ 43
ഫാമിലി അപ്പോസ്റ്റലേറ്റ്. ........................................ 45
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 48
യുവദീപ്തി ........................................ 49
മീഡിയാ വില്ലേജ് കമ്മ്യൂണിക്കേഷൻസ് ........................................ 53
കെ.സി.എസ്.എൽ. ........................................ 57
ജീവകാരുണ്യനിധി ........................................ 58
ചാസ് ........................................ 60
ആത്മതാകേന്ദ്രം ........................................ 67
കെയർ ഹോംസ് ........................................ 68
കരിസ്മാറ്റിക് നവീകരണം ........................................ 71
ദലിത് കത്തോലിക്കാ മഹാജനസഭ ........................................ 72
വിൻസെൻഷ്യൻ വേദി ........................................ 73
ഫ്രാൻസിസ്കൻ അല്മായസഭ ........................................ 75
ദീപിക ഫ്രണ്ട്സ് ക്ലബ് ........................................ 77
ആവേമരിയ ........................................ 78
എൽഡേഴ്സ് ഫ്രറ്റേണിറ്റി ........................................ 79
കത്തോലിക്ക കോൺഗ്രസ് ........................................ 81
പൗരോഹിത്യ ആദ്ധ്യാത്മികത ........................................ 84
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 90
Engagements. ........................................ 95


Annual Subscription: Rs. 120/-

---


ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org




**ഏവർക്കും**

**ഉയിർപ്പുതിരുനാൾ മംഗളങ്ങൾ!**

**സർക്കുലർ** 18 Ch.193-268

# ദൈവവിളി: തിരിച്ചറിവും പരിപോഷണവും

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

1. ഒരദ്ധ്യയനവർഷം അവസാനിച്ച് മദ്ധ്യവേനൽ അവധി ആരംഭിച്ചിരിക്കുകയാണല്ലോ. ചെറുപ്പക്കാരായ പലരെയും സംബന്ധിച്ച് ജീവിതപ്രയാണത്തിൽ ഒരു 'നാൽക്കവല'യിൽ എത്തിയ അനുഭവമായിരിക്കാമിത്. 'ഇനിയെങ്ങോട്ട്' എന്നൊരു ചോദ്യവും, അതിനുള്ള ശരിയായ ഉത്തരവും ഇത്തരുണത്തിൽ സുപ്രധാനമാണ്. ദൈവഹിതമനുസരിച്ച് ഈ തിരഞ്ഞെടുപ്പ് നടത്തുമ്പോഴാണ് ജീവിതം ശരിയായ പാതയിലാകുന്നത്. അതിന് ഏറ്റവും ആവശ്യമായിരിക്കുന്നത് പ്രാർത്ഥനയാണ്. സ്വാർത്ഥതാല്പര്യങ്ങൾ മാറ്റിവച്ച് വിനയത്തോടും വിശ്വാസത്തോടും സ്നേഹത്തോടുംകൂടി പ്രാർത്ഥിക്കണം. ദൈവവിളിയുടെ വിത്തുകൾ ദൈവംതന്നെയാണ് ഒരാളിൽ നിക്ഷേപിക്കുന്നത്. തന്റെ ഭാവിയെക്കുറിച്ച് ഒരാളിൽ സ്ഥായിയായി നിൽക്കുന്ന ആഗ്രഹവും ബോദ്ധ്യവും ദൈവവിളിയുടെ സൂചനകളാകാം. താല്പര്യം തോന്നുന്ന വിളിയെക്കുറിച്ചും വിവിധ ദൈവവിളികളെക്കുറിച്ചും കൂടുതൽ അറിവു നേടണം. അറിവും അനുഭവവും ഉള്ള മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ സഹായിക്കാൻ സാധിക്കും. വൈദികർ, ഗുരുജനങ്ങൾ തുടങ്ങിയവരുമായി ഇക്കാര്യങ്ങൾ പങ്കുവയ്ക്കുകയും ഉപദേശങ്ങൾ തേടുകയും വേണം.

2. ദൈവവിളിയുടെ തിരിച്ചറിവിനും പരിപോഷണത്തിനും മാതാപിതാക്കൾക്കും കുടുംബാന്തരീക്ഷത്തിനും നിർണായകമായ പങ്കുണ്ട്. മാതാപിതാക്കളുടെ ആഗ്രഹവും പ്രാർത്ഥനയും ജീവിത മാതൃകയും അതിപ്രധാനമാണ്. ശരിയായ പ്രാർത്ഥനാചൈതന്യമുള്ളതും സഭയോട് സ്നേഹവും വിശ്വസ്തതയും പുലർത്തുകയും ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുകയും ചെയ്യുന്ന കുടുംബങ്ങൾ നല്ല ദൈവവിളികൾ രൂപം കൊള്ളുന്നതിന് ഏറ്റവും അനുകൂല പശ്ചാത്തലമാണ്.

3. ദൈവവിളി തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കാൻ ഔദ്യോഗികമായ അധികാരവും ചുമതലയും സഭയ്ക്കുണ്ട്. സഭാധികാരികളിലൂടെയാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. വൈദികരുടെ, പ്രത്യേകിച്ച് ഇടവക വികാരിമാരുടെ സൂക്ഷ്മമായ ശ്രദ്ധയും താല്പര്യവും സഹകരണവും അതിനാവശ്യമാണ്. സമർപ്പിതജീവിതം നയിക്കുന്ന സിസ്റ്റേഴ്സിന്റെ പങ്കും വളരെ പ്രധാനപ്പെട്ടതാണ്. അവരുടെ പ്രാർത്ഥനയും ചെറുപ്പത്തിൽത്തന്നെ

കുഞ്ഞുങ്ങൾക്കു നൽകുന്ന പരിശീലനവും ദൈവവിളിയുടെ പരിപോഷണത്തെ ഏറെ സഹായിക്കും. സെമിനാരികളിലും ഇതര പരിശീലനരംഗങ്ങളിലും പ്രവർത്തിക്കുന്ന പരിശീലകരായ വൈദികർക്ക് ദൈവവിളികളുടെ തിരിച്ചറിവിന് സഭയോടു ചേർന്ന് പ്രായോഗികമായും ക്രിയാത്മകമായും സഹകരിക്കാൻ അവസരവും കടപ്പാടുമുണ്ട്. ദൈവവിളികൾക്കു വേണ്ടി പ്രാർത്ഥിക്കാനും അവ പ്രോത്സാഹിപ്പിക്കാനും ചെറുപുഷ്പമിഷൻലീഗ് എന്ന പ്രേഷിതസംഘടന പ്രത്യേക താല്പര്യമെടുക്കേണ്ടതാണ്. അതിനായിട്ടാണല്ലോ അത് സ്ഥാപിതമായിരിക്കുന്നത്.

4. പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും കൂടുതൽ ദൈവവിളികൾ നമ്മുടെ സഭയ്ക്കു പൊതുവായും അതിരൂപതയ്ക്കു പ്രത്യേകമായും ആവശ്യമുണ്ട്. 'വിളവധികം വേലക്കാർ ചുരുക്കം' എന്ന അവസ്ഥ പലയിടങ്ങളിലും വളരെ രൂക്ഷമാണ്. സീറോമലബാർ സഭയ്ക്ക് ഇന്ത്യ മുഴുവൻ പ്രവർത്തിക്കാൻ അവസരം കൈവന്നിരിക്കുന്ന പുതിയ സാഹചര്യത്തിൽ, പ്രേഷിതചൈതന്യവും തീക്ഷണതയുമുള്ള വൈദികരുടെയും സമർപ്പിതരുടെയും ആവശ്യകതയുണ്ട്. നമ്മുടെ അതിരൂപതയുടെ 'ഇറ്റാവാ മിഷൻ' ഇപ്പോൾ കൂടുതൽ വിസ്തൃതമായിരിക്കുന്നു. കൂടാതെ, രാജസ്ഥാനിൽ ജയ്പൂർ ആസ്ഥാനമായി പുതിയൊരു മിഷൻ നമ്മുടെ അതിരൂപതയുടെ ചുമതലയിൽ ഏല്പിക്കപ്പെട്ടിരിക്കയാണ്. അതിരൂപതയുടെ പ്രേഷിത പ്രവർത്തനപാരമ്പര്യവും ചരിത്രവും കണക്കിലെടുത്തുകൊണ്ടുതന്നെയാണ് ഈ രംഗത്ത് കൂടുതൽ മേഖലകൾ തുറന്നു കിട്ടിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ കൂടുതൽ പ്രേഷിത ദൈവവിളികൾ ഉണ്ടാകാൻ നാം പ്രാർത്ഥിക്കയും പരിശ്രമിക്കയും വേണം. വൈദികരും സമർപ്പിതരും മാതാപിതാക്കളും ആത്മാർത്ഥമായി സഹകരിച്ച് സഭയുടെയും അതിരൂപതയുടെയും പ്രേഷിതദൗത്യത്തെ ശക്തിപ്പെടുത്തണമെന്നഭ്യർത്ഥിക്കുന്നു.

5. വൈദിക ദൈവവിളിയിൽ പൊതുവിൽ കാര്യമായ കുറവ് നമ്മുടെ അതിരൂപതയിൽ ഉണ്ടായിട്ടില്ലെങ്കിലും ചില ഇടവകകളിലും മേഖലകളിലും നാമമാത്രമായിരിക്കുന്നു. പെൺകുട്ടികളുടെ ദൈവവിളിയിൽ വലിയ കുറവ് സംഭവിച്ചിരിക്കുന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. വിവിധ മേഖലകളിൽ സിസ്റ്റേഴ്സ് ചെയ്യുന്ന മഹത്തായ സേവനങ്ങൾ തുടരാൻ സാധിക്കാത്തവിധം അവരുടെ ദൈവവിളിയിൽ കുറവുണ്ടായിട്ടുണ്ട്.

ദൈവവിളികളെ അവഗണിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതും നിരസിക്കുന്നതും ദൈവകൃപയോട് മറുതലിക്കുന്ന വലിയ തെറ്റുതന്നെയാണ്. അതേ സമയം, ഇല്ലാത്ത ദൈവവിളി ഉണ്ടെന്നു ഭാവിച്ച് തന്ത്രപൂർവ്വമോ സത്യാവസ്ഥ മറച്ചുവച്ചോ അംഗീകരിപ്പിക്കാൻ ശ്രമിക്കുന്നതും, സമ്മർദ്ദം ചെലുത്തി സ്വീകരിപ്പിക്കുന്നതും തെറ്റാണ്. ദൈവവിളി

യോട് തികച്ചും സത്യസന്ധമായ തുറന്ന മനോഭാവമാണ് പുലർത്തേണ്ട ത്. ദൈവവിളി ലഭിക്കുന്നവർ വിനയത്തോടും നന്ദിയോടുംകൂടി അത് സ്വീകരിക്കുകയും അതിനോട് വിശ്വസ്തത പുലർത്തുകയും വേണം; തന്റെ ദൈവവിളിയോട് പൂർണ്ണമായും വിശ്വസ്തത പുലർത്തിയ പൂർവ്വപിതാവായ അബ്രാഹത്തിലൂടെ അനേകം ജനതകൾ അനുഗ്രഹിക്കപ്പെട്ടതു പോലെ.

6. പൂർണ്ണസമർപ്പണത്തിനും ദൈവസേവനത്തിനുമായി ദൈവം വിളിച്ചവർക്ക് ഭൗമികമായ സുഖസമൃദ്ധിയും സുരക്ഷിതത്വവും ഒന്നുമല്ല ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. മറിച്ച്, ഈ ലോകത്തിന്റെ സുഖസൗകര്യങ്ങൾ ത്യജിക്കാനും കുരിശും വഹിച്ച് ഈശോയെ അനുഗമിക്കാനുമാണ് കർത്താവ് ആഹ്വാനം ചെയ്തത്. മിശിഹായ്ക്കും അവന്റെ ജനത്തിനും വേണ്ടി സഹിക്കാനും വേണ്ടിവന്നാൽ ജീവൻ പോലും അർപ്പിക്കാനും തയ്യാറാകണമെന്നാണ് അവിടുന്ന് പഠിപ്പിച്ചത്. ചെന്നായ്ക്കളുടെയിടയിലേക്ക് കുഞ്ഞാടുകളെ എന്നപോലെ അയയ്ക്കപ്പെടുന്ന അവസ്ഥ ദൈവവിളി സ്വീകരിച്ചവർക്കുണ്ടാകാം. ഇപ്രകാരമുള്ള ഏതു സാഹചര്യങ്ങളെയും നേരിടാൻ തയ്യാറുള്ള ദൈവവിളികളാണ് സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നത്. ലോകത്തിന്റെ ആകർഷകങ്ങളായ വിളികളുടെ മദ്ധ്യേ ദൈവത്തിന്റെ വിളിയുടെ സ്വരവും സ്വഭാവവും തിരിച്ചറിഞ്ഞ് ശരിയായ പ്രത്യുത്തരം നൽകാൻ സഭയുടെ മക്കൾ സജ്ജരാകണം. "ഇതാ ഞാൻ! എന്നെ അയച്ചാലും" (ഏശയ്യാ 6:8) എന്ന് ഏശയ്യാ പ്രവാചകനെപ്പോലെ പറയാൻ സാധിക്കുന്നതാണ് യഥാർത്ഥ പ്രേഷിതദൈവവിളി. സഭയുടെ നിയോഗമനുസരിച്ച് എവിടെയും പോകാനുള്ള സന്നദ്ധതയാണിത്. മാതാപിതാക്കളുടെയും വികാരിയച്ചന്മാരുടെയും ആത്മാർത്ഥമായ ശ്രദ്ധയും താല്പര്യവും ഇക്കാര്യത്തിലുണ്ടാകണം.

പൗരോഹിത്യമോ സമർപ്പിത ജീവിതമോ ആഗ്രഹിക്കുന്ന യുവജനങ്ങളും കുട്ടികളും അതിരൂപതയിൽനിന്നു സംഘടിപ്പിക്കുന്ന ദൈവവിളി ക്യാമ്പുകളിലും സെമിനാറുകളിലും നിർബന്ധമായും പങ്കെടുക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch.194-269

# ഉയിർപ്പിന്റെ ചൈതന്യം പഞ്ചവത്സര അജപാലനപദ്ധതിയിൽ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

1. പെസഹായുടെ പൂർത്തീകരണമാണ് ഈശോയുടെ ഉയിർപ്പ്. അതായത്, നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ് എന്നീ രക്ഷാകരസംഭവങ്ങൾ ഉൾക്കൊള്ളുന്ന 'പെസഹാ' എന്ന കടന്നുപോകൽ പൂർത്തീകരിക്കപ്പെടുന്നത് ഈശോയുടെ ഉയിർപ്പിലാണ്. മരണത്തിലൂടെ ആണെങ്കിലും മരണത്തെ പരാജയപ്പെടുത്തിക്കൊണ്ട് ഈശോ ഉയിർത്തെഴുന്നേറ്റ് സകല മനുഷ്യകുലത്തിനും ജീവന്റെ ദാതാവായി, യഥാർത്ഥ രക്ഷകനായി. ഈശോയുടെ ഉയിർപ്പാണ് അവന്റെ ദൈവവ്യക്തിത്വത്തെ പൂർണ്ണമായി വെളിപ്പെടുത്തിയ സംഭവം. ആദിയിൽ ദൈവം വാഗ്ദാനം ചെയ്തതും ഇസ്രായേൽജനം കാത്തിരുന്നതുമായ ലോകരക്ഷകൻ, മിശിഹാ ഈശോയാണെന്നു തെളിയിക്കപ്പെട്ട സംഭവമാണിത്. ഈശോ യഥാർത്ഥത്തിൽ രക്ഷയുടെ സുവിശേഷമാകുന്നത് ഉയിർപ്പിലൂടെയാണ്. സഭയുടെ സകല പ്രേഷിത ദൗത്യങ്ങൾക്കും ശക്തിയും അർത്ഥവും ലഭിക്കുന്നത് ഉയിർപ്പിലാണ്. പൗലോസ് ശ്ലീഹായുടെ വാക്കുകൾ അതു വ്യക്തമാക്കുന്നു. 'മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം, ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം'. മത്തിയാസിന്റെ തിരഞ്ഞെടുപ്പിലും നാം കാണുന്നത്, സഭയുടെ പ്രേഷിതത്വത്തിന്റെ കേന്ദ്രവും അടിസ്ഥാനവും ഈശോയുടെ ഉയിർപ്പാണെന്നാണ്. ഒറ്റുകാരൻ യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുക്കാൻ നേതൃത്വം നൽകിയ പത്രോസിന്റെ വാക്കുകൾ ഈ സത്യമാണ് വ്യക്തമാക്കുന്നത്.

> "അതിനാൽ കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ മാമ്മോദീസാ മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെ കൂടെ ഉണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ" (ശ്ലീഹ. നടപടി 1:21-22).

ഈശോയുടെ ഉയിർപ്പിൽ പൂർത്തീകരിക്കപ്പെട്ട മിശിഹാരഹസ്യത്തെ രക്ഷയുടെ സന്ദേശമായി ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷ്യപ്പെടുത്തുകയാണ് സഭയുടെ ദൈവനിയോഗമെന്ന് ഇപ്രകാരമുള്ള ദൈവികവെളിപാടിൽനിന്നും സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽനിന്നും നാം മനസ്സിലാക്കുന്നു.

2. സഭയുടെ വൈവിധ്യമാർന്ന അജപാലന ശുശ്രൂഷകളും സുവിശേഷ വൽക്കരണ പ്രവർത്തനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ ഈശോയുടെ ഉയിർപ്പിന് സാക്ഷ്യം വഹിക്കലാണ്. ഈശോ ഉയിർത്തില്ലായിരുന്നെങ്കിൽ സഭയോ ഒരു ക്രിസ്തീയ സമൂഹമോ ഉണ്ടാകുമായിരുന്നില്ല; ഈശോയുടെ പ്രബോധനങ്ങൾക്കോ പ്രവൃത്തികൾക്കോ ജീവിതത്തിനോ യാതൊരു വിലയും ഉണ്ടാകുമായിരുന്നില്ല. കാരണം, അവയെല്ലാം ഉന്നം വച്ചിരുന്നത് മരണത്തെയും അതിജീവിക്കുന്ന നിത്യജീവനിലേയ്ക്കാണ്. നിത്യജീവന്റെ ഉടയവനും ദാതാവുമാകട്ടെ മരണത്തെ പരാജയപ്പെടുത്തിയ ഈശോമിശിഹായും. ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളും പറഞ്ഞ ഉപമകളും നൽകിയ ഉപദേശങ്ങളുമെല്ലാം ആത്യന്തികമായി ലക്ഷ്യം വച്ചിരിക്കുന്നത് നിത്യജീവൻ കരസ്ഥമാക്കുന്നതിനെക്കുറിച്ചാണ്. “ഞാനാണ് വഴിയും സത്യവും ജീവനും, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും”, ‘ഞാനാണ് പുനരുത്ഥാനവും ജീവനും’ എന്ന് അസന്നിഗ്ദ്ധമായി പഠിപ്പിച്ച ഈശോ തന്നെത്തന്നെ നിത്യജീവന്റെ നാഥനായി പ്രഖ്യാപിക്കയായിരുന്നു. ഇവയെല്ലാം ശരിയെന്ന് തെളിയിക്കപ്പെട്ടത് ഈശോയുടെ ഉയിർപ്പിലൂടെയാണ്.

3. ഈ ഉയിർപ്പുസത്യം തന്റെ ശ്ലീഹന്മാർ നേരിട്ട് അനുഭവിച്ച് ബോദ്ധ്യപ്പെടണമെന്നും, അവരും അവരുടെ പിൻഗാമികളും വഴി ഈ സത്യം ലോകമെങ്ങും പ്രഘോഷിക്കപ്പെടണമെന്നും കർത്താവ് ആഗ്രഹിക്കുകയും, അധികാരം നൽകി ശ്ലീഹന്മാരെ അതിനു ചുമതലപ്പെടുത്തുകയും ചെയ്തു. ഉയിർത്തെഴുന്നേറ്റ ഈശോയെ നേരിൽ കണ്ട് അനുഭവിച്ച് ബോദ്ധ്യപ്പെട്ട ശ്ലീഹന്മാരും മറ്റനേകം ശിഷ്യരും കർത്താവിൽ ഉറച്ചു വിശ്വസിക്കുകയും ജീവൻ ബലികഴിച്ചും ആ വിശ്വാസം സാക്ഷ്യപ്പെടുത്തുകയും ചെയ്തു. തലമുറകളായി തുടരുന്ന ഈ വിശ്വാസസാക്ഷ്യത്തിന്റെ കഥയാണ് സഭയുടെ ചരിത്രം. ചില അവസരങ്ങളിൽ മാനുഷികമായ ചില പരാജയങ്ങളും വീഴ്ചകളും വിശ്വാസജീവിത സാക്ഷ്യത്തിൽ പല സഭാമക്കൾക്കും സംഭവിക്കുന്നുണ്ടെങ്കിലും, സഭ അവളുടെ പ്രേഷിതദൗത്യനിർവ്വഹണ പാതയിൽ പ്രയാണം തുടരുകയാണ്.

4. നിത്യജീവനിലുള്ള പ്രത്യാശയിൽ, ജീവനർപ്പിച്ചും വിശ്വാസത്തിനു സാക്ഷ്യം വഹിച്ച എണ്ണമറ്റ രക്തസാക്ഷികളും വിശുദ്ധരും സഭയ്ക്കെന്നും ശക്തിയും പ്രചോദനവുമാണ്. അവർക്കൊക്കെ ശക്തിസ്രോത

സ്സായിരുന്നത് മിശിഹാ രഹസ്യത്തിന്റെ അനുസ്മരണവും ആഘോഷവുമായ സഭയുടെ ആരാധനക്രമമാണ്, വിശിഷ്യാ വിശുദ്ധ കുർബാനയും കൂദാശകളുമാണ്. ഉത്ഥിതനായ കർത്താവിന്റെ സജീവസാന്നിദ്ധ്യവും കരുണാർദ്രമായ സ്നേഹവും നമ്മൾ പ്രധാനമായും അനുഭവിച്ചറിയുന്നത് അവിടെയാണ്. ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടി ഉണ്ടായിരിക്കുമെന്ന നമ്മുടെ കർത്താവിന്റെ വാഗ്ദാനം വിശുദ്ധ കുർബാനയിലുള്ള കർത്താവിന്റെ നിത്യസാന്നിദ്ധ്യത്തിലൂടെ യാഥാർത്ഥ്യമാകുന്നു. ആരാധനക്രമത്തിൽനിന്ന്, വിശിഷ്യാ, വിശുദ്ധ കുർബാനയിൽനിന്ന് ഒരുറവയിൽനിന്നെന്നപോലെ പ്രസാദവരം നമ്മിലേക്ക് നിർഗ്ഗളിക്കുന്നുവെന്നും, സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തി ശ്രോതസ്സ് അതാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭ നമ്മെ പഠിപ്പിക്കുന്നു.

5. ഈ സത്യം വിസ്മരിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ ഉള്ള അജപാലനശുശ്രൂഷ ഒരിക്കലും ഫലം ചൂടുകയില്ല. ആരാധന ക്രമത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു പ്രവൃത്തിയും സഭാത്മകമാവുകയില്ല. സഭ ജന്മം കൊണ്ടതുതന്നെ ഒരു ആരാധനാസമൂഹമായിട്ടാണ്. വിശുദ്ധ കുർബാനയിൽനിന്ന് സഭ ജനിക്കുന്നുവെന്നും വിശുദ്ധ കുർബാനയിലൂടെ സഭ വളരുന്നുവെന്നും വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പഠിപ്പിച്ചു. സഭയുടെ ആരംഭം മുതൽ തന്നെ ദൈവാരാധന സഭാജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു എന്ന് ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം വ്യക്തമാക്കുന്നു. ശ്ലീഹന്മാരുടെ പ്രബോധനത്തോടൊപ്പം പ്രാർത്ഥനയിലും അപ്പം മുറിയ്ക്കലിലും (വി. കുർബാന). ആദിമ ക്രിസ്ത്യാനികൾ സദാ താല്പര്യപൂർവ്വം പങ്കുചേർന്നിരുന്നതായി നടപടിപ്പുസ്തകം സാക്ഷിക്കുന്നു (2:42). അങ്ങനെ രൂപം കൊണ്ടതാണ് ക്രൈസ്തവകൂട്ടായ്മ അഥവാ സഭ. സഭയാകുന്ന ആരാധനാസമൂഹത്തിന്റെ ഹൃദയമാണ് ആരാധനക്രമം എന്നു പറയാം. ഹൃദയത്തിന്റെ ശരിയായ പ്രവർത്തനത്തിലൂടെ ശരീരത്തെ മുഴുവൻ പ്രവർത്തനനിരതമാക്കുന്ന രക്തചംക്രമണം പോലെയാണ് സഭാശരീരത്തിൽ ആരാധനക്രമം. അതുകൊണ്ടാണ് വി. കുർബാനയിൽ കേന്ദ്രീകൃതമായ ഞായറാഴ്ചയാചരണത്തിന് സഭ എക്കാലവും പരമപ്രാധാന്യം നൽകിപ്പോരുന്നത്.

6. നമ്മുടെ പഞ്ചവത്സര അജപാലന പദ്ധതിയിൽ ഇക്കാര്യങ്ങൾ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇടവക ഒരു കൂട്ടായ്മയാണല്ലോ. ഈ കൂട്ടായ്മയിലെ ഓരോ അംഗവും വ്യക്തിപരമായും മറ്റുള്ളവരോടു ചേർന്നും മിശിഹായുടെ അദൃശ്യവും കൗദാശികവുമായ സാന്നിദ്ധ്യം അനുഭവിച്ചാഘോഷിക്കുന്നതാണ് ഞായറാഴ്ചയാചരണം. ജീവിക്കുന്നവനായ കർത്താവ് നമ്മോടുകൂടിയായിരിക്കുന്നു എന്നത് ലോക

ത്തോട് പ്രഘോഷിക്കുന്ന ഏറ്റവും പുണ്യപ്പെട്ട ദിവസമാണ് ഞായറാഴ്ച. അതു കർത്താവിന്റെ ദിവസമാണ്, ശ്ലീഹന്മാരുടെ ഉയിർപ്പനുഭവത്തിന്റെ തുടർച്ചയാണ്. അതിനാൽ ഞായറാഴ്ചയാചരണത്തിന്റെ പവിത്രതയ്ക്കും പ്രാധാന്യത്തിനും മങ്ങലേല്പിക്കുന്ന ഒരു കാര്യവും ചെയ്യാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സ്വന്തം ഇടവകപ്പള്ളിയിലെ വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും, പങ്കെടുക്കേണ്ട ഇതര കാര്യങ്ങളിലും വേണ്ടത്ര ഒരുക്കത്തോടും താല്പര്യത്തോടുംകൂടി എല്ലാവരും പങ്കുചേരണം. പുസ്തകം ഉപയോഗിച്ച് ആരാധനാകർമ്മങ്ങളിൽ പങ്കെടുക്കുന്നത് കൂടുതൽ സജീവത്വവും ഏകാഗ്രതയും നൽകും. ദൈവാലയത്തിന്റെ പരിശുദ്ധിക്കു ചേരാത്തതോ ഇടർച്ചവരുത്തുന്നതോ ആയ വസ്ത്രധാരണരീതി വർജ്ജിക്കണം. അതുപോലെതന്നെ മറ്റുള്ളവർക്ക് ഉതപ്പു നൽകുന്നതോ അന്യരെ വേദനിപ്പിക്കുന്നതോ ആയ സംസാരമോ പെരുമാറ്റമോ ഉണ്ടാകരുത്.

സ്നേഹത്തിലും സമാധാനത്തിലും ഏകമനസ്സോടും ശുദ്ധഹൃദയത്തോടുംകൂടി വിശുദ്ധ കുർബാനയിലും മറ്റ് ആരാധനാ കർമ്മങ്ങളിലും പങ്കുചേരുമ്പോൾ ദൈവത്തിന്റെ കൃപ സമൃദ്ധമായി നമ്മിലേക്കു വരുന്നു. ഈ ചൈതന്യത്തിൽ ദിവസം മുഴുവൻ വ്യാപരിക്കാൻ സഹായിക്കുന്നതാണ് വിവിധ സമയങ്ങളിലെ യാമപ്രാർത്ഥനകൾ. സന്ന്യാസഭവനങ്ങൾ പരമാവധി അത് പാലിക്കാൻ ശ്രമിക്കുമല്ലോ. നമ്മുടെ കുടുംബങ്ങളിൽ സായാഹ്നത്തിലെ യാമപ്രാർത്ഥന (റംശാ) ചൊല്ലുന്നത് സഭയുടെ ആരാധനാചൈതന്യത്തിൽ ഗാർഹികസഭയായി ഓരോ കുടുംബവും വളരാൻ സഹായിക്കും.

## 7. ഉയിർപ്പുകാലത്തെ പ്രത്യേക ആചരണങ്ങൾ

ഉയിർപ്പുകാലത്തെ **ഒന്നാം വെള്ളിയാഴ്ച**യായ ഏപ്രിൽ ആറ് **സകല വിശുദ്ധരുടെയും തിരുനാളാണ്** നമ്മുടെ സഭയിൽ. നാമെല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. ആദിമക്രൈസ്തവരെ വിശുദ്ധരെന്നുപോലും വിളിച്ചിരുന്നു. വിശുദ്ധരെ വണങ്ങാനും അവരുടെ പ്രാർത്ഥനാസഹായം തേടാനും ഈ ദിവസം പ്രത്യേകമായി ശ്രദ്ധിക്കാം. ഈ തിരുനാളിൽ നമ്മുടെ കുടുംബങ്ങളിൽ സകല വിശുദ്ധരുടെയും ലുത്തീനിയാ ചൊല്ലുന്നത് ഉചിതമായിരിക്കും. ഓരോരുത്തരും അവരവരുടെ പേരിനു കാരണമായ വിശുദ്ധന്റെ/വിശുദ്ധയുടെ ജീവിതമാതൃകയിൽനിന്നു പാഠങ്ങൾ പഠിക്കാൻ ശ്രമിക്കണം.

ഏപ്രിൽ 8 **പുതുഞായറാഴ്ചയാണ്.** ഉത്ഥിതനായ ഈശോ രണ്ടാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതും തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവുമാണ് ഈ ദിവസത്തിന്റെ പ്രത്യേക ഓർമ്മകൾ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നുള്ള തോമ്മാശ്ലീഹായുടെ വിശ്വാസ

പ്രഖ്യാപനം നമുക്കും സ്വന്തമാക്കാം.

**ഏപ്രിൽ 24-ന്** ആചരിക്കുന്ന **ഗീവർഗീസ് സഹദായുടെ തിരുനാൾ** നമ്മുടെ സഭയിൽ ഏറെ പ്രചാരമുള്ളതാണ്. വിശ്വാസത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ് രക്തസാക്ഷിത്വം. വേണ്ടിവന്നാൽ അതിനും തയ്യാറാകുന്ന വിശ്വാസത്തിന്റെ ഉറപ്പ് നമുക്കുണ്ടായിരിക്കണം. **തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെ ഓർമ്മ മേയ് ഒന്നിന്** നമ്മൾ ആചരിക്കുന്നു. തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളിയുടെ മഹത്വവും തൊഴിൽ മേഖലയിലെ നീതിയും ഉയർത്തിക്കാട്ടാൻ മെയ്ദിനാചരണം ഉപകരിക്കട്ടെ. മേയ് 10 **കർത്താവിന്റെ സ്വർഗ്ഗാരോഹണതിരുന്നാളാണ്.** തുടർന്നുള്ള 10 ദിവസങ്ങൾ പെന്തക്കുസ്തായ്ക്കൊരുങ്ങാനുള്ളതാണ് ഈ ദിവസങ്ങളിൽ പ്രത്യേകമായി റൂഹാദ്ക്കുദ്ശായുടെ കൃപാദാനങ്ങൾക്കായി പ്രാർത്ഥിക്കാം; നമ്മുടെ സഭയിൽ റൂഹായുടെ പ്രവർത്തനം ശക്തമാകാനും.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*N.B: ഈ സർക്കുലർ ഏപ്രിൽ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3080/K-5/KCBC/OL/DS 26.3.2018

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2018

*തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും:*
*സമഗ്രവും മാനുഷികവും*
*സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ ഈശോ സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ ഈശോയുടെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച ഈശോ തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യ

യുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി. നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായരംഗത്തുള്ള തകർച്ച, ഇന്ധനവിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിതപൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തുവിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കപ്പെടുന്നു എന്നത് അപായസൂചനയാണ് നല്കുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു" (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലിമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധതികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പി

ക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനുശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാനസർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവിച്ചവർക്കുള്ള സഹായധന വിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference.... of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളികൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമതിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം.-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധവയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: *2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

# കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദിയാഘോഷം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീസഹോദരങ്ങളേ,

സീറോ മലബാർ സഭയുടെ അത്മായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് നൂറ് വർഷങ്ങൾ പൂർത്തിയാക്കുകയാണ്. കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങൾ മെയ് മാസം 11 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തൃശ്ശൂരിൽ നടക്കുകയാണ്. 1918 ൽ ചങ്ങനാശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത 'കേരള കത്തോലിക്ക മഹാജന സഭ' എന്ന സംഘടനയാണ് ഇന്ന് കത്തോലിക്ക കോൺഗ്രസ് എന്ന പേരിൽ ശതാബ്ദിയാഘോഷത്തിൽ എത്തിനിൽക്കുന്നത്. കത്തോലിക്ക തിരുസഭയിൽ അത്മായരുടെ ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നിർവചിക്കുന്നുണ്ട്: 'ഭൗതിക ജീവിത സംവിധാനങ്ങളെ ദൈവഹിതമനുസരിച്ച് ക്രമീകരിക്കാനും മെത്രാന്മാരോടും വൈദികരോടും ചേർന്നു നിന്നുകൊണ്ട് ലോകത്തിൽ സുവിശേഷത്തിന്റെ പുളിമാവും ഭൂമിയുടെ ഉപ്പുമായിത്തീരാനുമുള്ളതാണ് അത്മായരുടെ ദൈവവിളി'. ഈ പ്രബോധനം രൂപപ്പെടുന്നതിനും വർഷങ്ങൾക്കുമുമ്പേ നമ്മുടെ സഭയിൽ ആരംഭിച്ച കത്തോലിക്ക കോൺഗ്രസ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത അത്മായ ദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുകയുണ്ടായി.

സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ താൽപ്പര്യങ്ങളുടെ സംരക്ഷണത്തിനും സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി പതിറ്റാണ്ടുകളായി കത്തോലിക്ക കോൺഗ്രസ് നൽകിയ നിസ്തുലമായ സംഭാവനകളെയും ആദ്യകാല നേതാക്കന്മാരെയും നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. സമീപ കാലഘട്ടങ്ങളിൽ പലവിധ കാരണങ്ങളാൽ സംഘടനയുടെ ശക്തി കുറഞ്ഞുവന്ന സാഹചര്യത്തിലാണ് സീറോ മലബാർ മെത്രാൻ സിനഡ് കത്തോലിക്ക കോൺഗ്രസിന്റെ പുതിയ നിയമാവലി അംഗീകരിക്കുകയും അതുവഴി സംഘടനയെ ശക്തിപ്പെടുത്തുന്ന പ്രവർത്ത

ന സംവിധാനം രൂപപ്പെടുത്തുകയും ചെയ്തത്. ഇന്ന് കത്തോലിക്ക കോൺഗ്രസ് അതിന്റെ കഴിഞ്ഞകാല പ്രതാപത്തിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങളുടെ പ്രാധാന്യം അടങ്ങിയിരിക്കുന്നത് ഈ സംഘടനയുടെ ആനുകാലിക പ്രസക്തിയാണ്. ആന്തരികവും ബാഹ്യവുമായ വെല്ലുവിളികൾ ഏതൊരു സമൂഹത്തെയും പോലെ നമ്മുടെ സമുദായത്തിനും എക്കാലവും നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇന്ന് നമ്മുടെ സഭ നേരിടുന്ന വെല്ലുവിളികൾ സജീവ ശ്രദ്ധയും ജാഗ്രതയും ആവശ്യപ്പെടുന്നവയാണ്. സുവിശേഷ സാക്ഷ്യത്തിന്റെ പ്രധാന വേദികളായ വിദ്യാഭ്യാസം, ആതുരസേവനം, രാഷ്ട്രസേവനം എന്നീ മേഖലകളിൽ നമ്മുടെ സമുദായം നൽകിയ അതുല്യ സംഭാവനകൾ തമസ്കരിക്കുകയും, സഭയുടെ സേവനമേഖലകളിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പുതിയ പ്രവണതയെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. മതേതരത്വത്തിന്റെ മഹനീയ ആശയം ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ യഥാർത്ഥ ചൈതന്യവും ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രണ്ടായിരം വർഷങ്ങളായി ഭാരതീയ സംസ്കാരത്തിൽ ഉൾച്ചേർന്ന് ജീവിച്ചവരാണ് ക്രൈസ്തവരെന്ന് നമ്മെത്തന്നെയും മറ്റുള്ളവരെയും ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇത്തരം സാഹചര്യങ്ങളും സമാനമായ മറ്റ് പ്രതിസന്ധികളും വളർന്നുവരുന്ന ഈ സാഹചര്യത്തിൽ ഐക്യത്തോടെ പ്രവർത്തിക്കുക, സംഘടിതമായി പ്രതികരിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടുള്ള ക്രിയാത്മക പ്രതികരണമാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

ഈശോയോടും സഭയോടുമൊത്ത്, സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനും പുരോഗതിയ്ക്കുമായി ഒരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ ഭാരതത്തിലും പീഡിപ്പിക്കപ്പെടുന്ന ക്രൈസതവ സഹോദരങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും, മൗലികാവകാശങ്ങളുടെ നിഷേധത്തിനെതിരെയും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നയങ്ങൾക്കെതിരെയുമുള്ള പ്രതിഷേധം പ്രകടിപ്പിക്കാനുമുള്ള വേദിയാണ് ഈ ഒത്തുചേരൽ. ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കാനും, ഭയം കൂടാതെ ജീവിക്കാനുമുള്ള ഭരണ

ഘടനാവകാശം കാത്തുസൂക്ഷിക്കേണ്ടത്, പൂർവ്വികരോടും വരും തലമുറയോടും നമുക്കുള്ള കടപ്പാടും കടമയുമാണ്. വൈവിധ്യങ്ങളുടെ നടുവിലും, പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും നമ്മൾ ചഞ്ചലചിത്തരല്ലെന്നും എല്ലാറ്റിനെയും അതിജീവിക്കുന്ന കൂട്ടായ്മയും സ്നേഹവും നമുക്ക് സ്വന്തമാണെന്നും തെളിയിക്കാനുള്ള വേദികൂടിയാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

'മതേതരത്വം രാഷ്ട്ര പുരോഗതിക്ക്' എന്നതാണ് ശതാബ്ദിയാഘോഷങ്ങൾക്ക് നമ്മൾ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം. ഈ ആശയമാണ് നമ്മുടെ സമുദായ മഹാസമ്മേളനത്തിനൊരുക്കമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടത്. ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഇടവക, ഫൊറോന, രൂപത തലങ്ങളിൽ ആശയ കൈമാറ്റത്തിനും സമന്വയത്തിനുമുള്ള വേദികൾ ഒരുക്കണം. ഒരു തരത്തിലുമുള്ള വിഭാഗീതയും സമുദായ ഐക്യത്തെ തകർക്കാതിരിക്കാൻ ജാഗരൂകരായിരിക്കണം. കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ആഘോഷം സഭയുടെയും സമുദായത്തിന്റേയും കൂട്ടായ്മ വിളിച്ചോതുന്ന ചരിത്ര മുഹൂർത്തമാക്കി മാറ്റാൻ എല്ലാവരും പരിശ്രമിക്കേണ്ടതുണ്ട്. നമ്മുടെ ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും കത്തോലിക്കാ കോൺഗ്രസ്സ് യോഗങ്ങളിൽ എത്തിച്ചേരേണ്ടതാണ്. ബഹു. വൈദികരും സമർപ്പിതരും അത്മായ നേതാക്കളും ഈ ലക്ഷ്യത്തോടെ വേണം പ്രവർത്തിക്കുവാൻ.


2018 മെയ് 11,12,13,14 തീയ്യതികളിൽ തൃശ്ശൂരിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അത്മായ പ്രതിനിധികൾ പങ്കെടുക്കുന്നു. സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം സഭയിലെ എല്ലാ പിതാക്കന്മാരും സമ്മേളനത്തിൽ അണിചേരുമ്പോൾ ഈ സമ്മേളനം ചരിത്രത്തിൽ ഇടം പിടിക്കുമെന്ന് ഉറപ്പാണ്. മെയ് 11ന് മൺമറഞ്ഞ സമുദായനേതാക്കളുടെ ഛായചിത്രങ്ങൾ തൃശ്ശൂരിലെ സമ്മേളന നഗരിയിലേക്ക് ആഘോഷമായി കൊണ്ടുവരുന്ന ചടങ്ങ് നടക്കുന്നു. മെയ് 12ന് ഗ്ലോബൽ വർക്കിംങ്ങ് കമ്മറ്റി സമ്മേളനവും പതാക ഉയർത്തലുമാണ് പ്രധാന പരിപാടികൾ. മെയ് 13ന് ഒരുലക്ഷം പേർ പങ്കെടുക്കുന്ന റാലിയും സമുദായ മഹാസമ്മേളനവും നടക്കും. മെയ് 14 ന് പ്രതിനിധി സമ്മേളനത്തോടെ ശതാബ്ദിയാഘോഷങ്ങൾക്ക് സമാപനമാകും.

പ്രിയമുള്ളവരേ, നമ്മുടെ വിശ്വാസവും ബോധ്യങ്ങളും മുറുകെ പിടിച്ചുകൊണ്ട്, നീതിക്കും സത്യത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തന നിരതരാകാനുള്ള പ്രതിബദ്ധത നവീകരിക്കുവാൻ

മെയ് 13-ാം തീയതി തൃശ്ശൂരിൽ നടക്കുന്ന മഹാറാലിക്കും സമ്മേളനത്തിനുമായി നമുക്ക് ഒത്തുചേരാം. ഉത്തമ വിശ്വാസികളും ഉത്തമ പൗരരുമായി, തലമുറകളെ പ്രചോദിപ്പിക്കാനുതകുന്ന ജീവിത മാതൃകകളായി നമുക്ക് പ്രവർത്തിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ വി. തോമാശ്ലീഹയുടെ മാതൃകയിൽ കുരിശിന്റെ വഴിയിലൂടെ രക്ഷാകരമായി നമുക്കും സഞ്ചരിക്കാം. അസംഘടിതരും ഭയചകിതരുമായിരുന്ന ആദിമക്രൈസ്തവ സമൂഹത്തെ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തിയതുപോലെ, ഈ കാലഘട്ടത്തിൽ ആത്മാവിന്റെ നവമായ അഭിഷേകം നമ്മെ ശക്തിപ്പെടുത്തട്ടെ. പരിശുദ്ധ അമ്മയുടെ പ്രാർത്ഥന, കൂട്ടായ്മയിൽ നമ്മെ നിലനിർത്തുകയും പ്രതിസന്ധികളിൽ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് ശതാബ്ദിയാഘോഷങ്ങളിലും വലിയ സഹകരണ മനോഭാവത്തോടെ പങ്കുചേരുവാനും എല്ലാവരോടും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. ദൈവമഹത്വത്തിനും സഭയ്ക്കും രാഷ്ട്രത്തിനും സമുദായത്തിനുമായി സംഘടിക്കാം, പ്രബുദ്ധരാകാം, പോരാടാം.

സ്നേഹപൂർവ്വം,

**മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**
ബിഷപ്പ്ലഗേറ്റ്, കത്തോലിക്ക കോൺഗ്രസ്സ്
താമരശ്ശേരി രൂപതയുടെ മെത്രാൻ




## I

## Transfer and Appointments — March 2018

| Very Rev./Rev. Frs | Transferred from | Transferred to |
|---|---|---|
| Karukayil Joseph (Manoj) | Lourdes Public School, Kottayam | Corporate Manager |
| Kottaram Jos P | Manager SB HSS, Changanacherry | Retired, Priests Home, Ithithanam |
| Kudilil James | | Asst. Archivist (addl.) |
| Kunnumpuram Thomas | Laikad | Ettumanoor |
| Kuzhippallil Chacko | | Amboory (Paro. Vicar) |
| Mannarkulam Antony | Mother Teresa Home, Nedumkunnam | Retired, Mother Teresa Home, Nedumkunnam |
| Mudanthangelil Martin | Thottuvathala | Laikad |
| Mulavana Joseph | Manager, SH HSS, Fathimapuram | Relieved |
| Nadamukath Mathew | Corporate Manager HSS Changanacherry | Manager-cum-Bursar, SB |
| Nedumparampil Joseph | | Manager, SH HSS, Fathimapuram (addl.) |
| Paikattumattathil Thomas | Georgian Public School, Edathua | Lourdes Public School, Kottayam |
| Pathalil John | | Thottuvathala (addl.) |
| Pazhayamadam James | | Dir., Mother Teresa Home, Nedumkunnam (addl.) |
| Peelianickal Thomas | Thekkekara St. Sebastian | Relieved |
| Puthenpurackal Thomas (Tomy) | Vadavathoor | Study Leave, Vadavathoor |
| Puthenpurackal Varghese | Ettumanoor | Vadavathoor |
| Thanniyath Thomas (addl.) | | Thekkekara St Sebastian |
| Varuvelil Mathew | Bursar SB HSS, Chry | Relieved |
| Kannappilly Augustine MCBS | Nedumkunnam | Relieved |

## II
## 131-ാമത് അതിരൂപതാ ദിനാചരണം

2018 മെയ് 19 ശനിയാഴ്ച രാവിലെ 9.00 - 1.30 pm വരെ തുരുത്തി മർത്ത്മറിയം ഫൊറോനാ ഇടവകയിൽ നടത്തപ്പെടുന്നു. അന്നേദിവസം മറ്റു പരിപാടികൾ ക്രമീകരിക്കാതിരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധി ക്കേണ്ടതാണ്.

## III
## വൈദികസമ്മേളനം - അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസ മ്മേളനം ഈ വർഷം ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച് നടത്തപ്പെ ടുന്നതാണ്. രാവിലെ 9:45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപ തയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാ ലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടു ക്കേണ്ടതാണ്.

## IV
## Archeparchial Finance Council

Mar Joseph Perumthottam, Metropolitan Archbishop of Changanacherry, constituted the new Archeparchial Finance Council on 16 March 2018 as per the provisions in CCEO can. 263, Particular Law of the Syro-Malabar Church art. 14 and the Archeparchial Statutes. The Members of the Council are Mar Thomas Tharayil, Very Rev. Fr Joseph Mundakatil, Very Rev. Fr James Palackal, Very Rev. Fr Mani Puthiyidam, Very Rev. Fr Philips Wadakekakalm, Very Rev Fr Philip Thayil (ex-officio), Very Rev. Fr Isaac Alencherry, Very Rev Fr Mathew Padinjarekutt, Very Rev. Fr John Manakunnel, Prof. P C Aniyankunju, Prof. Jacob Thomas Thayil, Mr Prem Kuttemperoor, Mr George Varanath, Mr Raju Kannattumadam and Mrs Tessy Sebastian Panamprampil.

## V
## Commission for Revision of Procedures for Financial Administration

Mar Joseph Perumthottam, Metropolitan Archbishop of Changanacherry, constituted an eight-member Commission on 27 March 2018 for the Revision of Procedures for Financial Administration of the Archeparchy of Changanacherry. The following are the members of the Commission: Very Rev. Fr Mathew Changankary (Chairman), Very Rev. Fr Joseph Mundakathil, Very Rev. Fr Philip Thayil, Prof. Simon Thattil, Mr Prem Kuttemperoor, Mr P J Joseph, Mrs. Tessy Sebastian Panamparampil and Mr George Varanath.

## VI

## 2017-2018 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

1. അതിരൂപതയിലെ എല്ലാ പള്ളികളും കണക്കുകൾ സമർപ്പിക്കേണ്ട തീയതികൾ ഇതോട് ചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പള്ളിയിലെ കൈക്കാരന്മാരും കണക്കനും ഈ നിബന്ധനകൾ വായിച്ച് മനസ്സിലാക്കി അവയ്ക്ക് വിധേയമായി കണക്കും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവക പൊതുയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ അതിരൂപതാ കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.
3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി നിയമാനുസൃതം തിരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച് കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം. ഇക്കൊല്ലം വച്ചിരിക്കുന്ന ബജറ്റ് അനുസരിച്ച് പിരിവുകൾ അടയ്ക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.
4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പും നടത്തിയിരിക്കണം.
5. അതിരൂപതാ കച്ചേരിയിൽ നിന്നും അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും അവരുടെ നിയുക്ത ജോലി ഏറ്റെടുക്കുവാൻ പാടുള്ളൂ.
6. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്ത കുരിശുപള്ളികളുടെ കണക്കുകൾ, ഇടവകയിൽ നിന്നും നേരിട്ട് നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള കണക്കുകൾ എന്നിവ പള്ളിയുടെ പൊതുക്കണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റ് ചെയ്തിരിക്കേണ്ടതും പൊതുകണക്കിനൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ കണക്കിന്റെ തുടക്കം മുതൽ 31-3-2018 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനൊപ്പം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 31-3-2018 വരെയുള്ള അവരുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് മേൽപ്പറഞ്ഞ വിധം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
7. ആണ്ടുതിരട്ട് തയ്യാറാക്കുന്നതിനു മുൻപായി രസീതുകൾ, പാസ്സ്

ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷം അവസാനംവരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുകണക്കിന്റെ പേരേടിൽ പള്ളിക്ക് സാമ്പത്തിക വർഷം അവസാനം വരെയുള്ള എല്ലാ കടബാധ്യതകളുടെയും പൂർണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തിബാധ്യതകൾ പൊതുകണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും അതിരൂപത കച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നൽകിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ചുവേണം ഈ വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുവാൻ.

11. അതിരൂപതാ കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുകളിലും, സ്റ്റേറ്റുമെന്റുകളിലും, റിപ്പോർട്ടുകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ കൈയൊപ്പുണ്ടായിരിക്കേണ്ടതാണ്.

12. അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് ഏഴുദിവസം മുമ്പെങ്കിലും ആണ്ടുതിരട്ട് പാസ്സാക്കിയിരിക്കേണ്ടതാണ്.

13. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്തതും സ്വതന്ത്രമായി കണക്ക് സൂക്ഷിക്കുന്നതുമായ എല്ലാ കുരിശുപള്ളികളും ചാപ്പലുകളും അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

14. പ്രത്യേക ആവശ്യങ്ങൾക്കായി പള്ളിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച മുഴുവനും കണക്കിൽ വരവ് വയ്ക്കേണ്ടതും നിയമാനുസൃതമായ തുക (അതായത് താഴെക്കൊടുത്തിരിക്കുന്ന 5 പിരുവുകൾ ഒഴികെ ബാക്കി എല്ലാ പിരിവുകളുടെയും 50%) കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. താഴെ പറയുന്ന 5 പിരിവുകൾ പള്ളിയിൽ വിളിച്ചുപറഞ്ഞു ലഭിക്കുന്ന തുക മുഴുവനും അതിരൂപതാ കച്ചേരിയിൽ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ഇടവകയുടെ ആവശ്യത്തിലേക്ക് ഈ പിരിവുകളിൽ നിന്നും തുക മാറ്റി വയ്ക്കാൻ പാടുള്ളതല്ല എന്നകാര്യം ഓർമിപ്പിക്കുന്നു.

a) ദുഃഖവെള്ളിയാഴ്ച - വിശുദ്ധനാട് സംരക്ഷണത്തിനുവേണ്ടി അയയ്ക്കുവാൻ ഉള്ളത്.

b) മിഷൻ ഞായർ – ഒക്ടോബറിലെ മൂന്നാം ഞായർ (ആഗോള മിഷൻ പ്രവർത്തനങ്ങൾക്കുള്ളത്.)

c) സഭാദിനം (ജൂലൈ 3) (സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയയ്ക്കുവാനുള്ളത്. ഒരു കുടുംബത്തിലെ ഒരംഗത്തിന് രണ്ട് രൂപ എന്ന നിരക്കിൽ അടയ്ക്കണം.)

d) സീറോ മലബാർ മിഷൻ ദിനം – (അതിരൂപത ദത്തെടുത്തിരിക്കുന്ന ജഗദൽപൂർ മിഷന് അയച്ചുകൊടുക്കാനുള്ളത്)

e) കാരിത്താസ് ചങ്ങനാശ്ശേരി (നോമ്പുകാലത്തെ ഒരു ഉപവാസം ദിവസം)

15. അതിരൂപതാ കച്ചേരിയുടെ രേഖാമൂലമുള്ള കൽപ്പന കൂടാതെ അതിമെത്രാസന വിഹിതം ഉൾക്കൊള്ളുന്ന പിരിവുകൾ ഒന്നുംതന്നെ പ്രത്യേകത ആവശ്യങ്ങളിലേക്ക് സംഭാവന എന്ന രീതിയിൽ കണക്കെഴുതുവാൻ പാടുള്ളതല്ല.

16. പള്ളിയുടെ പുനരുദ്ധാരണത്തിനും, പാരിഷ് ഹാൾ, വൈദിക മന്ദിരം മുതലായവ പണിയുന്നതിനും വ്യക്തികളിൽ നിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്കും പ്രത്യേക രസീതു നൽകി ടി വരവ് പ്രത്യേകം പേരേട് നാൾവഴികളിൽ ചേർത്ത് രസീത് സഹിതം ആണ്ടുതിര ട്ടോടുകൂടി പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

17. എല്ലാ പള്ളികളും 2018–2019 സാമ്പത്തികവർഷത്തിലെ ബജറ്റ് തയ്യാറാക്കി പൊതുയോഗം അംഗീകരിച്ച് 2018 ഏപ്രിൽ 30ന് മുമ്പായി അതിരൂപതാ കച്ചേരിയിൽ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണ്.

18. ഏതെങ്കിലും ഇടവകയ്ക്ക് കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ നിശ്ചിത തീയതിക്ക് മുമ്പേ സമർപ്പിക്കണമെങ്കിൽ അതിരൂപതാ അക്കൗണ്ട്സ് ഓഫീസിൽ വിളിച്ചറിയിച്ചശേഷം വരാവുന്നതാണ്. ഫോൺ: 9846479172

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. പൊതുയോഗ, പ്രതിനിധിയോഗ നിശ്ചയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള യോഗപുസ്തകം.
2. പൊതുകണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
3. കൃഷി കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
4. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകൾ ഉണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്
5. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ
6. ബാങ്ക് പാസ്സ്ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ
7. തന്നാണ്ട് പുതുക്കിയ മുറിച്ചാർത്തുകൾ

8. നിത്യകുർബാന, സ്കോളർഷിപ്പ് മുതലായവ എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, തന്നാണ്ട് അതിന്റെ ബാധ്യത നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യം.

9. ആണ്ടുതിരട്ടും ബജറ്റും പാസാക്കിയ പൊതുയോഗ നിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.

10. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണവും.

11. നിയമാനുസൃതം പാസാക്കിയ 2018-2019 വർഷത്തേക്കുള്ള ബജറ്റിന്റെ രണ്ട് കോപ്പികൾ.

12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തന റിപ്പോർട്ട്.

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെ ചേർക്കുന്നു.**

| Name of the Churches | Date |
|---|---|
| Adoor Mar Sleeva | 24-5-2018 |
| Aickarachira St.George | 24-5-2018 |
| Alappuzha Mar Sleeva (F) | 25-5-2018 |
| Amboory St George (F) | 25-5-2018 |
| Anakulam St.Joseph | 28-5-2018 |
| Anchel Mary Matha | 28-5-2018 |
| Arattuvazhy St.Joseph | 29-5-2018 |
| Arpookara Cherupushpam | 29-5-2018 |
| Arpookara St Xavier's (Villoonni) | 30-5-2018 |
| Arumanoor Mangalavartha | 30-5-2018 |
| Aruvikuzhy Lourdes Matha | 01-6-2018 |
| Aryad Little Flower | 01-6-2018 |
| Aryankavu St.Mary's | 04-6-2018 |
| Athirampuzha lisieux | 04-6-2018 |
| Athirampuzha St Mary's (F) | 05-6-2018 |
| Ayarkunnam St.Sebastian | 05-6-2018 |
| Ayoor Chirst The king (F) | 06-6-2018 |
| Ayroor Lourdes Matha | 06-6-2018 |
| Changanacherry Cathetral (F) | 07-6-2018 |
| Champakara St.Joseph | 07-6-2018 |
| Champakulam (Kalloorkad) F. | 07-6-2018 |
| Changankary St.Joseph | 08-6-2018 |
| Chanjody St.Sebastian | 11-6-2018 |
| Charamangalam Lourde Matha | 11-6-2018 |
| Charupara St Mary's | 12-6-2018 |
| Cheepunkal St.Antony's | 12-6-2018 |
| Cheeranchira St.George | 13-6-2018 |

| | |
|---|---|
| Chengannoor Mary Matha | 14-6-2018 |
| Chenkulam  Nithyasahaya Matha | 14-6-2018 |
| Chennamkary St.Joseph | 15-6-2018 |
| Chennamkary Lourdes Matha | 15-6-2018 |
| Cheppumpara Marth Mariam | 16-6-2018 |
| Cheriyavelinalloor St.Sebastian | 16-6-2018 |
| Cherukara St Mary’s | 18-6-2018 |
| Cherukadavu Infant Jesus | 18-6-2018 |
| Cheruvandoor St.Sebastian | 19-6-2018 |
| Chethipuzha Sacred Heart | 19-6-2018 |
| Chunkappara Little Flower | 20-6-2018 |
| Dalummugham St.Mary”s | 20-6-2018 |
| Edappalayam St.George | 21-6-2018 |
| Edathua(Koilmuk) St George (F) | 21-6-2018 |
| Eara Lourds Matha | 22-6-2018 |
| Eravinalloor Assumption | 22-6-2018 |
| Eravuchira St.Mary’s | 25-6-2018 |
| Ettumanoor Christ The King | 25-6-2018 |
| Ezumattoor St Joseph | 26-6-2018 |
| Fathimapuram  Fathima  Matha | 26-6-2018 |
| Ithithanam   St Mary’s | 27-6-2018 |
| Judapuram St. Jude | 27-6-2018 |
| Kadainikadu  St Mary’s | 28-6-2018 |
| Kaduvakulam,Kollad Little Flower | 28-6-2018 |
| Kainady  Our Lady of Dolours | 02-7-2018 |
| Kainakary St. Mary’s | 02-7-2018 |
| Kaithavana  Immac.Heart | 04-7-2018 |
| Kalavoor  St. Thomas | 04-7-2018 |
| Kandamkary  St. Joseph | 05-7-2018 |
| Kannady St. Joseph | 09-7-2018 |
| Kannady St. Rita’s | 06-7-2018 |
| Kanichukulangara St. Antony’s | 06-7-2018 |
| Kanjikuzhy (SL Puram) St. Sebastians | 06-7-2018 |
| Karavaloor Nithya Sahaya Matha | 09-7-2018 |
| Karikkattoor St James | 10-7-2018 |
| Karimpanakulam  S.H | 10-7-2018 |
| Karumady st Nicholas | 11-7-2018 |
| Karuvatta St.Joseph | 11-7-2018 |
| Kattachira  St.Xavier’s | 12-7-2018 |
| Kavalam Lisieux | 12-7-2018 |
| Kavalam St Joseph’s | 13-7-2018 |
| Kavalam St.Theresa’s | 13-7-2018 |
| Kayalpuram  St.Joseph | 16-7-2018 |
| Kayalpuram St.Antony’s | 16-7-2018 |
| Kelamangalam O.L.of Dolours | 17-7-2018 |
| Kidangara St.Gregorios | 17-7-2018 |

| | |
|---|---|
| Kiliroor St.Francis De Sales | 18-7-2018 |
| Kizakemithrakary Holy Family | 18-7-2018 |
| Kizhakkethalackal St Theresa's | 19-7-2018 |
| Kodinattumkunnu St.Sebastian | 19-7-2018 |
| Koduppunna St.Joseph | 20-7-2018 |
| Kollam Thomasleehapally | 20-7-2018 |
| Kollamuttam Fathima Matha | 23-7-2018 |
| Kondackal St.Joseph | 23-7-2018 |
| Kooropada Mar Sleeva | 24-7-2018 |
| Koothrappally St Mary's | 24-7-2018 |
| Kottackapuram St.Mathew's | 25-7-2018 |
| Kottangal St John the Baptist | 25-7-2018 |
| Kottayam Lourdes F | 26-7-2018 |
| Kudamaloor St.Mary's (F) | 26-7-2018 |
| Kulathoor Little Flower | 27-7-2018 |
| Kulathupuzha St Sebastian | 27-7-2018 |
| Kumarakom Navanazareth | 01-8-2018 |
| Kumarakom St John Nepumseanos | 01-8-2018 |
| Kumarankary St. Mary's | 02-8-2018 |
| Kumarapuram St. Mary's | 02-8-2018 |
| Kunnanthanam St. Joseph's | 03-8-2018 |
| Kurichy St Joseph's | 03-8-2018 |
| Kurumpanadom Assumption | 07-8-2018 |
| Kurumpanadom St Antony's (F) | 07-8-2018 |
| Kuttikonam Chirst the king | 08-8-2018 |
| Laikad St Joseph's | 08-8-2018 |
| Madappally Little flower | 09-8-2018 |
| Mahendrapuram St Sebastian | 09-8-2018 |
| Mallappally St Athanasius | 10-8-2018 |
| Mammood Lourdes Matha | 10-8-2018 |
| Mampuzhakary Lourdes Matha | 13-8-2018 |
| Manackachira St Joseph's | 13-8-2018 |
| Manalady St Mary's | 14-8-2018 |
| Manimala Holy Magi (F) | 14-8-2018 |
| Manimala St Basil's | 16-8-2018 |
| Mannanam St Joseph's | 16-8-2018 |
| Mannancherry OLPH St. Mary's | 16-8-2018 |
| Mannanthala Ranigiri | 17-8-2018 |
| Mannarkunnu St Gregorious | 17-8-2018 |
| Mannila Holy family | 20-8-2018 |
| Mayam St Mary's | 20-8-2018 |
| Meenkulam Lourdes Matha | 21-8-2018 |
| Mithrakary St Xavier's | 21-8-2018 |
| Moncompu St Pius | 22-2-2018 |
| Mudiyoorkara Holy Family | 22-8-2018 |
| Muhamma St George | 23-8-2018 |

| | |
|---|---|
| Mundathanam St Antony's | 23-8-2018 |
| Mundupalam St Mary's | 24-8-2018 |
| Muttar St George | 27-8-2018 |
| Muttar St Thomas | 27-8-2018 |
| Nalpathimala St Thomas | 28-8-2018 |
| Narbonapuram St Sebastian | 28-8-2018 |
| Narikkallu St Mary's | 29-8-2018 |
| Nazareth St Jerome | 29-8-2018 |
| Nedumanny Fathima Matha | 03-9-2018 |
| Nedumkunnam St John the Baptist (F) | 03-9-2018 |
| Nirmalapuram St Mary's | 04-9-2018 |
| Pacha-chekidikad Lourdes Matha | 04-9-2018 |
| Pachakadu S.H | 05-9-2018 |
| Padaharam St Joseph | 05-9-2018 |
| Paipad Lourdes Matha | 06-9-2018 |
| Paipad St Thomas (Nalukody) | 06-9-2018 |
| Pallathuruthy St Thomas | 07-9-2018 |
| Pallikkoottumma Fathima Matha | 07-9-2018 |
| Pallikunnu St Thomas | 10-9-2018 |
| Palode St Thomas | 10-9-2018 |
| Pampady Deva Matha | 11-9-2018 |
| Panayampala St Sebastian | 11-9-2018 |
| Pandy Fathima Matha | 12-9-2018 |
| Pangada Sacred Heart | 12-9-2018 |
| Paral St Antony's | 13-9-2018 |
| Parampuzha Bethlehem | 13-9-2018 |
| Parel St Mary's | 14-9-2018 |
| Payattupakka Holy Family | 14-9-2018 |
| Pazhayroor St. Thomas | 17-9-2018 |
| Peroorkada Lourdes Hill | 17-9-2018 |
| Perumkavu St Thomas | 18-9-2018 |
| Perunna East | 18-9-2018 |
| Philgiri St Joseph | 20-9-2018 |
| Podippara Holy Family | 20-9-2018 |
| Ponga Mar Sleeva | 21-9-2018 |
| Poonthope St Francis | 21-9-2018 |
| Pulickakavala St. Mary's | 24-9-2018 |
| Pulincunnoo St.Mary's (F) | 24-9-2018 |
| Pullangady Holy Family | 25-9-2018 |
| Punalur S.H | 25-9-2018 |
| Punnamada St Mary's | 26-9-2018 |
| Punnapra St Gregory's | 26-9-2018 |
| Punnathura St Thomas | 27-9-2018 |
| Punnavely Little flower | 27-9-2018 |
| Purackadu Holy cross | 28-9-2018 |
| Pushpagiri St. Joseph's | 28-9-2018 |

| | |
|---|---|
| Puthenangady St George's | 01-10-2018 |
| Puthukary St Xavier's | 01-10-2018 |
| Puthuppally St Antony's | 03-10-2018 |
| Puthussery Lourdes Matha | 03-10-2018 |
| Puzhavathu St Thomas | 04-10-2018 |
| Rajagiri Christ the king | 04-10-2018 |
| Rajamattam Sacred Heart | 05-10-2018 |
| Rajakoope Holy Cross | 08-10-2018 |
| Ramankary St Joseph | 08-10-2018 |
| Sreekaryam, Emmaus St Joseph's | 09-10-2018 |
| Thadiyoor St Antony's | 09-10-2018 |
| Thakazhy St Rita's | 10-10-2018 |
| Thathampally St Michael's | 10-10-2018 |
| Thayamkary St Antony's | 11-10-2018 |
| Thazathuvadakara Lourdes Matha | 11-10-2018 |
| Thazhathangady S.H | 12-10-2018 |
| Punnakunnathusserry St.Joseph's | 12-10-2018 |
| Thekkekara St John | 15-10-2018 |
| Thekkekara St Sebastian | 15-10-2018 |
| Thekkeputhukary St Joseph | 16-10-2018 |
| Thekkupara St Mary's | 16-10-2018 |
| Thirumala Holy family | 17-10-2018 |
| Thiruvalla St Antony's | 17-10-2018 |
| Thiruvananthapuram Lourdes (F) | 18-10-2018 |
| Thottackad St George | 18-10-2018 |
| Thottuvathala S.H | 19-10-2018 |
| Thrikodithanam St xavier's (F) | 19-10-2018 |
| Thuruthy Marth Mariam (F) | 22-10-2018 |
| Vadakke amichakari St George | 22-10-2018 |
| Vadakkekara St Mary's | 23-10-2018 |
| Vadavathoor St Thomas | 23-10-2018 |
| Vaipur St Joseph's | 24-10-2018 |
| Vaipur St Mary's Old | 24-10-2018 |
| Vaipur Vettikkapurayidam St.Sebastians | 25-10-2018 |
| Vaisyambhagam St Antony's | 25-10-2018 |
| Vallamchira St Mary's | 26-10-2018 |
| Vattiyoorkavu SFS | 26-10-2018 |
| Vavode Sacred Heart | 29-10-2018 |
| Vazhappally West St Mary's | 29-10-2018 |
| Veliyanad South St Xavier's | 01-11-2018 |
| Veliyanad North St Gregory's | 01-11-2018 |
| Veliyanad St Joseph | 02-11-2018 |
| Venchempu St George | 02-11-2018 |
| Veroor St Joseph | 05-11-2018 |
| Vettimukal St Mary's | 05-11-2018 |

| | |
|---|---|
| Vettithuruth  St Antony’s | 06-11-2018 |
| Vezhapra St Paul | 06-11-2018 |
| Vithura all  Saint’s | 07-11-2018 |
| Vizhinjam  St Peter’s | 07-11-2018 |
| Ambalapuzha St. Mary’s | 08-11-2018 |
| Anicadu St. Antony’s | 08-11-2018 |
| Attingal St Jude | 09-11-2018 |
| Kannammoola Bl. Mother Teresa Centre | 09-11-2018 |
| Karyavattam St Joseph’s | 12-11-2018 |
| Kottarakkara St Thomas | 12-11-2018 |
| Kumaranalloor St. Thomas | 13-11-2018 |
| Kudamam St Thomas | 13-11-2018 |
| Kutchapuram St  Joseph’s | 14-11-2018 |
| Kuttara St. Gerald | 14-11-2018 |
| Nedumon St Mary’s | 15-11-2018 |
| Niranam Thomasleeha Centre | 15-11-2018 |
| Pandhalam Danhatally | 16-11-2018 |
| Parathy St. Alphonsa | 16-11-2018 |
| Pathanapuram Mar Aprem | 19-11-2018 |
| Thiruvallam Sacred Heart | 19-11-2018 |
| Valikode St George | 20-11-2018 |
| Vimalagiri Queen’s Virgins | 20-11-2018 |
| Mariyapuram Mary Matha | 21-11-2018 |
| Mavelikara St. Alphonsa | 21-11-2018 |
| Pandankary St Pious X | 22-11-2018 |
| Pongamoodu St. Alphonsa | 22-11-2018 |

## ഡിപ്ലോമ കോഴ്സ് - രണ്ടാം ബാച്ച്

മാർ അപ്രേം റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ ബൈബിൾ കോഴ്സ് നടത്തുന്നു. ആദ്യബാച്ചിൽ 27 പേർ പഠനം പൂർത്തിയാക്കി. രണ്ടാം ബാച്ച് ഏപ്രിൽ മാസം 12-ാം തീയതി ആരംഭിക്കുന്നു. എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.30 വരെയാണ് ക്ലാസ്. വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന ടെലിഫോൺ നമ്പറുകളിൽ  ബന്ധപ്പെടുക.

മാർത്തോമ്മാ വിദ്യാനികേതൻ : 0481-2421891
ഫാ. തോമസ് പാടിയത്ത് : 944 620 1820

# പഞ്ചവത്സര അജപാലനപദ്ധതി

സ്നേഹമുള്ളവരേ,

നമ്മുടെ അതിരൂപതയിൽ പഞ്ചവത്സര അജപാലനപദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. ജനുവരി 27-ാം തീയതി നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അജപാലനപദ്ധതി മാർഗ്ഗരേഖ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. മാർഗ്ഗരേഖ തയ്യാറാക്കുന്നതിന്റെ പിന്നിൽ അദ്ധ്വാനിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. മാർഗ്ഗരേഖ എല്ലാ ഇടവകകളിലും ലഭിച്ചു എന്ന് കരുതുന്നു. ബഹു. വൈദികർ, മദർ സുപ്പീരിയർ, കുടുംബകൂട്ടായ്മ ജനറൽ കൺവീനർ, പാരീഷ് സെക്രട്ടറി എന്നിവർക്ക് അത് ലഭ്യമാക്കേണ്ടതാണ്. കൂടുതൽ ആവശ്യമെങ്കിൽ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ.

പഞ്ചവത്സര പദ്ധതിക്ക് ആത്മീയ ഉണർവ് ലഭിക്കുന്നതിനായി നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഒരുക്കധ്യാനം ആരംഭിച്ചു കഴിഞ്ഞു. അതിന് നേതൃത്വം കൊടുക്കുന്ന എല്ലാ വൈദികരെയും, സിസ്റ്റേഴ്സിനെയും, അൽമായരെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. ഏപ്രിൽമാസംതന്നെ ഈ ധ്യാനം സമാപിപ്പിക്കുവാൻ ഓരോ ഫൊറോനായിലെയും കോർഡിനേറ്റർ ശ്രദ്ധിക്കേണ്ടതാണ്.

ആരാധനക്രമവത്സരത്തിലെ ഓരോ കാലത്തിന്റെയും ചൈതന്യത്തോട് ചേർന്ന് നിൽക്കുന്ന അജപാലന ശുശ്രൂഷക്ക് ഊന്നൽ നൽകിയാണ് പഞ്ചവത്സര അജപാലനപദ്ധതിയുടെ ക്രമീകരണം ഇടവകകളിലും, സ്ഥാപനങ്ങളിലും നാം നടത്തേണ്ടത്. അതിന് സഹായകമായ പ്രായോഗിക നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്നത് ഏവരും ശ്രദ്ധിക്കുമല്ലോ. (മാർഗ്ഗരേഖ പേജ് നമ്പർ 11) ഉയിർപ്പുകാലത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുന്നു. ഈ കാലത്തിൽ കൂടുതൽ ഊന്നൽ നൽകേണ്ടത് ദൈവാരാധനയ്ക്കാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. മംഗളവാർത്താക്കാലം മുതൽ നോമ്പുകാലംവരെയുള്ള പ്രായോഗിക നിർദ്ദേശങ്ങളും (മാർഗ്ഗരേഖ പേജ് നമ്പർ 9 – 10) ശ്രദ്ധയിൽ കൊണ്ടുവരുന്നത് നല്ലതാണ്.

പഞ്ചവത്സര അജപാലനപദ്ധതിയുടെ വിജയത്തിനായി നമ്മുടെ അതിരൂപയിലെ സമർപ്പിത സന്യാസസമൂഹങ്ങൾ ഓരോ ഇടവകയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്ന (ഒരു ഇടവകയ്ക്കുവേണ്ടി ഒരു കോൺവെന്റ് എന്ന രീതിയിൽ) കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. അതിന്റെ ലിസ്റ്റ് വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്.

**താഴെപ്പറയുന്ന കാര്യങ്ങളിൽ വികാരിയച്ചന്മാർ ശ്രദ്ധ ചെലുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.**

1. അജപാലനപദ്ധതിയുടെ നടത്തിപ്പിനും വിലയിരുത്തലിനുമായി പ്രത്യേക സമിതികൾ ഓരോ ഇടവകയിലും ഉണ്ടാവണം (നിലവിൽ ഉള്ളതും ആകാം).

2. ഈ സമിതി അജപാലന മാർഗ്ഗരേഖ ചർച്ച ചെയ്യുകയും ഇടവകയ്ക്കുവേണ്ടി അടുത്ത 5 വർഷത്തേയ്ക്കുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

3. കർമ്മപരിപാടികൾ സമയക്രമമനുസരിച്ച് രേഖപ്പെടുത്തുന്നതിന് ഓരോ ഇടവകയിലും ഒരു രജിസ്റ്റർ (നാളാഗമം) സൂക്ഷിക്കേണ്ടതാണ്.

**പഞ്ചവത്സര കർമ്മപരിപാടികളുടെ ഭാഗമായി ഇതിനോടകം ധ്യാനങ്ങൾ നടത്തപ്പെട്ട ഇടവകകൾ**

| | |
|---|---|
| സെന്റ് തെരേസാസ് കാവാലം | - ഫെബ്രു. 1 |
| സെന്റ് ജോസഫ്സ് കായൽപ്പുറം | - ഫെബ്രു. 16,17 |
| ക്രിസ്തുരാജ് ആയൂർ | - ഫെബ്രു. 18 |
| ഹോളിഫാമിലി പൊടിപ്പാറ | - ഫെബ്രു. 21, 22 |
| സെന്റ് സെബാസ്റ്റ്യൻസ് കുളത്തുപ്പുഴ | - ഫെബ്രു. 22 |
| സെന്റ്. ജോർജ്ജ് ഇടപ്പാളയം | - ഫെബ്രു. 22 |
| സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം | - ഫെബ്രു. 22,23,24 |
| ലിറ്റിൽഫ്ളവർ ആര്യാട് | - ഫെബ്രു. 23,24 |
| സെന്റ് മേരീസ് മണ്ണഞ്ചേരി | - ഫെബ്രു. 23,24 |
| ഹോളി ക്രോസ് പുറക്കാട് | - ഫെബ്രു. 23,24 |
| സെന്റ് മേരീസ് നെടുമണ്ണിൽ | - ഫെബ്രു. 25 |
| സെന്റ് മേരീസ് വടക്കേക്കര | - ഫെബ്രു. 25,26 |
| ഫാത്തിമാമാതാ ഫാത്തിമാപുരം | - മാർച്ച് 1,2,3 |
| സെന്റ് തോമസ് പള്ളാത്തുരുത്തി | - മാർച്ച് 1 |
| സെന്റ് ജോർജ്ജ് ചീരംചിറ | - മാർച്ച് 2 |
| സെന്റ് അൽഫോൻസാ ചാത്തനാട് | - മാർച്ച് 2,3 |
| സെന്റ് മേരീസ് പുന്നമട | - മാർച്ച് 3 |
| സെന്റ് മേരീസ് വായ്പ്പൂർ | - മാർച്ച് 1,2,3 |
| ഹോളിഫാമിലി പയറ്റുപാക്ക | - മാർച്ച് 3 |
| സെന്റ് മേരീസ് നരിക്കല്ല് | - മാർച്ച് 3 |
| ഹോളിഫാമിലി മാന്നില | - മാർച്ച് 4,5 |
| സെന്റ് ജോർജ്ജ് വെഞ്ചെമ്പ് | - മാർച്ച് 4 |
| ദനഹാ മിഷൻ പന്തളം | - മാർച്ച് 4 |
| സെന്റ് മേരീസ് കൈനടി | - മാർച്ച് 5,6 |
| സെന്റ് ആന്റെണീസ് പെരുന്ന | - മാർച്ച് 5,6 |
| സെന്റ് ജോസഫ്സ് കുറിച്ചി | - മാർച്ച് 6,7 |
| എസ്. എച്ച് . തിരുവല്ലം | - മാർച്ച് 9,10 |
| സെന്റ് ജോസഫ്സ് കുന്താനം | - മാർച്ച് 9,10,11 |
| സെന്റ് ആന്റെണീസ് വെട്ടിത്തുരുത്ത് | - മാർച്ച് 9 |
| സെന്റ് റീത്താസ് തകഴി | - മാർച്ച് 9 |
| സെന്റ് മേരീസ് കത്തിഡ്രൽ | - മാർച്ച് 9 |
| സെന്റ് തോമസ് പുഴവാത് | - മാർച്ച് 9 |
| സെന്റ് തോമസ് മുട്ടാർ | - മാർച്ച് 9 |

| | | |
|---|---|---|
| സെന്റ് തോമസ് നാലുകോടി | - | മാർച്ച് 9,10,11 |
| സെന്റ് ജോസഫ്സ് എഴുമറ്റൂർ | - | മാർച്ച് 9,10 |
| സെന്റ് മേരീസ് ഇത്തിത്താനം | - | മാർച്ച് 9 |
| എസ്. എച്ച്. ചെത്തിപ്പുഴ | - | മാർച്ച് 10,11 |
| സെന്റ് ജോസഫ്സ് ളായിക്കാട് | - | മാർച്ച് 12 |
| മാർ സ്ലീവാ, പഴവങ്ങാടി | - | മാർച്ച് 10,11 |
| ഇമാക്കുലെറ്റ് ഹാർട്ട്, കൈതവന | - | മാർച്ച് 10,11 |
| സെന്റ് സേവ്യേഴ്സ് കട്ടച്ചിറ | - | മാർച്ച് 11 |
| സെന്റ് തോമസ് പള്ളിക്കൂട്ടുമ്മ | - | മാർച്ച് 9,10 |
| സെന്റ് മേരീസ് അമ്പലപ്പുഴ | - | മാർച്ച് 11 |
| സെന്റ്ജോസഫ്സ് കരുവാറ്റാ | - | മാർച്ച് 11 |
| സെന്റ് ജോസഫ്സ് കോയിൽമുക്ക് | - | മാർച്ച് 10 |
| വിമല ആശ്രമം മുട്ടാർ | - | മാർച്ച് 11 |
| സെന്റ് മേരീസ് അര്യങ്കാവ് | - | മാർച്ച് 10 |
| കൊട്ടാരക്കര മിഷൻ | - | മാർച്ച് 11 |
| ഫാത്തിമാ മാതാ വള്ളംചിറ | - | മാർച്ച് 15 |
| സെന്റ് മേരീസ് അര്യങ്കാവ് | - | മാർച്ച് 10 |
| ലൂർദ്ദ് ഫൊറോന തിരുവനന്തപുരം | - | മാർച്ച് 10 |
| എസ്.എഫ്.എസ്. വ ിയൂർക്കാവ് | - | മാർച്ച് 10,11 |
| ഓൾ സെയിൻസ് വിതുര | - | മാർച്ച് 11 |
| എസ്.എച്ച്. തിരുവല്ലം | - | മാർച്ച് 9,10 |
| മേരിമാതാ ചെങ്ങൂർ | - | മാർച്ച് 11 |
| ലൂർദ്ദ് മാതാ മാമ്പുഴക്കരി | - | മാർച്ച് 12,13 |
| സെന്റ് മേരീസ് മണലാടി | - | മാർച്ച് 12,13 |
| സെന്റ് സെബാസ്റ്റ്യൻസ് മഹേന്ദ്രപുരം | - | മാർച്ച് 12,13 |
| സെന്റ് ആന്റെണീസ് മു ത്താനം | - | മാർച്ച് 10,11 |
| സെന്റ് ഗ്രിഗോറിയസ് കിടങ്ങറ | - | മാർച്ച് 20,21 |
| സെന്റ് മേരീസ് കുമരങ്കരി | - | മാർച്ച് 18,19,20 |
| സെന്റ് മേരീസ് കുമരങ്കരി | - | മാർച്ച് 18,19,20 |
| സെന്റ്മേരീസ് പാറേൽ | - | മാർച്ച് 25 |
| സെന്റ് ജൊസഫ്സ് വെരൂർ | - | മാർച്ച് 20,21 |
| സെന്റ് ആന്റെണീസ് പറാൽ | - | മാർച്ച് 24 |
| സെന്റ് മേരിസ് വാഴപ്പള്ളി | - | മാർച്ച് 17 |
| സെന്റ് ജൊസഫ്സ് ആറാട്ടുവഴി | - | മാർച്ച് 16,17 |
| ലുർദ്ദ്മാതാ ചാരമംഗലം | - | മാർച്ച് 24,25 |
| സെന്റ് മേരിസ് കൈനകരി | - | മാർച്ച് 26,27 |
| അറുനുറ്റിൻപാടം കൈനകരി | - | മാർച്ച് 23,24 |
| സെന്റ് ജോർജ്ജ് മുഹമ്മ | - | മാർച്ച് 24,25 |
| സെന്റ് ഫ്രോൻസിസ് അസ്സിസി പുന്തോപ്പ് | - | മാർച്ച് 16,17 |
| സെന്റ് ഗ്രിഗോറിയസ് പുപ്ര | - | മാർച്ച് 24,25 |
| സെന്റ് ജോർജ്ജ് പുത്തനങ്ങാടി | - | മാർച്ച് 26,27 |

| | | |
|---|---|---|
| സെന്റ് സെബാസ്റ്റ്യൻസ് എസ്. എൽ പുരം | - | മാർച്ച് 26,27 |
| സെന്റ് ആന്റെണീസ് പാദുവാപുരം | - | മാർച്ച് 26,27 |
| സെന്റ് തോമസ് കലവൂർ | - | മാർച്ച് 16,17, |
| സെന്റ് ജൊസഫ്സ് പാണ്ടിശ്ശേരി | - | മാർച്ച് 20,21 |
| ക്രൈസ്റ്റ് ദ കിംഗ് രാജഗിരി | - | മാർച്ച് 14,15 |
| സെന്റ് മേരിസ് തേക്കുപാറ | - | മാർച്ച് 16,17 |
| സെന്റ് മേരിസ് അതിരമ്പുഴ | - | മാർച്ച് 24 |
| ലിസ്യു അതിരമ്പുഴ | - | മാർച്ച് 15 |
| സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ | - | മാർച്ച് 24 |
| ക്രൈസ്റ്റ് ദ കിംഗ് ഏറ്റുമാനൂർ | - | മാർച്ച് 14,15 |
| സെന്റ് മാത്യൂസ് കോട്ടയ്ക്കുപുറം | - | മാർച്ച് 17,18 |
| സെന്റ് ഗ്രിഗോറിയസ് മണ്ണാർകു് | - | മാർച്ച് 25 |
| സെൻ. തോമസ് നാൽപ്പാത്തിമല | - | മാർച്ച് 21,22 |
| സെന്റ് മേരിസ് വെട്ടിമുകൾ | - | മാർച്ച് 15,16 |
| സെന്റ് മേരിസ് ബസലീക്കാ ചമ്പക്കുളം | - | 18 |
| ലൂർദ്ദ് മാതാ മാമ്പുഴക്കരി | - | മാർച്ച് 12,13 |
| ലൂർദ്ദ് മാതാ ചെങ്കരി | - | മാർച്ച് 28 |
| ഹോളി ഫാമിലി പുല്ലങ്ങടി | - | 19 |
| മാർ സ്ലീവാ പൊങ്ങ | - | മാർച്ച് 24 |
| ഗാഗുൽത്താ അശ്രമം | - | മാർച്ച് 23 |
| സെന്റ് ജോസ് തെക്കേക്കര | - | മാർച്ച് 26 |
| സെന്റ് മേരിസ് കടമാളൂർ | - | മാർച്ച് 20 |
| സെന്റ് ജോസ് കുമരകം വടക്കുംകര | - | മാർച്ച് 21 |
| സെന്റ് ജോർജ്ജ് എടത്വാ | - | മാർച്ച് 23 |
| സെന്റ് നിക്കൊളാസ് കരുമാടി | - | മാർച്ച് 23 |
| സെന്റ് മേരിസ് കോളമംഗലം | - | മാർച്ച 18 |
| ഹോളി ഫാമിലി ഈസ്റ്റ് മിത്രക്കരി | - | മാർച്ച് 23 |
| സെന്റ് ജൊസഫ്സ് കൊടുപ്പുന | - | മാർച്ച് 27 |
| സെന്റ് അൽഫോൻസാ മാവേലിക്കര | - | മാർച്ച് 23 |
| സെന്റ് ജോർജ്ജ് മുട്ടാർ | - | മാർച്ച് 17 |
| ലൂർദ്ദ് മാതാ പച്ച | - | മാർച്ച് 18 |
| ഫാത്തിമാ മാത് പാണ്ടി | - | മാർച്ച് 26 |
| സെന്റ് സേവ്യേഴ്സ് പുതുക്കരി | - | മാർച്ച് 16 |
| സെന്റ് ആന്റെണീസ് തായംകരി | - | മാർച്ച് 17 |
| സെന്റ് ജൊസഫ്സ് ചങ്ങങ്കരി | - | മാർച്ച് 16 |
| മേരിമാതാ മരിയാപുരം | - | മാർച്ച് 22 |

എന്ന്,

**ഫാ. ജെയിംസ് പാലയ്ക്കൽ**
*(കോർഡിനേറ്റർ, പഞ്ചവത്സര അജപാലനപദ്ധതി)*

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**ദയാവധം നിയമവിധേയമാക്കുന്നതിൽ പ്രതിഷേധിച്ചു**

ദയാവധത്തിന് ഉപാധികളോടെ അനുമതി നൽകുന്ന സുപ്രീം കോടതി വിധി മനുഷ്യ മാഹാത്മ്യത്തിന് എതിരാണെന്നും അത്യന്തം പ്രതിഷേധാർഹമാണെന്നും അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി പ്രതികരിച്ചു. മനുഷ്യജീവൻ അതിന്റെ ഏതവസ്ഥയിലും സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉപാധികളോടെ ജീവനെടുക്കുവാൻ സ്വാതന്ത്ര്യം നൽകുന്നത് മനുഷ്യാവകാശങ്ങളുടെ ദുർവ്യാഖ്യനമാണെന്നും സമിതി അഭിപ്രായപ്പെട്ടു. രോഗാവസ്ഥയിലുള്ള ആളുകളുടെ ജീവൻ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തണമന്ന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടു.

**വടക്കേക്കര പള്ളിയിൽ ജാഗ്രതാ സായാഹ്നം**

അതിരൂപതാ പി.ആർ.–ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ 2018 മാർച്ച് 11 –ാം തീയതി വടക്കേക്കര സെന്റ് മേരീസ് പള്ളിയിൽ ജാഗ്രതാ സായാഹ്നം സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു കളത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വികാരി ജനറാൾ റവ. ഡോ. ഫിലിപ്സ് വടക്കേക്കളം ഉദ്ഘാടനം ചെയ്തു. കാലികപ്രസക്തിയുള്ള വിഷയങ്ങൾ സംബന്ധിച്ച് അഡ്വ. ജോജി ചിറയിൽ, ഫാ. ആന്റണി തലച്ചല്ലൂർ, അഡ്വ. ജോർജ്ജ് വർഗീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. പരിപാടിയുടെ ഭാഗമായി പൊതുചർച്ചയും ചോദ്യോത്തരവേളയും ക്രമീകരിച്ചിരുന്നു.

**മറ്റ് പ്രതികരണങ്ങൾ**

ഇറാഖിലെ മൊസൂളിൽ നിന്നും ഐ.എസ്സ്. ഭീകരർ തട്ടികൊണ്ടുപോയ 49 ഇന്ത്യാക്കാർ കൊലചെയ്യപ്പെട്ടുവെന്ന വിവരം മറച്ചുവെയ്ക്കുകയും, അവരുടെ മരണം സ്ഥിരീകരിക്കുന്നതിനും ഭൗതീകശരീരം നാട്ടിലെത്തിക്കുന്നതിനും കാലതാമസം വരുത്തുകയും ചെയ്ത കേന്ദ്രഗവൺമെന്റ് നിലപാടിനെതിരെ പ്രതികരിച്ചു. സ്വാശ്രയസ്ഥാപനങ്ങളിൽ സംഘടനാ പ്രവർത്തനം അനുവദിക്കുവാൻ നിയമനിർമ്മാണം നടത്തണമെന്ന ജസ്റ്റീസ് ദിനേശൻ കമ്മീഷന്റെ ശുപാർശയ്ക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തുകയും ഈ ശുപാർശ തള്ളിക്കളയണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ–ഓർഡിനേറ്റർ

# XIV PASTORAL COUNCIL
## ARCHEPARCHY OF CHANGANACHERRY

**അതിരൂപതയിലെ ഏറ്റവും മികച്ച പ്രതിനിധിയോഗത്തിനുള്ള**
**പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ**

## ഗോൾഡൻ ജൂബിലി പ്രൈസ്

പ്രിയ വൈദികരേ, കൈക്കാരന്മാരേ, പ്രതിനിധിയോഗാംഗങ്ങളേ,

എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ നേരുന്നു.

നമ്മുടെ അതിരൂപതയിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്രതിനിധിയോഗത്തിന് മെയ് 19 ന് നടക്കുന്ന അതിരൂപതാദിനത്തിൽ "പാസ്റ്ററൽ കൗൺസിൽ-പ്രസ്ബിറ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ് നൽകുന്ന വിവരം അറിഞ്ഞുകാണുമല്ലോ. ഇടവകയിലെ ദൈവജന കൂട്ടായ്മയുടെ പ്രകാശനമാണ് പള്ളിയോഗം. ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വാഹണത്തിലും സാമ്പത്തികകാര്യങ്ങളുടെ നടത്തിപ്പിലും ഇടവക വികാരിയോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്നതിന് പ്രതിനിധി യോഗങ്ങളെ ശക്തമാക്കുകയെന്നതാണ് ജൂബിലി പ്രൈസ് ഏർപ്പെടുത്തിയതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ എല്ലാ ഇടവകകളും ഇതിൽ പങ്കാളികളാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും ഇതിന് മുൻകൈയെടുക്കുമല്ലോ.

സ്നേഹപൂർവ്വം,

**ബിഷപ്പ് തോമസ് തറയിൽ**

### ഗോൾഡൻ ജൂബിലി പ്രൈസ്

മികച്ച പ്രതിനിധിയോഗത്തിനുള്ള ജൂബിലി പ്രൈസിനായി അപേക്ഷിക്കുന്ന ഇടവകകൾ 2018 ഫെബ്രുവരി മാസത്തെ മദ്ധ്യസ്ഥനിൽ (പേജ് 28-29) നൽകിയിരിക്കുന്ന മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ ഏപ്രിൽ 15 നു മുമ്പായി ലഭിക്കത്തവിധത്തിൽ അയയ്ക്കുക.

വിലാസം: റവ. ഡോ. ഐസക് ആലഞ്ചേരി, ചാൻസലർ, ആർച്ച് ബിഷപ്സ് ഹൗസ്, പി. ബി. നമ്പർ 20, ചങ്ങനാശ്ശേരി - 686101.

അപേക്ഷാഫോറം അതിരൂപതാ വെബ് സൈറ്റിലും (www.archdiocesechanganacherry.org) ലഭ്യമാണ്.

### പാസ്റ്ററൽ കൗൺസിൽ സമ്മേളനവും 'സുവർണ്ണരേഖ' പ്രകാശനവും

പാസ്റ്ററൽ കൗൺസിൽ സമ്മേളനം 2018 ഏപ്രിൽ 28-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ ജൂബിലി സെമിനാർ ഹാളിൽവച്ച് നടത്തുന്നതാണ്. തദവസരത്തിൽ പാസ്റ്ററൽ കൗൺസിലിന്റെ 50 വർഷത്തെ ചരിത്രം അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ഡോക്യുമെന്ററി - 'സുവർണ്ണരേഖ'യുടെ പ്രകാശനവും ഉണ്ടായിരിക്കും.

എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

# സന്ദേശനിലയം

പ്രിയമുള്ളവരേ,

ഉയിർപ്പുതിരുനാളിന്റെ ആനന്ദനിറവിൽ വിശ്വാസോത്സവത്തിന്റെ പുണ്യ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 'റൂഹാദ്ക്കുദ്ശാ' ആണ് ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ കേന്ദ്രവിഷയം. കുട്ടികളിൽ മിശിഹായെ രൂപപ്പെടുത്തുന്ന വിശ്വാസപരിശീലന പ്രക്രിയയിൽ റൂഹായുടെ സാന്നിദ്ധ്യവും ശക്തിയും അനുഭവിക്കാനും സഭാത്മക ജീവിതശൈലി സ്വന്തമാക്കാനും ഈ 10 പുണ്യദിനങ്ങൾ ഇടയാകട്ടെ. ഫൊറോനകളിൽ നടന്ന അധ്യാപകർക്കുള്ള വിശ്വാസോത്സവ പരിശീലനത്തിൽ കണ്ട വർദ്ധിച്ച അദ്ധ്യാപക പങ്കാളിത്തം വിശ്വാസപരിശീലനത്തിൽ വിശ്വാസോത്സവത്തിനുള്ള പ്രാധാന്യത്തെ അരക്കിട്ടുറപ്പിക്കുന്നതായിരുന്നു. വിശ്വാസോത്സവ പരിശീലക ടീമിന് നന്ദിയും അഭിനന്ദനങ്ങളും. ഇടവകയിലെ വിശ്വാസപരിശീലനപരിപാടികൾ അതിരൂപതാ പഞ്ചവത്സരപദ്ധതിയോട് ചേർന്ന് ആസൂത്രണം ചെയ്യുവാൻ പരിശ്രമിക്കുമല്ലോ.

വിശ്വാസോത്സവം, ദൈവവിളി സെമിനാർ, നവോദയ ക്യാമ്പ്, Salt & Light follow up, CLT Out reach Programme, Headmasters Retreat & Orientation Programme തുടങ്ങിയ പരിപാടികളിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വരും വർഷത്തെ പ്രവർത്തനങ്ങൾക്കൊരുക്കമായി ഫൊറോനതല സമിതിയും അതിരൂപതാ ടീമും സംയുക്തമായുള്ള CFC മീറ്റിംഗുകൾ ഏപ്രിൽ 21 മുതൽ ആരംഭിക്കുന്നു. സമ്മേളനങ്ങളുടെ സമയക്രമം ഫൊറോന കേന്ദ്രങ്ങളിൽ അറിയിക്കുന്നതാണ്.

ഉയിർപ്പു തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ട്,

**ജോബിയച്ചൻ**
**ജോസിയച്ചൻ**

**2018 ഏപ്രിൽ**

| | | |
|---|---|---|
| 1 ഞായർ | : | ഉയിർപ്പുതിരുനാൾ |
| 2 തിങ്കൾ | : | വിശ്വാസോത്സവ ആരംഭം (വിശ്വാസോത്സവം ഏപ്രിൽ 2 മുതൽ 15 വരെ ദിവസങ്ങളിൽ ഏതെങ്കിലും പത്തു ദിവസം ക്രമീകരിക്കുക) |
| 6 വെള്ളി | : | ഉയിർപ്പ് ഒന്നാം വെള്ളി, സകലവിശുദ്ധരുടെയും തിരുനാൾ |
| 8 ഞായർ | : | ഉയിർപ്പ് രണ്ടാം ഞായർ, പുതു ഞായർ |
| 15 ഞായർ | : | ഉയിർപ്പ് മൂന്നാം ഞായർ |
| 17 ചൊവ്വ | : | നവോദയ സൈനിക സ്കൂൾ കുട്ടികളുടെ വിശ്വാസപരിശീലന ക്യാമ്പ് (17, 18, 19 തീയതികളിൽ) |
| 21 ശനി | : | അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ |
| 22 ഞായർ | : | ഉയിർപ്പ് നാലാം ഞായർ |
| 28 ശനി | : | Salt & Light follow up @ സന്ദേശനിലയം 9.30 am to 4 pm |

| | | |
|---|---|---|
| 29 ഞായർ | : | ഉയിർപ്പ് അഞ്ചാം ഞായർ |
| 30 തിങ്കൾ | : | CLT Out reach Programme |

**മെയ്**

| | | |
|---|---|---|
| 1 ചൊവ്വ OH | : | മേയ് ദിനം, തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവ് |
| 4, 5, 6 | : | Headmasters Retreat & Orientation Programme @ Sehion Retreat Centre, Kunnamthanam (4th 5.00 pm to 6th 3.00 pm) |
| 5 ശനി | : | സന്ദേശനിലയം, വജ്രജൂബിലി ദിനം |
| 6 ഞായർ | : | ഉയിർപ്പ് ആറാം ഞായർ |
| 9 വ്യാഴം | : | സ്വർഗ്ഗാരോഹണതിരുനാൾ, കടമുള്ള ദിവസം |
| 14 തിങ്കൾ | : | സി.എൽ.റ്റി., എം.സി.സി. അവാർഡ് നൈറ്റ് |
| 26 ശനി | : | മതാദ്ധ്യാപക നേതൃസംഗമം |

**അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 21-ാം തീയതി ശനിയാഴ്ച സ്കോളർഷിപ്പ് പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധന കലണ്ടർ പേജ് 28 കാണുക.

**പ്രത്യേക ശ്രദ്ധയ്ക്ക്**

2017-18 വർഷത്തിലെ 10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് പൂർത്തിയാക്കി മെയ് 15 നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനോടൊപ്പം 10, 11, 12 ക്ലാസ്സുകളിലെ ഹാജർബുക്കുകളും ഫൈനൽ വിശ്വാസോത്സവം ചേർത്തുള്ള മാർക്കുലിസ്റ്റുകളും (8, 9, 11 മാർക്കുലിസ്റ്റു തരാത്തവരും) അതുംകൂടി ചേർത്ത് കൊണ്ടുവരേണ്ടതാണ്. ഇനിയും മതബോധനവിഹിതവും ചോദ്യപേപ്പറിന്റെ വിഹിതവും നല്കാനുള്ളവർ എത്രയും വേഗം നല്കുമല്ലോ.

## Headmasters Retreat & Orientation Programme

സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത് സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുവാനും, ദൈവസാന്നിദ്ധ്യത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും, നേതൃത്വം നൽകുവാനും നിയോഗം ലഭിച്ചവരാണ് പ്രഥമാദ്ധ്യാപകർ. മിശിഹായിൽ രൂപാന്തരപ്പെട്ട ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനും അതിരൂപതയിലെ പഞ്ചവത്സരപദ്ധതിയോടു ചേർന്ന് വരുംവർഷങ്ങളിലെ വിശ്വാസപരിശീലനപരിപാടികളെ ക്രമപ്പെടുത്താനും നമ്മെ ഒരുക്കുന്ന പരിപാടിയാണിത്. മെയ് 4-ാം തീയതി 5.00 pm ന് ആരംഭിച്ച് 6-ാം തീയതി 3.00 pm ന് അവസാനിക്കുന്ന ഈ ധ്യാനത്തിൽ അതിരൂപതാ സൺഡേസ്കൂളുകളിലെ എല്ലാ പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി**
**സി.എഫ്.സി.യിൽ പങ്കെടുക്കേണ്ടവർ :**

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർ സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ,

മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ശാഖാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ശാഖാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടു ക്കേണ്ടതാണ്.

**നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്**

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് സന്ദേശ നിലയത്തിൽ വച്ച് ഏപ്രിൽ 17 ചൊവ്വാ രാവിലെ 9.30ന് ആരംഭിച്ച് 19 വ്യാഴം ഉച്ചയ്ക്ക് 1.00 മണിക്ക് സമാപിക്കുന്നു. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കു ക. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 27, 28 കാണുക.

**നന്ദി/ സ്വാഗതം**

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ.ഫാ. ജോസഫ് വേങ്ങാശേരി (ആലപ്പുഴ), റവ.ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (അതിരമ്പുഴ), റവ.ഫാ. വർക്കി മണവത്ത് (ചമ്പക്കുളം), റവ.ഫാ. ജെയിംസ് കുടിലിൽ (ചങ്ങനാശേരി), റവ.ഫാ. ഫിലി പ്പോസ് കേഴപ്ലാക്കൽ (എടത്വ), റവ. ഫാ. പോൾ വേങ്ങാശ്ശേരി (കോട്ടയം), റവ. ഫാ. ജേക്കബ് ചീരംവേലിൽ (കുറുമ്പനാടം), റവ. ഫാ. വർഗീസ് കൊശാ ക്കൽ (തിരുവനന്തപുരം), റവ. ഫാ. ജോസഫ് കാക്കനാട് (തൃക്കൊടിത്താനം).

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിരിക്കുന്ന റവ. ഫാ. തോമസ് മുട്ടേൽ (ആലപ്പുഴ), റവ. ഫാ. ജോസഫ് പകലോമറ്റം (അതിരമ്പുഴ), റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ (ചങ്ങനാശേരി), റവ.ഫാ. ജോസഫ് തോട്ടയ്ക്കാട്ടു കാലായിൽ (ചമ്പക്കുളം), റവ. ഫാ. ജോസഫ് പുളിക്കപറമ്പിൽ (കോട്ടയം), റവ. ഫാ. തോമസ് തുണ്ടത്തിൽ (തിരുവനന്തപുരം), റവ. ഫാ. സെബാസ്റ്റ്യൻ മാമ്പ്ര (കുറുമ്പനാടം), റവ. ഫാ. സുനിൽ വേങ്ങാശേരി (എടത്വ), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (തൃക്കൊടിത്താനം) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലം സന്ദേശനിലയത്തിൽ സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ബ്രദർ ജോയൽ പുന്നശ്ശേരിക്ക് സന്ദേശനിലയം കുടുംബത്തിന്റെ നന്ദിയും പുതിയതായി നിയമിതനായ ഞങ്ങ ളുടെ പ്രിയപ്പെട്ട ബ്രദർ ബിനിൽ പഞ്ഞിപ്പുഴയ്ക്ക് ഹൃദ്യമായ സ്വാഗതവും.

**ആദരാഞ്ജലി**

ചെത്തിപ്പുഴ ഡോൺബോസ്കോ സൺഡേസ്കൂൾ അധ്യാപകൻ സേവ്യർ കന്യാകോണിലിന്റെ മാതാവിന്റെ നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരെ,

പഠനത്തിന്റെയും പരീക്ഷകളുടെയും തിരക്കുകളൊഴിഞ്ഞ് അവധിക്കാല മെത്തിക്കഴിഞ്ഞു. ഇനി വിശ്വാസോത്സവത്തിന്റെ ആഹ്ലാദവും ആനന്ദവും ആസ്വദിക്കുവാനുള്ള നാളുകൾ. ഏപ്രിൽ 2 മുതൽ നടക്കുന്ന വിശ്വാസോത്സ വത്തിൽ സജീവമായി നമുക്ക് പങ്കുചേരാം. മിഷൻലീഗംഗങ്ങൾ വർദ്ധിച്ച തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടി എല്ലാ രംഗങ്ങളിലും പ്രവർത്തിക്കു വാൻ സന്നദ്ധരാകണം. ഏപ്രിൽ 23, 24, 25 തീയതികളിൽ നടക്കുന്ന നമ്മുടെ ക്യാമ്പിനായി നിങ്ങളെ സ്വാഗതം ചെയ്യുന്നു. അനുദിനം വി. കുർബാനയിൽ പങ്കുചേർന്നും ക്യാമ്പുകൾ, ക്ലാസുകൾ, ധ്യാനങ്ങൾ എന്നിവയിൽ പങ്കെടുത്തും അവധിക്കാലം ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം നിങ്ങളുടെ

**ജോബിയച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

**ഏപ്രിൽ**

| | | |
|---|---|---|
| 1 ഞായർ | : | ഉയിർപ്പു ഞായർ |
| 2 തിങ്കൾ | : | വിശ്വാസോത്സവ ആരംഭം |
| 21 ശനി | : | അതിരൂപത സ്കോളർഷിപ്പ് പരീക്ഷ |
| 23 – 25 | : | അതിരൂപതാ നേതൃപരിശീലന ക്യാമ്പ് |
| 30 തിങ്കൾ | : | കൈയ്യെഴുത്തു മാസിക, ശാഖ - മേഖല വാർഷിക റിപ്പോർട്ട് എന്നിവ അതിരൂപതയിൽ ഏൽപിക്കേണ്ട അവസാന തീയതി |

**മെയ്**

| | | |
|---|---|---|
| 1 ചൊവ്വ | : | തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാൾ, ഓഫീസ് അവധി |
| 5 ശനി | : | സന്ദേശനിലയ വജ്രജൂബിലി ദിനം |
| 6 ഞായർ | : | ആഘോഷമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ എയ്ഞ്ചൽസ് മീറ്റ് (മേഖലാതലത്തിൽ നടത്തുക) |
| 10 വ്യാഴം | : | സ്വർഗ്ഗാരോഹണതിരുന്നാൾ, കടമുള്ള ദിവസം, ഓഫീസ് അവധി |

**അതിരൂപതാ നേതൃപരിശീലന ക്യാമ്പ്**

ഈ വർഷത്തെ നമ്മുടെ ക്യാമ്പ് ഏപ്രിൽ 23, 24, 25 തീയതികളിൽ (തിങ്കൾ, ചൊവ്വ, ബുധൻ) ചങ്ങനാശേരി ഫാത്തിമാപുരം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചാണ് നടത്തുന്നത്. ഓരോ ശാഖയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുമാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പ് 23-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 25-ാം തീയതി ഉച്ചയ്ക്ക് 1.30 ന് സമാപിക്കുന്നു. ക്യാമ്പ് ഫീസ് 500 രൂപയാണ്.

**മേഖലാ ശാഖാ വാർഷിക റിപ്പോർട്ട്, കയ്യെഴുത്തു മാസിക**

എല്ലാ മേഖലകളും ശാഖകളും വാർഷിക റിപ്പോർട്ടും കൈയ്യെഴുത്തു മാസികയും ഏപ്രിൽ 30-ാം തീയതിയ്ക്കകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. റിപ്പോർട്ട് ഫോം വാങ്ങിയിട്ടില്ലാത്തവർ അത് കൈപ്പറ്റേണ്ടതാണ് 2-ാം ഘട്ട റിപ്പോർട്ടിന്റെ റിസൽട്ട് മെയ്മാസത്തെ മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ധന്യൻ മാർ കുര്യാളശേരി തീർത്ഥാടനം**

ചെറുപുഷ്പമിഷൻ ലീഗിന്റെയും ആരാധനാ സന്യാസിനി സമൂഹത്തിന്റെയും നേതൃത്വത്തിൽ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ കബറിടത്തിങ്കലേക്ക് ആണ്ടുതോറും നടത്തിവരുന്ന തീർത്ഥാടനം മെയ് 26 ന് ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് പള്ളിയിൽനിന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് വന്ദ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ സമാപിക്കുന്നതാണ്.

**സ്വാഗതം**

പുതിയ ഓർഗനൈസറച്ചന്മാരായി നിയമിതരായിരിക്കുന്ന റവ. ഫാ. തോമസ് മുട്ടേൽ (ആലപ്പുഴ), റവ. ഫാ. ഐബിൻ പകലോമറ്റം (അതിരമ്പുഴ), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (ചമ്പക്കുളം), റവ.ഫാ. ജോസി പുളിക്കപ്പറമ്പിൽ (കോട്ടയം), റവ.ഫാ. ജോഷ്വാ തുണ്ടത്തിൽ (തിരുവനന്തപുരം), റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ (കുടമാളൂർ), റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (തൃക്കൊടിത്താനം), റവ. ഫാ. സെബാസ്റ്റ്യൻ മാമ്പറ (കുറുമ്പനാടം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ആശംസകൾ.

**ദൈവവിളി സെമിനാർ**

സന്യാസജീവിതത്തിലേക്ക് പ്രവേശിക്കുന്ന പെൺകുട്ടികൾക്കായുള്ള അതിരൂപതാ ദൈവവിളി സെമിനാർ ഏപ്രിൽ 13 വെള്ളി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ സന്ദേശനിലയത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 75 രൂപയായിരിക്കും.

**കാറ്റകെറ്റിക്കൽ ഫൊറോനാ കമ്മിറ്റി (സി.എഫ്.സി.)**

സി.എഫ്.സി.യിൽ മിഷൻലീഗിന്റെ ജോയിന്റ് ഡയറക്ടർമാരും ഓർഗനൈസർമാരും നിർബന്ധമായും പങ്കെടുക്കണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**ആദരാഞ്ജലി**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ എക്സിക്യൂട്ടീവ് പ്രസിഡന്റ് ആശിഷ് ജോ കെ.എ.സിന്റെ വല്യമ്മയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. സേവ്യർ കന്യാകോണിൽ സാറിന്റെ അമ്മയുമായ ഏലിക്കുട്ടി ജോസഫിന്റെ നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയരേ,

കുടുംബ പ്രേഷിത പ്രവർത്തനങ്ങളെല്ലാം ഭംഗിയായി നടക്കുന്നുവല്ലോ. എല്ലാ ഫൊറോനകളിലും യൂണിറ്റുകളിലും പ്രവർത്തന വർഷോദ്ഘാടനം നടന്നുവെന്നു കരുതുന്നു. ഇനി വിവിധ പ്രവർത്തനങ്ങൾ നടത്താനുള്ള സമയ മാണ്. പ്രതിസന്ധികളെ തരണം ചെയ്ത് നല്ല രീതിയിൽ പ്രവർത്തിക്കാൻ നമുക്കു സാധിക്കണം. ഏപ്രിൽ പകുതിക്ക് ശേഷമുള്ള ദിവസങ്ങളിൽ സംഘ ടനാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കണം. വിശ്വാസോത്സവത്തിൽ മാതൃവേദി പിതൃവേദി പ്രവർത്തകരുടെ സഹായവും സഹകരണവും ഉണ്ടാക ണം. കുട്ടികളുടെ വിശ്വാസ പരിശീലനം മാതാപിതാക്കളുടെ ശ്രദ്ധ ഏറെ അർഹി ക്കുന്നതാണല്ലോ. ജിയന്ന പുണ്യവതിയുടെ തിരുശേഷിപ്പ് പ്രയാണത്തിനും പ്രോലൈഫ് വാരാചരണത്തിനും സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു.

തുടർന്നുള്ള കർമ്മപരിപാടികളിൽ നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചു കൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ ജോസഫ് ഇലഞ്ഞിമറ്റം**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

**ഫൊറോന ഡയറക്ടർമാർക്ക് നന്ദി**

കഴിഞ്ഞവർഷങ്ങളിൽ വിവിധ ഫൊറോനകളെ നയിച്ച ഡയറക്ടർമാരായ റവ. ഫാ. ജയിംസ് അത്തിക്കളം, (കുടമാളൂർ) റവ. ഫാ. ആന്റണി കാച്ചാൻകോട്, (കോട്ടയം), റവ. ഫാ. ജോബിൻ ആനക്കല്ലുങ്കൽ (കുറുമ്പനാടം), റവ. ഫാ. ജോസഫ് മണ്ണാത്തറ (നെടുങ്കുന്നം), റവ. ഫാ. മാത്യു പുളിച്ചമാക്കൽ (ആലപ്പുഴ), ഫാ. ജേക്കബ് നടുവിലേക്കളം (എടത്വാ), റവ. ഫാ. വർഗീസ് പഴയമഠം (അസി. ഡയറക്ടർ, ചങ്ങനാശ്ശേരി), എന്നിവർക്ക് നന്ദി അറിയിക്കുന്നു.

**സ്വാഗതം**

പുതിയ ഫൊറോന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന റവ. ഫാ. ലിമേഷ് കോശാക്കൽ (കുടമാളൂർ), റവ. ഫാ. ആന്റണി കാട്ടുപ്പാറ, (കോട്ടയം), റവ. ഫാ. വർഗീസ് കുടിലിൽ, (കുറുമ്പനാടം), റവ. ഫാ. തോമസ് വേങ്ങാശ്ശേരി (നെടുംകുന്നം), റവ. ഫാ. ദേവസ്യ തുണ്ടി യിൽ (ആലപ്പുഴ), റവ. ഫാ. അജി പുത്തൻപുരയ്ക്കൽ (എടത്വാ), എന്നിവർക്ക് ഹൃദയംഗമായ സ്വാഗതം.

**നന്ദിയോടെ...**

കഴിഞ്ഞ 9 മാസങ്ങളായി ഓഫീസിൽ വളരെ സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ചശേഷം വൈദീക വസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്ര. ലിബിൻ തുമ്പേക്കളത്തിന് നന്ദി.

പുതുതായി ചാർജ്ജെടുക്കുന്ന ബ്ര. സനൂപ് മുത്തുമാക്കുഴിയിലിന് സ്വാഗതം.

**കലാമത്സരങ്ങൾ**

മത്സരങ്ങളെക്കുറിച്ചുള്ള നിബന്ധനകൾ മാർഗരേഖയിൽ ഉണ്ട്. എന്നാൽ ചില

മത്സരങ്ങളുടെ നിബന്ധനകൾക്ക് വ്യത്യാസമുണ്ട്. അവ ചുവടെ ചേർക്കുന്നു.

**(1) ഉപന്യാസരചന** (മാതൃവേദി - പിതൃവേദി വെവ്വേറെ)

**റഫറൻസ്**

**സേവനിരതരായ സഭ** (റിവൈസ്ഡ് എഡിഷൻ) റവ. ഫാ. തോമസ് പാടിയത്ത്.

**(2) ക്വിസ് മത്സരം** (മാതൃവേദി - പിതൃവേദി വെവ്വേറെ)

1. **സേവനിരതരായ സഭ** (റിവൈസ്ഡ് എഡിഷൻ) റവ. ഫാ. തോമസ് പാടിയത്ത്. - 25%
2. വി. മത്തായി 10-18 - 40%
3. വെളിപാട് 10-16 - 10%
4. 'ഒരു നല്ല അപ്പന്റെ ചാവരുൾ' - ഒരു പശ്ചാത്തല പഠനം - റവ. ഫാ. തോമസ് പാറത്തോട്ടാൽ - 25%

**(3) കുടുംബഗാനം** (പോയിന്റ് ഇരുസംഘടനകൾക്കും പകുതിവീതം)

**നിബന്ധനകൾ:**

1. ക്രിസ്തീയ ഭക്തിഗാനം മാത്രമേ ആലപിക്കാവൂ.
2. സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.
3. ടീമിലെ അംഗസംഖ്യ പരമാവധി 7 ഉം കുറഞ്ഞത് 3 ഉം ആയിരിക്കേണ്ട താണ്.
4. ഒരു ഗാനം മാത്രമേ ആലപിക്കാവൂ.
5. പങ്കെടുക്കുന്ന വിവാഹിതരായവർ നിർബന്ധമായും അംഗത്വകാർഡുള്ള വരായിരിക്കണം.
6. ടീമിൽ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ എന്നിവരെ ഉൾപ്പെടുത്താവുന്ന താണ്. എന്നാൽ ടീമംഗങ്ങൾ ഒരു കുടുംബത്തിൽ തന്നെയുള്ളവരായി രിക്കണം.
7. ടീമംഗങ്ങൾ എല്ലാവരും ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങൾ ആയിരിക്കേ ണ്ടതാണ്.
8. വിവാഹിതരായവരും അംഗത്വ കാർഡുള്ളവരുമായ ഒരാളെങ്കിലും ടീമിൽ ഉണ്ടായിരിക്കേണ്ടതാണ്.
9. മക്കളോ, മരുമക്കളോ, കൊച്ചുമക്കളോ ആണെന്നതിന് വികാരിയച്ചന്റെ സാക്ഷിപത്രം ഹാജരാക്കേണ്ടതാണ്.
10. സമയം 6 മിനിറ്റായിരിക്കും. 5 മിനിറ്റാകുമ്പോൾ വാണിങ് ബെല്ലും, 6 മിനിറ്റാകുമ്പോൾ ഫൈനൽ ബെല്ലും നൽകും. ഫൈനൽ ബെല്ലുവരെ യുള്ള അവതരണത്തിനനുസരിച്ചായിരിക്കും മാർക്കിടുന്നത്.

**അദ്ധ്യാപക-മതാദ്ധ്യാപക സംഗമം**

മാർച്ച് 17 ന് ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്ക്കൂളിൽ വച്ച് നടത്തപ്പെട്ട അദ്ധ്യാപക മതാദ്ധ്യാപക സംഗമത്തിൽ 250 പേർ പങ്കെടുത്തു. വികാരി ജനറാൾ ബഹു. ജയിംസ് പാലക്കൽ അച്ചൻ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് മുഖ്യസന്ദേശം നൽകി. ഡോ. ഫിന്റോ ഫ്രാൻസിസ്, ജോൺസൺ പൂവത്തിങ്കൽ, ശ്രീ. റിച്ചാർഡ് സുരേഷ് (കോട്ടയം ഡോ. എക്സൈസ് കമ്മീഷണർ) എന്നിവർ ക്ലാസ്സ് നയിച്ചു.

**ഡോക്ടേഴ്സ് മീറ്റ്**

മാർച്ച് 18 ന് ചങ്ങനാശ്ശേരി കത്തീഡ്രൽ മീഡിയ ഹാളിൽ വച്ച് നടന്ന ഡോക്ടേഴ്സ് സംഗമം അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം ചെയ്യുകയും, അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം സന്ദേശം നൽകുകയും ചെയ്തു. അമ്പത് ഡോക്ടർമാർ പങ്കെടുത്ത സംഗമത്തിന് റവ. ഡോ. ജയ്ക്കബ് കോയിപ്പള്ളി, ഡോ. ഫിന്റോ ഫ്രാൻസിസ് എന്നിവർ ക്ലാസ്സ് നയിച്ചു.

**നേഴ്സസ് സംഗമം**

ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് സ്ക്കൂളിൽ വച്ച് നടത്തിയ നേഴ്സസ് സംഗമത്തിൽ ഡോ. സിസി ജോസ് ക്ലാസ്സ് നയിച്ചു.

**പ്രോലൈഫ് കൺവെൻഷൻ**

മാർച്ച് 21, 22 തീയതികളിൽ നടന്ന പ്രോലൈഫ് കൺവെൻഷനിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ, മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ എന്നിവർ പങ്കെടുത്തു. റവ. ഫാ. ജോബി മൂലയിൽ, റവ. ഫാ. ജേക്കബ് കോയിപ്പള്ളി, ഡോ. ടോണി, ഡോ. സുമ ഗിൽസൺ, ഡോ. സിസി ജോസ്, റവ. ഫാ. റജി പുലിക്കോട്ട് എസ്ഡിബി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പ്രോലൈഫ് റാലി**

പാറേൽ പള്ളിയിൽ നിന്ന് മാർച്ച് 24-ാം തീയതി 3 മണിക്ക് അയ്യായിരത്തോളം വരുന്ന പ്രോലൈഫ് പ്രവർത്തകർ അണിനിരന്ന റാലി 5 മണിക്ക് അവസാനിച്ചു. സീറോ മലബാർ സഭാ ഫാമിലി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സന്ദേശം നൽകി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് എന്നിവർ റാലിക്ക് നേതൃത്വം നൽകി.

**അജാത ശിശുക്കൾക്കുവേണ്ടിയുള്ള സ്മാരകം**

മാർച്ച് 25 പ്രോലൈഫ് ദിനത്തിൽ അജാത ശിശുക്കൾക്കുവേണ്ടിയുള്ള സ്മാരകം (Monument for unborn babies) അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ആശീർവ്വദിച്ചു.

## വിവാഹ ഒരുക്കധ്യാനം

| 2018 ഏപ്രിൽ | 2018 മെയ് | 2018 ജൂൺ |
|---|---|---|
| 2, 3, 4 (Chry) | 7, 8, 9 (Zion) | 4, 5, 6 (Zion) |
| 9,10,11 (Zion) | 14, 15, 16 (Zion) | 18, 19, 20 (Chry) |
| 16,17,18 (Zion) | 28, 29, 30 (Chry) | 25, 26, 27 (Chry) |
| 23, 24, 25 (Chry) | | |

FAMILY APOSTOLATE ARCHDIOCESE OF CHANGANASSERY

"Change the world from your home"

'ഒരു നല്ല അപ്പന്റെ ചാവരുൾ' ഒരു പശ്ചാത്തലപഠനം (റവ. ഫാ. തോമസ് പാറത്തോട്ടാൽ) 'സേവനനിരതയായ സഭ' (ഫാ. തോമസ് പാടിയത്ത്) എന്നീ പുസ്തകങ്ങൾ മെയ് 1 മുതൽ അതിരൂപത ഓഫീസിൽ ലഭ്യമാണ്.

## ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

പ്രിയ ബഹുമാനപ്പെട്ട അച്ചാ, കൂടുംബക്കൂട്ടായ്മാ പ്രവർത്തകരേ,

ഏവർക്കും ഹൃദയംനിറഞ്ഞ ഈസ്റ്റർ ആശംസകൾ. എല്ലാ ഇടവകകളിലും കൂടുംബക്കൂട്ടായ്മകൾ സജീവമായി നടക്കുന്നു എന്നു കരുതുന്നു. കുടുംബക്കൂട്ടായ്മയുമായി ബന്ധപ്പെട്ട ഏതൊരാവശ്യത്തിനും അതിരൂപതാ ഓഫിസിൽ എപ്പോഴും സഹായം തേടാവുന്നതാണ്.

**അറിയിപ്പുകൾ**

1. പിന്നോക്കാവസ്ഥയിൽ കഴിയുന്ന നമ്മുടെ ദളിത് സഹോദരങ്ങളുടെ ക്ഷേമവും സമുദ്ധാരണവും അഭിവന്ദ്യ പിതാവിന്റെ സ്വപ്നങ്ങളിൽ ഒന്നാണ്. ഈ നോമ്പുകാലത്ത് കാരിത്താസ് ചങ്ങനാശ്ശേരിക്കുവേണ്ടി ഒരു ദിവസം ഉപവാസമനുഷ്ഠിച്ച് അതിലൂടെ സമാഹരിക്കുന്ന തുക ഇവരുടെ ക്ഷേമനിധിയ്ക്കായി വിനിയോഗിക്കുവാൻ താല്പര്യപ്പെടുന്ന കാര്യം പിതാവ് സർക്കുലറിലൂടെ സുചിപ്പിച്ചിരുന്നുവല്ലോ. (സർ.18 Ch 191 - 226) കുട്ടായ്മാ ലീഡേഴ്സ് കുടുംബങ്ങളിൽനിന്ന് ഈ തുക (ശരാശരി 200 രൂപ) ഏപ്രിൽ 8-നു മുമ്പായി ശേഖരിച്ച് ബഹു. വികാരിയച്ചൻവഴിയായി ഏപ്രിൽ 15-ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തികാ കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

2. കൂടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്ന ഡയറി ഓഫിസിൽ ലഭ്യമാണ്. ഇനിയും വാങ്ങിയിട്ടില്ലാത്തവർ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

3. വികാരിയച്ചന്മാർ ആവശ്യപ്പെടുന്നതനുസരിച്ച് കൂടുംബക്കൂട്ടായ്മാ ലീഡേഴ്സിനായി ഒരു സായാഹ്ന കൺവൻഷൻ ഇടവകകളിൽതന്നെ ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു (ബസാലേൽ). കൂട്ടായ്മാ ലീഡേഴ്സ്, ഓരോ കുട്ടായ്മയിലെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഈരണ്ടു പ്രതിനിധികൾ എന്നിവർ കൺവൻഷനിൽ പങ്കെടുക്കേണ്ടതാണ്.

4. നമ്മുടെ അതിരൂപതയിലെ സമർപ്പിത സന്യാസസമുഹങ്ങളുടെ ഒരു പ്രത്യേക ശുശ്രുഷയാണ് ഇടവകകളിൽ നടത്തുന്ന ഹോം മിഷൻ. ഇടവകകളെ കൂടുതൽ ഐക്യത്തിലും, സ്നേഹത്തിലും, കുട്ടായ്മയിലും ഒന്നു ചേർക്കാൻ ഈ ശുശ്രുഷവഴി സാധിക്കുമെന്നതിനാൽ ഇതുവരെ നടത്താത്ത ഇടവകകളിൽ ഇത് ക്രമീകരിക്കുന്നത് നല്ലതാണ്.

5. നമ്മുടെ ഇടവകകളിലെ കൂടുംബക്കൂട്ടായ്മകളിൽ അതിരൂപതയിൽനിന്നും നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥനാ ഗാനവും, ആന്തവും ആലപിക്കുകവഴി കൂട്ടായ്മകളുടെ ഏകീകരണത്തിലേയ്ക്ക് ഒരു പടികൂടി നമുക്ക് വളരുവാൻ സാധിക്കുന്നതാണ്.

6. ഏപ്രിൽ മാസത്തിൽ ഫൊറോനാ വിസിറ്റ് നടത്താനായി ആഗ്രഹിക്കുകയാണ്. ഫൊറോനാ ഡയറക്ടറച്ചൻ വഴി സമയത്തിന്റെ ക്രമീകരണം അറിയിക്കുന്നതാണ്.

7. കൂടുംബക്കൂട്ടായ്മകളിലെ പ്രബോധനത്തിനായി പഠനക്കളരി സത്യദർശനത്തിലൂടെ ലളിതമായ രീതിയിൽ തയ്യാറാക്കി നൽകുന്നതാണ്. എല്ലാ കൂട്ടായ്മകളും ഇതു പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

# യുവദീപ്തി–എസ്.എം.വൈ.എം.

**മരണസംസ്കാരത്തിനെതിരെ, ജീവൻസംരക്ഷണയാത്ര റാലി**

യുവദീപ്തി - എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് പാസ്റ്ററൽ സെന്ററിൽ നിന്നും ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് സ്റ്റാന്റുവരെ വായ് മൂടികെട്ടികൊണ്ട് മരണ സംസ്കാരത്തിനെതിരെ, ജീവൻ സംരക്ഷണറാലി സംഘടിപ്പിച്ചു. സമകാലീന സമൂഹത്തിൽ ജീവനുനേരേയുള്ള കയ്യേറ്റങ്ങളും, അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതിനെതിരെയാണ് യുവദീപ്തി എസ്സ്.എം.വൈ.എം. വായ് മൂടികെട്ടി ജീവൻ സംരക്ഷണ യാത്ര നടത്തിയത്. ട്രാൻസ്പോർട്ട് ജംഗ്ഷനിൽ അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി എന്നിവർ പ്രസംഗിച്ചു. ആൻ മരിയ ജോബ്, അഖിൽ ജോർജ് ചാക്കോ, ശ്യാം കെ. ജോസഫ്, അജയ് സജീവ്, റോസ് മരിയ സെബാസ്റ്റ്യൻ, ലാലിച്ചൻ മറ്റത്തിൽ, ക്രിസ്റ്റി ഡേവീസ്, ബ്രദർ ടോണി കരിക്കണ്ടം, സി. സെലിൻ ജോസ് എസ്.ഡി., ജസ്റ്റിൻ ജോർജ്, സീനാമോൾ ചെറിയാൻ എന്നിവർ റാലിക്ക് നേതൃത്വം നൽകി.

**പ്രകൃതി പഠനയാത്ര തേക്കുപാറയിൽ**

മാർച്ച് 3 ശനിയാഴ്ച തേക്കുപാറ സെന്റ് മേരീസ് യുവദീപ്തി തേക്കുപാറ മലയിലേക്ക് വനത്തിലൂടെ പ്രകൃതിപഠനയാത്ര നടത്തി. തേക്കുപാറ യൂണിറ്റിലെ മുഴുവൻ യുവജനങ്ങളും പഠന പരിപാടിയിൽ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ പ്രകൃതി പഠനത്തിനു നേതൃത്വം നൽകി. "പ്രകൃതിയെ സ്നേഹിക്കാം യുവത്വം നിലനിർത്താം" എന്ന പ്രോജക്ട് വിഷയത്തെ അടിസ്ഥാനമാക്കിയാണ് പഠന യാത്ര മലയിലേക്ക് സംഘടിപ്പിച്ചത്. വലിയ ഉരുളൻ പാറയുടെ അടിയിലിരുന്നാണ് ചർച്ചാക്ലാസ്സ് നടത്തിയത്. പാറയിടുക്കിൽ നിന്നും വരുന്ന ജലം കുടിച്ചു. പ്രകൃതി പഠനയാത്ര ഒരു പുത്തൻ അനുഭവമായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര അഖിൽ ജോർജ്ജ്, ക്രിസ്റ്റി ഡേവീസ് ബ്രദർ ടോണി കരിക്കണ്ടം, സി. സെലിൻ ജോസ് എസ്.ഡി., ലാലിച്ചൻ മറ്റത്തിൽ എന്നിവരും പ്രകൃതി പഠനയാത്രയിൽ പങ്കെടുത്തു.

**അതിരൂപതാ വാർഷികം, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും പ്രോജക്ട് ഉദ്ഘാടനം, യുവജനവർഷം.**

**ഉദ്ഘാടനം**

അതിരൂപതാ യുവദീപ്തിയുടെ വാർഷികം, പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും പ്രവർത്തനവർഷവും, യുവജനവർഷ ഉദ്ഘാടനവും, മാർച്ച് 10 ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണിവരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി.

**വാർഷികം സമ്മേളനം**

അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാളും ദീപിക മാനേജിംഗ് ഡയറക്ടറുമായ വെരി. റവ. ഡോ. മാണി പുതിയിടം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് ക്ലാസ്സ് നയിച്ചു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ട്രീസ്സാ തോമസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതാ ട്രഷറർ മിഥുൻ

പി. എം. സ്വാഗതവും, കെ. സി. വൈ. എം. സെനറ്റ് മെമ്പർ സിൽവി ജേക്കബ് നന്ദിയും പറഞ്ഞു. പി. ആർ. ഒ. ജസ്‌വിൻ മാത്യു വർഗ്ഗീസ് പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. എഡിറ്റർ എമിൽ ട്രീസാ ജോസ് പ്രാർത്ഥന നയിച്ചു. പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയ്ക്കു മുമ്പായി ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തി സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

**പ്രവർത്തനവർഷം, യുവജനവർഷം ഉദ്ഘാടനം**

2018 മാർച്ച് 10 ശനിയാഴ്ച ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പുതിയ പ്രവർത്തനവർഷവും, യുവജനവർഷവും നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽവെച്ച് യുവജനവർഷ ലോഗോ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. കെ. സി. വൈ. എം. സെനറ്റ് മെമ്പറും, അതിരൂപതാ മുൻ ഡെപ്യൂട്ടി പ്രസിഡന്റുമായ സ്നേഹാ ടോം ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അഖിൽ ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ, സി. സെലിൻ ജോബ് എസ്. ഡി., റോസ് മരിയ സെബാസ്റ്റ്യൻ, അജയ് സജീവ്, അനു ആനി ജോസഫ് എന്നിവർ പ്രസംഗിച്ചു ആൻ മരിയ ജോബ്, അഞ്ജലി പി. തോമസ്, സാം കെ. ജോസഫ്, റോസ് മരിയ സെബാസ്റ്റ്യൻ, അജയ് സജീവ്, അനു ആനി ജോസഫ് എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. കെ. സി. വൈ. എം. സിൻഡിക്കേറ്റ് മെമ്പർ സിറിയക് തോമസ് പതാക താഴ്ത്തി.

**2017 – വർഷത്തിലെ ബെസ്റ്റ് യൂണിറ്റുകൾ, ഫൊറോനകൾ**

വാർഷികത്തോടും പുതിയ പ്രവർത്തനവർഷത്തോടും അനുബന്ധിച്ച് 2017 വർഷത്തിലെ ബെസ്റ്റ് യൂണിറ്റുകൾക്കും, ബെസ്റ്റ് ഫൊറോനാകൾക്കും, ഉത്സവ് – 17ലെ ഓവർഓൾ ചാമ്പ്യൻഷിപ്പുകൾക്കും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ട്രോഫികൾ സമ്മാനിച്ചു.

**ബെസ്റ്റ് യൂണിറ്റുകൾ**

| | | |
|---|---|---|
| അമ്പൂരി | – | സെന്റ് ജോർജ്ജജ് യൂണിറ്റ്, അമ്പൂരി |
| ആലപ്പുഴ | – | സെന്റ് ഗ്രിഗോറിയോസ്, പുന്നപ്ര |
| അതിരമ്പുഴ | – | സെന്റ് മേരീസ് അതിരമ്പുഴ & ഏറ്റുമാനൂർ |
| കുടമാളൂർ | – | സെന്റ് മേരീസ് കുടമാളൂർ |
| കോട്ടയം | – | സെന്റ് തോമസ് വടവാതൂർ |
| ചമ്പക്കുളം | – | ഹോളി ഫാമിലി – പുല്ലങ്ങാ7ടി |
| തൃക്കൊടിത്താനം | – | സെന്റ് സേവ്യേഴ്സ്, തൃക്കൊടിത്താനം |
| തുരുത്തി | – | ഹോളി ഫാമിലി – പൊടിപ്പാറ |
| എടത്വാ | – | പച്ച – ലൂർദ് മാതാ |
| ചങ്ങനാശ്ശേരി | – | സെന്റ് മേരീസ് പാറേൽ |
| മണിമല | – | ഹോളി മാഗ്ഗീസ്, മണിമല |
| നെടുംങ്കുന്നം | – | സെന്റ് ജോസഫ് വായ്പ്പൂര് |
| കുറുമ്പനാടം | – | എസ്സ്. എച്ച്. രാജമറ്റം |
| കൊല്ലം | – | എസ്സ്. എച്ച്. പുനലൂർ |
| പുളിംങ്കുന്ന് | – | സെന്റ് മേരീസ് പുളിംങ്കുന്ന് & സെന്റ് ജോസഫ്സ് കായൽപ്പുറം |

**ബെസ്റ്റ് ഫൊറോനകൾ**

| | | |
|---|---|---|
| ബെസ്റ്റ് | - | മണിമല ഫൊറോന |
| സെക്കന്റ് ബെസ്റ്റ് | - | കോട്ടയം ഫൊറോന |
| തേർഡ് ബെസ്റ്റ് | - | ആലപ്പുഴ ഫൊറോന |

**ഉത്സവ് - 2017**

| | | |
|---|---|---|
| ഓവർ ഓൾ ചാമ്പ്യൻഷിപ്പ് | - | തുരുത്തി ഫൊറോനാ |
| റണ്ണർ അപ്പ് | - | ആലപ്പുഴ ഫൊറോന |
| യുവദീപ്തി ആന്തം ബസ്റ്റ് | - | പുളിംങ്കുന്ന് സെൻട്രൽ യൂണിറ്റ് |

**ആന്റപ്പൻ ആമ്പിയായം - മെമ്മോറിയൽ**
**പ്രസംഗ മത്സരം വിജയികൾ**
**യുവാക്കന്മാർ**

| | | |
|---|---|---|
| ഫസ്റ്റ് | - | ജോബിൻ ജോസ് ഈര |
| സെക്കന്റ് | - | ജോബിൻ ചമ്പക്കര |

**യുവതികൾ**

| | | |
|---|---|---|
| ഫസ്റ്റ് | - | മിസ്റ്റി എത്സ മാത്യു, ഇത്തിത്താനം |
| സെക്കന്റ് | - | അനു കുടമാളൂർ |

**അറുനൂറ്റിൻപാടം**

അറുനൂറ്റിൻപാടം എസ്സ്. എച്ച് യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 4-ാം തീയതി യുവജനസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ കുരിശിങ്കൽ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു.

**കിഴക്കേമിത്രക്കരി**

കിഴക്കേമിത്രക്കരി ഹോളി ഫാമിലി യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ യുവജനസംഗമവും, പരീക്ഷാ ഒരുക്ക സെമിനാറും മാർച്ച് 4-ാം തീയതി ഉച്ചയ്ക്കുശേഷം നാലുമണി മുതൽ ഏഴുമണിവരെ നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളത്തിൽ യുവജനസംഗമവും, പരീക്ഷാ ഒരുക്ക സെമിനാറും ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സിനു നേതൃത്വം നൽകി. അതിരൂപതാ പി. ആർ. ഒ. ക്രിസ്റ്റി ഡേവിസ് ഏഞ്ചൽ എസ്സ്. എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**വനിതാദിനാചരണവും, മുടിദാനംചെയ്യലും**
**ഏറ്റുമാനൂർ**

ഏറ്റുമാനൂർ ക്രിസ്തുരാജ് യുവദീപ്തി എസ്സ്. എം. വൈ. എമ്മിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 11-ന് ഞായറാഴ്ച വനിതാ ദിനമായി ആചരിച്ചു. യൂണിറ്റ് ഡയറക്ടറും ഇടവക വികാരിയുമായ റവ. ഡോ. ടോം കുന്നുംപുറം വനിതാ ദിനപരിപാടികൾ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു. വനിതാ ദിനത്തിൽ പാവപ്പെട്ട ക്യാൻസർ രോഗികൾക്കായി 17 യുവതികൾ മുടി മുറിച്ചു ദാനം ചെയ്തു.

**അതിരമ്പുഴ ഫൊറോന പ്രവർത്തനവർഷ ഉദ്ഘാടനം**

അതിരമ്പുഴ ഫൊറോനാ യുവദീപ്തി എസ്സ്. എം. വൈ. എമ്മിന്റെ 2018 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം മാർച്ച് 18 ഞായറാഴ്ച 2.30 ന് അതിര

മ്പുഴ സെന്റ് മേരീസ് യൂണിറ്റിൽവെച്ച് നടത്തി. ഫൊറോനാ പ്രസിഡന്റ് അഷിൽന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം എ.കെ.സി.സി. അതിരൂപതാ പ്രസിഡന്റും, അതിരൂപതാ യുവദീപ്തി മുൻ പ്രസിഡന്റും, അതിരൂപതാ യുവദീപ്തി മുൻ പ്രസിഡന്റുമായ വർഗ്ഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു, അഖിൽ ജോർജ്ജ് ചാക്കോ, ക്രിസ്റ്റി ഡേവീസ് ബോണി ലിയോ, സ്നേഹ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫൊറാനാ വികാരി വെരി. റവ. ഫാ. സിറിയക് കോട്ടയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു.

**കുമരങ്കരി - യുവജനസംഗമം**

നോമ്പുകാലത്തോടനുബന്ധിച്ച് കുമരങ്കരി സെന്റ് മേരീസ് ഇടവകയിൽ യുവജനസംഗമം നടത്തി. വികാരി ഫാ. തോമസ് കുളത്തിങ്കൽ യുവജന സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര നോമ്പുകാല ചിന്തകൾ യുവജനങ്ങൾക്ക് പങ്കുവച്ചു.

**അനുശോചനം**

തെള്ളകം പുഷ്പഗിരി യൂണിറ്റ് ഭാരവാഹിയായിരുന്ന ടോണി തോമസ് പുത്തൻപുരയ്ക്കലിന്റെ അകാലനിര്യാണത്തിൽ അതിരൂപതാ യുവദീപ്തി എസ്സ്. എം. വൈ. എമ്മിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**ഹൃദയം നിറഞ്ഞ നന്ദി**

കഴിഞ്ഞ ഒരു വർഷക്കാലം യുവദീപ്തിക്കുവേണ്ടി ശുശ്രൂഷ ചെയ്ത ബ്രദർ സച്ചിൻ കുന്നത്തിനും, ബ്രദർ ടോണി കരിക്കണ്ടത്തിനും അതിരൂപതാ യുവജനപ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**സ്വാഗതം**

2018 വർഷത്തിൽ യുവദീപ്തിയിൽ ശുശ്രൂഷ ചെയ്യുവാൻ എത്തിയിരിക്കുന്ന ബ്രദർ ജോജോ പള്ളിച്ചിറയ്ക്ക് അതിരൂപതാ യുവദീപ്തി എസ്സ്. എം. വൈ. എമ്മിന്റെ സ്നേഹോഷ്മളമായ സ്വാഗതം നേർന്നുകൊള്ളുന്നു.

**ഏപ്രിൽമാസത്തെ പരിപാടികൾ**

| | | |
|---|---|---|
| ഏപ്രിൽ 1 | - | ഉയിർപ്പുതിരുനാൾ<br>സെനറ്റ്<br>"ജൈവം - 18"ജൈവകൃഷി സെമിനാർ<br>യൂണിറ്റിന് ഒരു കൃഷിത്തോട്ടം - മത്സരം പാസ്റ്ററൽ സെന്റർ |
| 15 | - | ഫൊറോനാ പ്രവർത്തനവർഷം ഉദ്ഘാടനം |
| 22 | - | മണിമല, കുടമാളൂർ, എടത്വാ<br>ഫൊറോനാ പ്രവർത്തനവർഷം ഉദ്ഘാടനം |
| 28, 29 | - | ലീഡേഴ്സ് ട്രെയിനിംഗ് |
| 29 | - | വനിതാസംഗമം<br>ക്യാൻസർ രോഗികൾക്ക് മുടി മുറിച്ച് ദാനം ചെയ്യുന്നു. |

# മീഡിയാ വില്ലേജ് കമ്മ്യൂണിക്കേഷൻസ്

**മീഡിയാ വില്ലേജിൽ മാധ്യമ ഡിപ്ലോമാ കോഴ്സ്**

മാധ്യമരംഗത്ത് അഭിരുചിയുള്ളവർക്കായി സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യുണിക്കേഷൻ എപ്രിൽ 15 മുതൽ 28 വരെ തീയതികളിൽ മാധ്യമ ഡിപ്ലോമാ കോഴ്സ് സംഘടിപ്പിക്കുന്നു. രൂപതകളിലും, സന്യാസസഭകളിലും, സൺഡേ സ്ക്കൂളുകളിലും മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്ന വൈദികർക്കും, സന്യാസിനികൾക്കും, അദ്ധ്യാപകർക്കും വേണ്ടിയാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ആധുനിക വിവര സാങ്കേതിക വിദ്യകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി വിശ്വാസപരിശീലനവും മൂല്യബോധനവും ഫലപ്രദമാക്കുവാൻ ഈ ക്യാമ്പിലെ പരിശീലനം സഹായകമാകും. ഡോക്യുമെന്ററി / ഹ്രസ്വചിത്ര നിർമ്മാണത്തിന്റെ പ്രീ പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ പ്രക്രിയകൾ പ്രായോഗികമായി ക്യാമ്പിൽ പഠന വിഷയമാക്കുന്നതാണ്. സ്ക്രിപ്റ്റ് റൈറ്റിംഗ്, ഡയറക്ഷൻ, വിഡിയോഗ്രഫി, വീഡിയോ എഡിറ്റിംഗ്, സൗണ്ട് എഡിറ്റിംഗ് എന്നിവയുടെ പ്രായോഗിക പരിശീലനവും ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാധ്യമരംഗത്തെ പ്രഗത്ഭരായ വ്യക്തികൾ ക്യാമ്പിൽ ക്ലാസ്സുകൾ നയിക്കും. മീഡിയാ വില്ലേജിൽ വച്ച് നടത്തുന്ന ഈ റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**ചങ്ങനാശ്ശേരി സാഹിത്യ സംഗമവും പുസ്തകമേളയും**

90.8 റേഡിയോ മീഡിയാ വില്ലേജിന്റെ ആഭിമുഖ്യത്തിൽ 5 ദിവസങ്ങളിലായി ചങ്ങനാശ്ശേരിയിലെ സാഹിത്യകാരൻമാരുടെ സംഗമവും പുസ്തകമേളയും വിവിധ പരിപാടികളോടെ മീഡിയാ വില്ലേജ് അങ്കണത്തിൽ ഏപ്രിൽ 26 മുതൽ 30 വരെ തീയതികളിൽ സംഘടിപ്പിക്കുന്നു. കേരളത്തിലെ പ്രശസ്തരായ പ്രസാധകർ പങ്കെടുക്കുന്ന പുസ്തകമേളയും, കലാസാഹിത്യമത്സരങ്ങളും, പുസ്തക പ്രകാശനവും, സാഹിത്യ സംവാദം, സാംസ്കാരിക സമ്മേളനങ്ങൾ, കലാപരിപാടികൾ എന്നിവയും പഞ്ചദിന സാഹിത്യ ഉത്സവത്തിൽ ഒരുക്കിയിരിക്കുന്നു.

**അമ്പൂരി ഫൊറോനയിൽ 'കുടുംബക്കാഴ്ച' ഓഡിയോ വിഷ്വൽ കൺവൻഷൻ**

മെയ് മാസം 7 മുതൽ 10 വരെ തീയതികളിൽ അമ്പൂരി ഫൊറോനയിലെ വിവിധ സ്ഥലങ്ങളിൽ ഫൊറോനയിലെ എല്ലാ ഇടവകകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഓഡിയോ വിഷ്വൽ കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നു. സോഷ്യൽ മീഡിയായും കുടുംബ ബന്ധങ്ങളും, നവമാധ്യമങ്ങളിലെ ചതിക്കുഴികൾ, സോഷ്യൽ മീഡിയായും മാനസിക ആരോഗ്യ പ്രശ്നങ്ങളും,ഡിജിറ്റൽ പേരന്റിംഗ് എന്നീ വിഷയങ്ങളാണ് കൺവൻഷനിൽ അവതരിപ്പിക്കുന്നത്. മീഡിയാ വില്ലേജ് കമ്മ്യൂണിക്കേഷൻസ് ഇതിനോടകം 30 ൽ അധികം വേദികളിൽ നടത്തിയ ഈ പ്രോഗ്രാം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.അമ്പൂരി ഫൊറോനയിലെ ക്രമീകരണങ്ങൾക്ക് ഫൊറോന വികാരി പെരി.ബഹു.ജോസഫ് ചൂളപ്പറമ്പിലച്ചൻ നേതൃത്വം നൽകുന്നു.

**എസ്.ജെ.സി.സി പൂർവ്വ വിദ്യാർത്ഥി സംഗമം ബാംഗ്ലൂരിൽ**

2018 ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എസ്.ജെ.സി.സി പൂർവ്വവിദ്യാർത്ഥി സംഗമം ബാംഗ്ലൂരിൽ ധർമ്മാരാം കോളേജി നടുത്തുള്ള സെന്റ് തോമസ് ഫൊറോനപ്പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. തദവസരത്തിൽ എസ്.ജെ.സി.സി പൂർവ്വ വിദ്യാർത്ഥികളുടെ ബാംഗ്ലൂർ ചാപ്റ്ററിന്റെ ഉദ്ഘാടനം റവ. ഫാ. സിറിയക് മഠത്തിൽ (മുൻ പ്രൊവിൻഷ്യൽ) നിർവ്വഹിക്കുന്നതാണ്.

**മീഡിയാ വില്ലേജിൽ അവധിക്കാല പരിശീലനം**

ഏപ്രിൽ, മെയ് മാസങ്ങളിൽ സ്കൂൾ,കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ കോഴ്സുകൾ പ്രത്യേക ഫീസ് ആനുകൂല്യത്തോടെ സംഘടിപ്പിക്കുന്നു. ഫിലിം ഡയറക്ഷൻ, വിഡിയോഗ്രഫി, ഫോട്ടോഗ്രഫി, വീഡിയോ എഡിറ്റിംഗ്, സൗണ്ട് എഡിറ്റിംഗ്, ഗ്രാഫിക് ഡിസൈൻ, വെബ് ഡിസൈൻ, ആനിമേഷൻ, ഡി.റ്റി.പി, പേജ്മേക്കർ, ഫോട്ടോഷോപ്പ്, എം.എസ്.ഓഫീസ്, റ്റാലി, സ്പോക്കൺ ഇംഗ്ലീഷ് തുടങ്ങിയ നിരവധി കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. വിശദവിവ രങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**തുരുത്തി ഫൊറോന പള്ളിയിൽ 'കുടുംബക്കാഴ്ച'**

തുരുത്തി സെന്റ്. മേരീസ് ഫൊറോന പള്ളിയുടെ 8 വാർഡുകളിലായി ഏപ്രിൽ മുതൽ നവംബർ വരെയുള്ള എല്ലാ മാസങ്ങളിലെയും രണ്ടാം ശനിയാഴ്ചക ളിൽ 'കുടുംബക്കാഴ്ച' ഓഡിയോ വിഷൽ കൺവൻഷൻ സംഘടിപ്പിക്കുന്നു. സാധിക്കുന്ന ഇടവകകളിലെ വാർഡുകളിൽ ഇത്തരം ക്രമീകരണങ്ങൾ നടത്തുന്നത് അഭികാമ്യമായിരിക്കും. ഈ കാലഘട്ടത്തിൽ എല്ലാ കുടുംബങ്ങ ളിലും കടന്നുവരേണ്ട സന്ദേശമാണ് 'കുടുംബക്കാഴ്ച' യിലൂടെ അവതരിപ്പി ക്കുന്നത്.

**ജീവനം കാർഷികമേള - ഇമ്പം 2018**

90.8 റേഡിയോ മീഡിയാ വില്ലേജിന്റെ 6-ാം വാർഷികത്തോടനുബന്ധിച്ച് 2018 ഫെബ്രുവരി 21 മുതൽ 25 വരെ തീയതികളിൽ കാർഷിക -വ്യവസായ- പുഷ്പ -ഫല പ്രദർശന വിപണനമേള മീഡിയാവില്ലേജ് അങ്കണത്തിൽ സംഘടിപ്പി ച്ചു. ആരോഗ്യ സെമിനാർ, ജീവിതശൈലി രോഗനിർണ്ണയ സൗജന്യ മെഡി ക്കൽ ക്യാമ്പ്, കാർഷിക സെമിനാർ, ഭക്ഷ്യമേള, എല്ലാ ദിവസങ്ങളിലും കലാപരിപാടികൾ എന്നിവ മേളയിലേയ്ക്ക് അനേകം ആളുകളെ ആകർ ഷിച്ചു. ഇനിയുള്ള വർഷങ്ങളിൽ ചങ്ങനാശ്ശേരി ഫെസ്റ്റ് എന്ന പേരിൽ ഇത്തരം മേളകൾക്ക് റേഡിയോ മീഡിയാ വില്ലേജ് നേതൃത്വം വഹിക്കും.

**ചിത്രകലാ ക്യാമ്പ്**

കേരള ലളിതകലാ അക്കാദമിയും സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂ ണിക്കേഷനും സംയുക്തമായി കോളേജ് ക്യാമ്പസിൽ 2018 മാർച്ച് 5 മുതൽ 9 വരെ തീയതികളിൽ ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചു. കേരളത്തിലെ പ്രസി ദ്ധരായ 10 കലാകാരൻമാരും കോളേജിലെ തിരഞ്ഞെടുക്കപ്പെട്ട 5 വിദ്യാർത്ഥി കളും ക്യാമ്പിൽ സംബന്ധിച്ച് മനോഹരമായ കലാസൃഷ്ടികൾക്ക് രൂപം നൽകി. കേരള ലളിതകലാ അക്കാദമി എസ്.ജെ.സി.സിയിലെ മാധ്യമ വിദ്യാർത്ഥി

കൾക്കും കലാകാരന്മാർക്കും നൽകിയ അംഗീകാരമായിരുന്നു ഈ ക്യാമ്പ്.

**'കോളേജ് ഡേ' - വാർഷികാഘോഷപരിപാടികൾ**

മാർച്ച് 19-ാം തീയതി സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.യൗസേപ്പ് പിതാവിന്റെ തിരുനാൾ 'കോളേജ് ഡേ' സമുചിതമായി ആഘോഷിച്ചു. പ്രസിദ്ധ സാഹിത്യ കാരൻ ശ്രീ.പെരുമ്പടവം ശ്രീധരൻ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. ഈ വർഷം ഡിഗ്രി, പി.ജി. പഠനം പൂർത്തിയാക്കി യാത്ര പറയുന്ന 220 മാധ്യമ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൾ റവ. ഫാ. ജോസഫ് പാറയ്ക്കൽ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. 6 ഡിഗ്രി കോഴ്സുകളിലും 5 പി.ജി. കോഴ്സുകളിലുമായി 650-ൽ പരം കുട്ടികളാണ് എസ്.ജെ.സി.സിയിൽ മാധ്യമ പഠനം നടത്തി വരുന്നത്.

**എസ്.ജെ.സി.സിയിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

മാധ്യമരംഗത്ത് ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് എല്ലാവിധ ആധുനിക സൗക ര്യങ്ങളോടു കൂടി എം.ജി.യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടെ കഴിഞ്ഞ 14 വർഷങ്ങളായി മികവു പുലർത്തി മുന്നേറുന്ന ഉത്തരേന്ത്യയിലെ ആദ്യത്തെ മീഡിയാ കോളേജാണ് സെന്റ്. ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ. കലാരംഗത്തും മാധ്യമരംഗത്തും അഭിരുചിയുള്ള കുട്ടികൾക്ക് ഈ രംഗത്ത് പ്രൊഫഷണൽ ആകാനുള്ള അവസരമാണ് ഇവിടെ ഒരുക്കുന്നത്. പുതിയ അദ്ധ്യായനവർഷത്തെ പ്രവേശനം ആരംഭിച്ചിരിക്കുന്നു. താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**അറ്റ്മോസ് പ്രീ. മിക്സ് സ്റ്റുഡിയോ**

മീഡിയാ വില്ലേജിൽ അറ്റ്മോസ് പ്രീ.മിക്സ് - ആധുനീക സൗണ്ട് മിക്സിംങ്ങ് സ്റ്റുഡിയോ സജ്ജമായിരിക്കുന്നു. സൗണ്ട് ഡിസൈനിംഗ്, സൗണ്ട് റിക്കോർ ഡിംഗ്, സൗണ്ട് മിക്സിംഗ് എന്നിവ അത്യാധുനീക അറ്റ്മോസ് ഫോർമാറ്റ് ഉപയോഗിച്ച് ചെയ്തു കൊടുക്കുവാൻ ഈ സ്റ്റുഡിയോയിൽ സംവിധാനം ഒരു ക്കിയിരിക്കുന്നു.

**'കുടുംബക്കാഴ്ച' 'അമ്പതുനോമ്പിന്റെവിശുദ്ധി' :**
**ഓഡിയോ വിഷ്വൽ പ്രോഗ്രാം**

| | | |
|---|---|---|
| ജനുവരി 7 | കുടുംബക്കാഴ്ച | മുടിയൂർക്കര |
| ജനുവരി 11 | ,, | കുറുമ്പനാടം അസംപ്ഷൻ |
| ജനുവരി 13 | ,, | മുടിയൂർക്കര |
| ജനുവരി 14 | ,, | കൂലിപ്പുര ലൂർദ്ദ്മാതാ |
| ജനുവരി 18 | ,, | കൂലിപ്പുര ലൂർദ്ദ് മാതാ |
| ജനുവരി 25 | ,, | കുമരകം നസ്രറത്ത് |
| ജനുവരി 27 | ,, | മുടിയൂർക്കര |
| ജനുവരി 28 | ,, | നിർമ്മലപുരം |
| മാർച്ച് 6 | ,, | പുളിങ്കുന്ന് |
| മാർച്ച് 7 | ,, | ,, |
| മാർച്ച് 8 | ,, | ,, |
| മാർച്ച് 16 | 50 നോമ്പിന്റെ വിശുദ്ധി | രാജമറ്റം |

| | | |
|---|---|---|
| മാർച്ച് 21 | ,, | നാല്പാത്തിമല |
| മാർച്ച് 22 | ,, | വെട്ടിത്തുരുത്ത് |
| മാർച്ച് 23 | ,, | കോട്ടയ്ക്കപ്പുറം |
| മാർച്ച് 24 | ,, | മിത്രക്കരി |
| ഏപ്രിൽ 14 | കുടുംബക്കാഴ്ച | തുരുത്തി |
| മെയ് 7,8,9,10 | ,, | അമ്പൂരി ഫൊറോന |
| മെയ് 12 | ,, | തുരുത്തി |

**വിശദവിവരങ്ങൾക്ക്**

**ഫാ. ആന്റണി എത്തയ്ക്കാട്**
9446194320

**ഫാ. ജോസഫ് പാറയ്ക്കൽ**
9544120698

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
9400285923

## FORM IV

### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT VEDAPRACHARA MADHYASTAN

| | | | |
|---|---|---|---|
| 1. | Place of Publication | : | Changanasserry |
| 2. | Periodically of its publication | : | Monthly |
| 3. | Printer and Publisher | : | Fr. Mathew Padinjarekuttu |
| | Address | : | St. Joseph Orphanage Press & Bookstall Changanasserry - 686 101 |
| 4. | Nationality | : | Indian |
| 5. | Editor's Name | : | Fr. Tom Puthenkalam |
| | Nationality | : | Indian |
| | Address | : | Archbishop's House, P. B. No. 20 Aramanapady, Changanasserry, Kottayam - 686101 |

6. Name and address of individuals who owned the newspaper an Partners of Shareholders holding more than one per cent of the total capital.

The Magazine being of official organ of the Archdiocese of Changanasserry, I, Fr. Mathew Padinjarekuttu hereby declare that the particulars given above are true to the best of my knowledge and belief.

# കെ. സി. എസ്. എൽ.

**പ്രിയ കൂട്ടുകാരേ,**

**കെ. സി. എസ്. എൽ. കുടുംബത്തിൽനിന്നും ഈസ്റ്റർ ആശംസകൾ**

പരീക്ഷ എല്ലാം നന്നായി പഠിച്ച് ഒരുങ്ങി എഴുതി എന്നു കരുതുന്നു. നിങ്ങളുടെ അദ്ധ്വാനത്തിന് നല്ലവനായ ദൈവം പ്രതിഫലം നൽകട്ടെ. അവധിക്ക് മുൻപ് വിശ്വാസോത്സവത്തിലേക്കു പ്രവേശിക്കുകയാണല്ലോ. ആത്മീയ വളർച്ചയുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിങ്ങളുടെ കുട്ടിക്കാലം ആത്മീയതയാൽ ഫലസമൃദ്ധമാകാൻ സഭയുടെ ക്രമീകരണങ്ങളോട് പൂർണ്ണമായും സഹകരിക്കുക.

ഏപ്രിൽ 23 മുതൽ 26 വരെ നമ്മുടെ കെ. സി. എസ്. എൽ. സ്റ്റേറ്റ് ക്യാമ്പ് വരാപ്പുഴ രൂപതയുടെ നേതൃത്വത്തിൽ നടക്കുന്നു. യു. പി./എച്ച്. എസ്./എച്ച്. എസ്. എസ്. വിഭാഗങ്ങളിൽ നിന്നും ഒരു രൂപതയിൽനിന്നും 10 കുട്ടികൾക്കു വീതം പങ്കെടുക്കാം. രജിസ്ട്രേഷനുള്ള അവസാന തീയതി 31.03.2018. താല്പര്യമുള്ള കുട്ടികൾ ഫോൺ നമ്പർ സഹിതം പേരുകൾ ചങ്ങനാശ്ശേരി കെ. സി. എസ്. എൽ. ഓഫീസിൽ ഏല്പിക്കുക.

അവധിക്കാല സമയം നന്നായി ചിലവഴിക്കുക. ഉല്ലാസത്തിനും പഠനത്തിനും പ്രാർത്ഥനയ്ക്കും മാതാപിതാക്കളെ സഹായിക്കുന്നതിനും ഈ നല്ല ദിനങ്ങൾ ഉപകരിക്കട്ടെ. അതോടൊപ്പം നാം സ്വയം സൂക്ഷിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. രക്ഷകർത്താക്കളുടെ സംരക്ഷണമില്ലാതെയുള്ള ഉല്ലാസയാത്രകളും ബന്ധുജനങ്ങളുടെ സന്ദർശനങ്ങളും കഴിവതും ഒഴിവാക്കുക.

സ്നേഹാശംസകളോടെ,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ


**സദസ്സ് കൾച്ചറൽ അക്കാദമിയിൽ**

**ഏപ്രിൽ 12 മുതൽ ശാസ്ത്രീയസംഗീതം,**

**വിവിധ സംഗീത ഉപകരണങ്ങൾ ശാസ്ത്രീയ - പാശ്ചാത്യനൃത്തം,**

**ചിത്രരചന, മിമിക്രി അവതരണ പരിശീലനം**

**എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.**

**ഫാ. തോമസ് ഡി. കൈക്കാട്ടുശ്ശേരിൽ, ഫോൺ: 9447464457**

# ജീവകാരുണ്യനിധി – ട്രസ്റ്റ്

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും മാർച്ച് 23-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 80. | അരുവിക്കുഴി | 91550 | 36620 |
| 81. | ആറുമാനൂർ | 58250 | 23300 |
| 82. | ആര്യങ്കാവ് | 30940 | 12376 |
| 83. | ആര്യാട് | 29505 | 11800 |
| 84. | അതിരമ്പുഴ | 714888 | 285955 |
| 85. | അയർകുന്നം | 92196 | 36880 |
| 86. | ആയൂർ | 17300 | 6950 |
| 87. | ചമ്പക്കുളം | 370145 | 148058 |
| 88. | ചങ്ങങ്കരി | 35150 | 14060 |
| 89. | ചീരഞ്ചിറ | 100000 | 40000 |
| 90. | ചെങ്ങളം | 11400 | 4560 |
| 91. | ചെങ്കുളം | 9350 | 3740 |
| 92. | ചെറുകടവ് | 3450 | 1380 |
| 93. | ചേപ്പുംപാറ | 113050 | 45220 |
| 94. | ഡാലുമുഖം | 15615 | 6246 |
| 95. | ഈര | 13980 | 5590 |
| 96. | ഇടപ്പാളയം | 23600 | 9440 |
| 97. | കൈനടി | 70000 | 28000 |
| 98. | കണ്ണാടി - സെന്റ് ജോസഫ് | 25240 | 10100 |
| 99. | കരവാളൂർ | 5650 | 2260 |
| 100. | കരിക്കാട്ടൂർ | 67885 | 27154 |
| 101. | കരിമ്പനക്കുളം | 67186 | 26873 |
| 102. | കരുമാടി | 22640 | 9056 |
| 103. | കട്ടച്ചിറ | 44420 | 17770 |
| 104. | കാവാലം - സെന്റ് ജോസഫ് | 25750 | 10300 |
| 105. | കായൽപ്പുറം | 48835 | 4800 |
| 106. | കേളമംഗലം | 7500 | 7000 |
| 107. | കിളിരൂർ | 58710 | 23484 |
| 108. | കിഴക്കേ മിത്രക്കരി | 30505 | 12202 |
| 109. | കൊല്ലാട് | 109800 | 43920 |
| 110. | കൊല്ലം | 50280 | 20112 |
| 111. | കൊടുപ്പുന്ന | 28450 | 11380 |
| 112. | കൊണ്ടാക്കൽ | 66655 | 26665 |
| 113. | കുറിച്ചി | 125250 | 50100 |

| | | | |
|---|---|---|---|
| 114. | കൂരോപ്പട | 123050 | 49220 |
| 115. | കൂത്രപ്പള്ളി | 245815 | 36872 |
| 116. | കോട്ടാങ്ങൽ | 43450 | 17380 |
| 117. | കുളത്തൂപ്പുഴ | 3100 | 1240 |
| 118. | കുമരകം വടക്കുംകര | 70980 | 28392 |
| 119. | കുറുമ്പനാടം | 415711 | 166284 |
| 120. | കുട്ടിക്കോണം | 11050 | 4420 |
| 121. | മല്ലപ്പള്ളി | 27825 | 11129 |
| 122. | മണിമല | 74690 | 29876 |
| 123. | മണ്ണന്തല | 145740 | 58296 |
| 124. | മുട്ടാർ - സെന്റ് ജോർജ്ജ് | 81405 | 32560 |
| 125. | നസ്രത്ത് | 78000 | 31200 |
| 126. | നിരണം | 11000 | 4400 |
| 127. | പച്ചക്കാട് | 5350 | 2140 |
| 128. | പള്ളാത്തുരുത്തി | 46000 | 18400 |
| 129. | പഴവങ്ങാടി | 282955 | 28295 |
| 130. | പാലോട് | 7000 | 2800 |
| 131. | പെരുങ്കാവ് | 19300 | 7720 |
| 132. | പേരൂർക്കട | 104900 | 41960 |
| 133. | പുളിക്കകവല | 75925 | 30370 |
| 134. | പുനലൂർ | 47350 | 18940 |
| 135. | പുന്നമട | 67595 | 27038 |
| 136. | പുന്നപ്ര | 70350 | 28140 |
| 137. | പുന്നവേലി | 13630 | 5450 |
| 138. | പുതുപ്പള്ളി | 69960 | 28000 |
| 139. | രാജമറ്റം | 38870 | 15550 |
| 140. | തടിയൂർ | 14400 | 14400 |
| 141. | തെള്ളകം | 213250 | 85300 |
| 142. | തിരുമല | 40750 | 16325 |
| 143. | തിരുവല്ലം | 59700 | 23880 |
| 144. | തൃക്കൊടിത്താനം | 342215 | 136886 |
| 145. | വടക്കേക്കര | 103960 | 41580 |
| 146. | വൈശ്യംഭാഗം | 61110 | 24444 |
| 147. | വട്ടിയൂർക്കാവ് | 86300 | 34520 |
| 148. | വെളിയനാട് - സെന്റ് സേവ്യേഴ്സ് | 32930 | 13172 |
| 149. | വില്ലൂന്നി | 195165 | 78066 |
| 150. | വിതുര | 14750 | 5900 |

(തുടരും.........)

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

പുതിയ പ്രവർത്തനവർഷത്തിൽ വിജയാശംസകൾ നേരുന്നു. ക്രമമായും, ചിട്ടയായും, ലക്ഷ്യബോധത്തോടെ സംഘതലം മുതൽ യൂണിറ്റ്, മേഖല, കേന്ദ്ര, തലങ്ങളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ പ്ലാനിംഗ് ഉണ്ടാവണം. യൂണിറ്റ്, മേഖലാസമിതികൾ മാർച്ച് മാസത്തിൽ നടന്ന PME കളിലെ വിചിന്തനങ്ങളുടെ വെളിച്ചത്തിൽ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. മാസ, ത്രൈമാസ, വാർഷിക കലണ്ടറുകൾ എല്ലാതലങ്ങളിലും ക്രമീകരിക്കണം. ഓരോ യൂണിറ്റിലെയും മേഖലയിലെയും പൊതുപരിപാടികൾ കാലേകൂട്ടി ആസൂത്രണം ചെയ്യുകയും ഫലപ്രദമായി നടപ്പാക്കാൻ പരിശ്രമിക്കുകയും വേണം. മാസംതോറും അതിരൂപതയുടെ മുഖപത്രമായ മദ്ധ്യസ്ഥനിലും, മൂന്നുമാസം കൂടുമ്പോൾ ചാസിന്റെ ബുള്ളറ്റിൻ 'ഒരുമ'യിലും തലേ മാസം/ മാസങ്ങളിൽ ക്രമീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ റിപ്പോർട്ടും അറിയിപ്പും നല്കേണ്ടതാണ്. ഓരോ മാസവും യൂണിറ്റുകളിൽ നിർബന്ധമായും നടത്തേണ്ട പരിപാടികളായ എക്സിക്യൂട്ടീവ് മീറ്റിംഗ്, സ്വാശ്രയസംഘം ലീഡേഴ്സ് മീറ്റിംഗ്, SHG (വനിത-പുരുഷ) സംഗമങ്ങൾ, ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് എന്നിവയുടെ തീയതി വർഷാരംഭത്തിൽതന്നെ കോ-ഓർഡിനേറ്റർ മുഖാന്തിരം കേന്ദ്രഓഫീസിൽ അറിയിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. അതോടൊപ്പം പരിശീലനപരിപാടികൾ, ബോധവത്ക്കരണ ക്ലാസുകൾ, ആശാകിരണം 'ഹരിതവർഷം-ഹരിതഗ്രാമം' പദ്ധതികൾ തുടങ്ങിയവയും പ്ലാൻ ചെയ്ത് ഫലപ്രദമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. SHG കളുടെ ശാക്തീകരണം ലക്ഷ്യമാക്കി 'ഊർജ്ജിതം-2018' പ്രോജക്ട് ഈവർഷം നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ ഉടൻതന്നെ അറിയിക്കുന്നതാണ്.

കഴിഞ്ഞ പ്രവർത്തനവർഷം സമാപിക്കുമ്പോൾ, ക്രിയാത്മകമായ ഒരു തിരിഞ്ഞുനോട്ടം എല്ലാ തലങ്ങളിലും അനിവാര്യമാണ്. കുറവുകൾ പരിഹരിച്ച് മുമ്പോട്ടുപോകാൻ നമുക്ക് പരിശ്രമിക്കാം. എല്ലാവരുടെയും സഹകരണത്തിന് നന്ദിയർപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**(1) കെയർ എ ഫാമിലി ബെനഫിഷറീസ് മീറ്റിംഗ്**

കെയർ എ ഫാമിലി പദ്ധതിയുടെ രണ്ടാംഘട്ട സഹായവിതരണം ചാസ് കോൺഫ്രൻസ് ഹാളിൽ ഏപ്രിൽ 10 ന് 11 മണിക്ക് സംഘടിപ്പിക്കും. ഇടവകകളിൽ

നിന്നും പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

### (2) ഹെൽപ്പ് ഡെസ്ക്ക് മീറ്റിംഗ്

ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവധ ഫൊറോനകളിൽപ്പെട്ട, ഫൊറോനാ കൗൺസിൽ സെക്രട്ടറി, AKCC, യുവദീപ്തി, മാതൃ-പിതൃവേദി, ചാസ് മേഖലാ ഭാരവാഹികൾ എന്നിവരുടെ മീറ്റിംഗ് ഏപ്രിൽ മാസത്തിൽ ക്രമീകരിച്ചിരിക്കുന്നു.

| തീയതി | സ്ഥലം | സമയം | ഫൊറോന |
|---|---|---|---|
| 14.04.2018 | കൈതവന കുട്ടനാട്, എടത്വാ | 3 pm | ആലപ്പുഴ, |
| 15.04.2018 | പാസ്റ്ററൽ സെന്റർ തൃക്കൊടിത്താനം | 3 pm | ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, നെടുംകുന്നം, മണിമല |
| 21.04.2018 | കോട്ടയം ലൂർദ്ദ് | 3 pm | കോട്ടയം, അതിരമ്പുഴ കുടമാളൂർ |

**2018 ഏപ്രിൽ മാസത്തെ യൂണിറ്റുതല പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| ഏപ്രിൽ 4 | മണിമല | കുളത്തൂർ | ബേക്കറി പരിശീലനം |
| ഏപ്രിൽ 08 | തൃക്കൊടിത്താനം | പായിപ്പാട് | മെഡിക്കൽ ക്യാമ്പ് |
| ഏപ്രിൽ 10 | എടത്വാ | കൊടുപ്പുന്ന | കാർപ്പറ്റ് നിർമ്മാണ പരിശീലനം |
| ഏപ്രിൽ 20 | എടത്വാ | തകഴി | കാർപ്പറ്റ് നിർമ്മാണ പരിശീലനം |
| ഏപ്രിൽ 13 | കുട്ടനാട് | കൈനകരി | സംരംഭകത്വപരിശീലനം |
| ഏപ്രിൽ 13 | തൃക്കൊടിത്താനം | നാലുകോടി | കാൻസർ ബോധവത്ക്കരണം |
| ഏപ്രിൽ 15 | തൃക്കൊടിത്താനം | നാലുകോടി | മെഡിക്കൽ ക്യാമ്പ് |
| ഏപ്രിൽ 15 | അതിരമ്പുഴ | ഏറ്റുമാനൂർ | മഹിളാസമാജ വാർഷികം |
| ഏപ്രിൽ 20 | മണിമല | കുളത്തൂർ | യൂണിറ്റ് വാർഷികം |
| ഏപ്രിൽ 22 | തുരുത്തി, ചങ്ങനാശ്ശേരി | പാസ്റ്ററൽ സെന്റർ | പുരുഷ സ്വാശ്രയസംഘസംഗമം |
| ഏപ്രിൽ 22 | അതിരമ്പുഴ | വെട്ടിമുകൾ | യൂണിറ്റ് വാർഷികം |
| ഏപ്രിൽ 24 | കുട്ടനാട് | പള്ളാത്തുരുത്തി | സ്വാശ്രയസംഘസംഗമം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 മാർച്ച് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ഫെബ്രുവരി മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### 1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 360. എലിസബത്ത് | മാത | ഐക്കരച്ചിറ | കുടമാളൂർ |
| 361. ത്രേസ്യാമ്മ തോപ്പിൽ | സഹൃദയ | മുഹമ്മ | ആലപ്പുഴ |

(2) **മ്യൂചൽ ബെനിഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 155. കുരുവിള ചാണ്ടി കൈനിക്കര | വെരൂർ | ചങ്ങനാശ്ശേരി |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2018 മാർച്ച് മാസം 2** കുടുംബങ്ങൾക്ക് ചികിത്സാചെലവായി 14,209/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| ഷീബാ മോൾ സന്തോഷ്, വിത്തുവട്ടിക്കൽ | കുരിശുംമൂട് | 7680 |
| ലിസ്സിയാമ്മ കുഞ്ഞച്ചൻ, പുത്തൻപറമ്പ് | കത്തീഡ്രൽ | 6529 |

(4) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 മാർച്ച് മാസം 17 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 439 അപേക്ഷകർക്ക് 58,000/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### ദേശീയ സർവ്വേ പരിശീലനപരിപാടികൾ

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഡൽഹി AIMS ന്റെ സഹകരണത്തോടെ ചാസ് നടത്തിവരുന്ന ദേശീയ സർവ്വേയുടെ, ലക്ഷദ്വീപിലെ സ്റ്റാഫംഗങ്ങൾക്കുവേണ്ടിയുള്ള ഒന്നാംഘട്ട പരിശീലനം ഫെബ്രുവരി 4-7 തീയതികളിൽ, കവരത്തി പഞ്ചായത്ത് ട്രെയിനിംഗ് ഹാളിൽ നടത്തപ്പെട്ടു. കേരളത്തിലെ രണ്ടാംഘട്ട പരിശീലനം ഫെബ്രുവരി 15-19 തീയതികളിൽ ചങ്ങനാശ്ശേരിയിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടികൾക്ക്, കോഴിക്കോട് IMHANS ലെ ഡോക്ടർമാരും ടെക്നീഷ്യൻസും നേതൃത്വം നൽകി.

### വനിതാ ജനപ്രതിനിധികൾക്ക് സ്ത്രീശാക്തീകരണ പരിശീലന പരിപാടി

കിലയും കേന്ദ്രവനിതാശിശുവികസന മന്ത്രാലയവും സംയുക്തമായി വനിതാജനപ്രതിനിധികൾക്കുവേണ്ട കാര്യശേഷിവികസനത്തിനുള്ള ത്രിദിനപരിശീലനപരിപാടി മാർച്ച് 5,6,7 തീയതികളിൽ ചാസിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ നടത്തി. ജില്ലാ കോർഡിനേറ്റർ കെ. എൻ. ഷീബ ആമുഖ പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളായ സ്ത്രീശാക്തീകരണവും തദ്ദേശ ഭരണസ്ഥാപനങ്ങളും, മാതൃകാപഞ്ചായത്ത്, തദ്ദേശ ഭരണസ്ഥാപനങ്ങളും ഘടകസ്ഥാപനങ്ങളും, സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള പദ്ധതികൾ, സംരക്ഷണത്തിനായുള്ള നിയമങ്ങൾ, സാമൂഹ്യവികസനത്തിന് പങ്കാളിത്ത ആസൂത്രണം, വിവരവിനിമയ സാങ്കേതികവിദ്യ, നേതൃത്വശേഷി പരിശീലനം, ആശയവിനിമയം, എച്ച്.ഐ.വി എന്നീ വിഷയങ്ങളിൽ ചർച്ചകളും ബോധവത്ക്കരണ ക്ലാസുകളും സംഘടിപ്പിച്ചു.

### അസ്സീസി വിദ്യാലയം രജതജൂബിലി ആഘോഷിച്ചു

ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനവും പരിശീലനവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പൂന്തോപ്പ് അസ്സീസി വിദ്യാലയത്തിന്റെ രജത ജൂബിലി മാർച്ച് 10 ന് ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. കെ.സി. വേണുഗോപാൽ എം.

പി. ഉദ്ഘാടനം നിർവ്വഹിച്ചു. നഗരസഭാദ്ധ്യക്ഷൻ ശ്രീ. തോമസ് ജോസഫ്, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പൂന്തോപ്പ് പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാം തുരുത്തിൽ, കൗൺസിലർ ശ്രീമതി ആർ. ഷീബ, പ്രിൻസിപ്പൽ സിസ്റ്റർ ജയ്സ് എന്നിവർ പ്രസംഗിച്ചു.

**ദേശീയ ലഹരി ഉപയോഗ സർവേ-ലക്ഷദ്വീപിൽ രണ്ടാംഘട്ട പരിശീലനം**

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം ഡൽഹി AIIMS ന്റെ സഹകരണത്തോടെ നടത്തുന്ന ദേശീയ സർവേയുടെ ഭാഗമായി, റീജനൽ കോ-ഓർഡിനേഷൻ ഏജൻസിയായ ചാസിന്റെ നേതൃത്വത്തിൽ ലക്ഷദ്വീപിൽ, സർവേ സ്റ്റാഫിന് മാർച്ച് 10 മുതൽ 15 വരെ തീയതികളിൽ രണ്ടാംഘട്ട പരിശീലനം സംഘടിപ്പിച്ചു. ഭവന സന്ദർശനത്തിലൂടെ വ്യക്തികളുമായി അഭിമുഖം നടത്തി ലഹരി ഉപയോഗത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ ലക്ഷ്യ മാക്കിയുള്ള സർവ്വേയുടെ രണ്ടാംഘട്ട പരിശീലനത്തിന് കോഴിക്കോട് IMHANS ൽ നിന്നുള്ള ടീമിനൊപ്പം ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, സർവേ പ്രോജക്ട് കോ-ഓർഡിനേറ്റർ ഫാ. തോമസ് താന്നിയത്ത്, ഓപ്പറേഷണൽ മാനേ ജർ ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട് എന്നിവർ നേതൃത്വം നൽകി. 30 സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

**കോട്ടയം BCM കോളേജ് MSW വിദ്യാർത്ഥികൾ ചാസ് സന്ദർശിച്ചു**

കോട്ടയം BCM **കോളേജ്** MSW വിഭാഗം 30 വിദ്യാർത്ഥികൾ ചാസിന്റെ സാമൂഹ്യ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിന് അദ്ധ്യാപകരുടെ നേതൃത്വത്തിൽ മാർച്ച് 16 ന് കേന്ദ്ര ഓഫീസ് സന്ദർശിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ ചാസിന്റെ സംഘടനാസംവിധാനവും വിവിധ വികസന പദ്ധതികളും വിശദീകരിച്ചു.

## മേഖലാവാർത്തകൾ

**ഔഷധസസ്യതോട്ടം**

ചാസ് ഐക്കരച്ചിറ യൂണിറ്റിൽ ആരംഭിച്ച ഔഷധസസ്യതോട്ടം റവ. ഫാ. ജയിംസ് അത്തിക്കളം ഫെബ്രുവരി 11 ന് ഉദ്ഘാടനം ചെയ്തു. നൂറ്റിമുപ്പതില ധികം തരം ഔഷധസസ്യങ്ങൾ ഉള്ള ഈ തോട്ടം പ്രദേശത്തെ ആരോഗ്യ ജീവിതത്തെ ക്രിയാത്മകമായി സ്വാധീനിക്കാൻ ലക്ഷ്യം വയ്ക്കുന്നു. പ്രദേശ വാസികൾക്ക് ഇതിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കാൻ യൂണിറ്റ് പ്രസിഡന്റ് ശ്രീ കുട്ടപ്പൻ പണ്ടാരക്കുളം, ശ്രീമതി അന്നമ്മ മാണി വളച്ചേരിൽ, ശ്രീ. ജോളി കളമ്പുകാട്ടുശ്ശേരി എന്നിവർ തോട്ടം പരിപാലിച്ചുവരുന്നു.

**സ്വാശ്രയസംഘവാർഷികം**

പള്ളാത്തുരുത്തി യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അമല, ആദിത്യ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ഫെബ്രുവരി 22ന് നടത്തി.

**തയ്യൽ പരിശീലനം നേടിയവരുടെ സംഗമം**

പാണ്ടി യൂണിറ്റിൽ തയ്യൽ പരിശീലനം നേടിയവരുടെ സംഗമം മാർച്ച് 1 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം അദ്ധ്യക്ഷതവഹിച്ചു. 38 അംഗങ്ങൾ പങ്കെടുത്തു.

**പലചരക്ക്കട ആരംഭിച്ചു**

പള്ളാത്തുരുത്തി യൂണിറ്റിലെ 'ജ്യോതി' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ സംഘാംഗങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി മാർച്ച് 3 ന് പലചരക്ക് കട ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യൻ ഇളംകുളം ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**സേവ് എ ഫാമിലി പ്ലാൻ മേഖലാതലമീറ്റിംഗ്**

**കുട്ടനാട്** മേഖലയിലെ സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ മേഖലാതല മീറ്റിംഗ് കൈതവന വിമലഹൃദയ ദൈവാലയത്തിൽ മാർച്ച് 17 ന് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. യേശുദാസ് ഉണ്ണികുപ്പയിൽ സ്വാഗതം ആശംസിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി** മേഖലയിലെ SAFP മീറ്റിംഗ് മാർച്ച് 16 ന് പാറേൽ പള്ളിയിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. എസ്.ബി. കോളേജ് MSW വിദ്യാർത്ഥി അനീഷ് വി സുരേഷ് 'കുട്ടികളുടെ ചൂഷണവും മാതാപിതക്കളുടെ കരുതലും' എന്ന വിഷയത്തിൽ കുട്ടനാട് ചങ്ങനാശ്ശേരി മേഖലകളിൽ ക്ലാസ്നയിച്ചു.

**വനിതാദിനാചരണം**

**അറുന്നൂറ്റിൽപാടം** യൂണിറ്റിൽ മാർച്ച് 3 ന് വനിതാദിനാചരണം സംഘടിപ്പിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീമതി കുഞ്ഞുമോൾ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ കുരിശിങ്കൽ അദ്ധ്യക്ഷതവഹിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ആശംസയർപ്പിച്ചു. സ്വാശ്രയസംഘാംഗങ്ങളിൽനിന്നും മികച്ച സാമൂഹ്യ പ്രവർത്തകയായി തെരഞ്ഞെടുത്ത ശ്രീമതി ജയമ്മ ജോസഫിനെ ആദരിച്ചു. മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**പങ്ങട** യൂണിറ്റിൽ മാർച്ച് 5 ന് സ്വാശ്രയസംഘ സംഗമവും വനിതാദിനവും ആഘോഷിച്ചു. ഐശ്വര്യ മഹിളാസമാജം പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. തോമസ് ജോസഫ് പുതുക്കുളങ്ങര വനിതാദിനസന്ദേശം നൽകി. 98 അംഗങ്ങൾ പങ്കെടുത്തു.

**നാൽപ്പാത്തിമല** ഒരുമ മഹിളാസമാജത്തിന്റെയും മാതൃ-പിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ മാർച്ച് 8 ന് വനിതാദിനാചരണം സംഘടിപ്പിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീമതി സിനി സജി അദ്ധ്യക്ഷതവഹിച്ച സമ്മേളനം ജില്ലാ പോലീസ് മേധാവി വി.എം. മുഹമ്മദ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി (നിർഭയ) സ്വയം പ്രതിരോധ പരിപാടി നടത്തപ്പെട്ടു. ജൈവഅടുക്കളത്തോട്ടം നിർമ്മിച്ചവർക്ക് സമ്മാനങ്ങളും നൽകി.

**പുന്നത്തുറ** യൂണിറ്റിലെ 'സെന്റ് സെബാസ്റ്റ്യൻ, ഏയ്ഞ്ചൽ, സെന്റ് ആന്റണീസ്, ജ്യോതി' എന്നീ സ്വാശ്രയസംഘങ്ങൾ മാർച്ച് 8 ന് വനിതാദിനാചരണവും സംഘ വാർഷികവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോജി പുതിയാപറമ്പിൽ ഓരോസംഘത്തിലെയും ഏറ്റവും പ്രായം കൂടിയ വനിതകളെ

പൊന്നാടയണിയിച്ച് ആദരിച്ചു. ആറാട്ടുവഴി സെന്റ് ജോസഫ്സ് പള്ളിയിൽ മാർച്ച് 8 ന് വനിതാദിനം ആചരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പൗവ്വംചിറ അദ്ധ്യക്ഷതവഹിച്ചു. ആലപ്പുഴ നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീമതി ബീനാ കൊച്ചുവാവ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശവും. നഗരസഭ കൗൺസിലർ ശ്രീമതി കരോളിൻ പീറ്റർ മുഖ്യപ്രഭാഷണവും നടത്തി. ഫാ. തോമസ് കുളത്തുങ്കൽ സ്ത്രീശക്തി പുരസ്കാരം വിതരണം ചെയ്തു.

**ഇത്തിത്താനം** തുരുത്തി മേഖലയുടെ നേതൃത്വത്തിൽ മാർച്ച് 10 ന് വനിതാ ദിനാചരണം നടത്തി. അസംപ്ഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ റെജി മോൾ ചെറിയാൻ ഉദ്ഘാടനം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിൽ മികച്ച സാമൂഹ്യപ്രവർത്തകരായ ശ്രീമതി ലീലാമ്മ ജേക്കബ്, ശ്രീമതി മേരിക്കുട്ടി ജോസഫ്, ശ്രീമതി റോസമ്മ ആന്റണി, ശ്രീമതി ലീലാമ്മ ജേക്കബ്, ശ്രീമതി മറിയമ്മ ജോസഫ്, ശ്രീമതി തങ്കമ്മ നൈനാൻ എന്നിവരെ ആദരിച്ചു.

**കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, ദർശന്റെയും** സംയുക്താ ഭിമുഖ്യത്തിൽ മാർച്ച് 10 ന് വനിതാദിനാചരണം നടത്തി. ചാസ് വെട്ടിമുകൾ യൂണിറ്റിലെ പ്രൊ. ഗ്ലോറി അഗസ്റ്റിന് മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള അവാർഡ് ലഭിച്ചു.

## പരിശീലനപരിപാടികൾ

### തയ്യൽപരിശീലനം സമാപനം

ഇത്തിത്താനം യൂണിറ്റിൽ കഴിഞ്ഞ നാലുമാസങ്ങളായി നടത്തിവന്ന തയ്യൽ പരിശീലനം മാർച്ച് 3 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പരിശീലനം പൂർത്തിയാക്കിയ 34 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**മങ്കൊമ്പ്** യൂണിറ്റിൽ നടന്നുവന്ന തയ്യൽ പരിശീലനം മാർച്ച് 7 ന് സമാപി ച്ചു.യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ അദ്ധ്യക്ഷത വഹി ച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി.

### തയ്യൽ പരിശീലനം ആരംഭിച്ചു

പൊടിപ്പാറ യൂണിറ്റിൽ മാർച്ച് 5 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുളവന തയ്യൽ പരിശീലനം ഉദ്ഘാടനം ചെയ്തു. 34 വനിതകൾ പരിശീലനം നേടിവരുന്നു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### ബേക്കറി

**കായൽപുറം** യൂണിറ്റിൽ മാർച്ച് 6 ന് ബേക്കറി പരിശീലന പരിപാടി സംഘ ടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് മൂലംകുന്നം ഉദ്ഘാടനം നിർവഹിച്ചു. 42 അംഗങ്ങൾ പങ്കെടുത്തു.

**മങ്കൊമ്പ്** യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് മാർച്ച് 6 ന് ബേക്കറി പരിശീലനം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ

കിങ്ങണംചിറ ഉദ്ഘാടനം നിർവഹിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു. കോ-ഓർഡിനേറ്റർമാരായ അൽഫോൻസ് വർഗ്ഗീസ്, ഗ്രേയ്സമ്മ ജോസഫ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**കാർപ്പറ്റ് നിർമ്മാണം**

അറുന്നൂറ്റിൻപാടം യൂണിറ്റിൽ മാർച്ച് 9 ന് കാർപ്പറ്റ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ കുരിശിങ്കൽ ഉദ്ഘാടനം നിർവഹിച്ചു. കോ-ഓർഡിനേറ്റർ ആൻസി ലോനിച്ചൻ പരിശീലനത്തിന് നേതൃത്വം നൽകി 39 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 28.02.2018 | കൃപ | പുഴവാത് | 19 |
| 07.03.2018 | സാന്ത്വനം | എടത്വാ | 12 |
| 07.03.2018 | നന്മ | പാണ്ടങ്കരി | 17 |
| 14.03.2018 | സഹൃദയ | മിത്രക്കരി | 17 |
| 21.03.2018 | അക്ഷയ | ഫാത്തിമാപുരം | 19 |
| 22.03.2018 | കുട്ടനാട് | കായൽപുറം | 11 |
| 22.03.2018 | തിരുഹൃദയം | പാണ്ടങ്കരി | 15 |
| 22.03.2018 | ലിറ്റിൽ ഫ്ളവർ | പാണ്ടങ്കരി | 11 |

**ആശാകിരണം കാൻസർ ബോധവത്ക്കരണം**

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചൈതന്യ) കൈപ്പുഴ ഗ്രാമത്തിൽ മാർച്ച് 15 ന് ക്യാൻസർ ബോധവത്ക്കരണം സംഘടിപ്പിച്ചു. ചാസ് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 64 അംഗങ്ങൾ പങ്കെടുത്തു.

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2018 ഏപ്രിൽ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഏപ്രിൽ | 6-8 | : ആന്തരികസൗഖ്യ ധ്യാനം (വെള്ളി 8:00 a.m. - ഞായർ 3.00 p.m.) |
| ,, | 9-11 | : വിവാഹ ഒരുക്കധ്യാനം |
| ,, | 11 | : നിശാരാധന (6:00 p.m. - 10:00 p.m.) |
| ,, | 12-14 | : ക്രിസ്റ്റീൻ ധ്യാനം - 6-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെ ഉള്ളവർക്ക് (വ്യാഴം 8:00 a.m. - ശനി 4:00 p.m. |
| ,, | 16-18 | : വിവാഹ ഒരുക്കധ്യാനം |
| ,, | 17 | : സോണൽ സേവന സമിതി കൂട്ടായ്മ (2:00 p.m. - 6:00 p.m.) |
| ,, | 19 | : അഖണ്ഡ ജപമാല (10:00 a.m. - 2:00 p.m.) |
| ,, | 20 | : ജാഗരണ പ്രാർത്ഥന |
| ,, | 22-26 | : വിശ്വാസാനുഭവധ്യാനം (ഞായർ 5:00 p.m. - വ്യാഴം 2:00 p.m.) |

**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)* 9446903631

# ആത്മതാകേന്ദ്രം

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി.**

2004 –ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ/ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫീസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/–ൽ അധികം രൂപാ സഹായമായി നല്കി സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G 5 (vi) പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 272 പേർക്ക് 86,000/ രൂപയുടെ ധനസഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുള്ളേച്ചംകളം, ഫാ. തോമസ് താന്നിയത്ത്, എന്നിവരുടെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടംബ വിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്നു നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം** 2018 ഏപ്രിൽ 19 മുതൽ ഏപ്രിൽ 22 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസം: പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല, ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**മദ്യനയത്തിനെതിരെ പ്രതിഷേധം**

സർക്കാർ മദ്യനയത്തിനെതിരെ കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിക്ക് 1001 കത്ത് അയയ്ക്കൽ സമരത്തിന്റെ അതിരൂപതാതല ഉദ്ഘാടനം 23–3–18 വെള്ളിയാഴ്ച അതിരൂപതാ ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ, സംസ്ഥാനതല ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB. *ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0481 2411819 / 8921505386*

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), പാലിയേറ്റീവ് & ഹെൽത്ത് കെയർ

## കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റിവ് & ഹെൽത്ത് കെയർ ചങ്ങനാശ്ശേരി അതിരൂപത

ചങ്ങനാശ്ശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതലകൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകസ്മാരകമായി തുടക്കംകുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 മാർച്ച് മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരുംമാസങ്ങളിലെ പ്രധാന പരിപാടികളും.

### അതിരൂപതാ ടീമിന്റെ സന്ദർശനം

അതിരൂപത ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കലിന്റെയും റിസോഴ്സ് ടീമിന്റെയും നേതൃത്വത്തിൽ അലൻ ഫൗണ്ടേഷൻ മടുക്കമൂട്, തിരുഹൃദയ നിവാസ് സ്കൂൾ പാറേൽ, അൽഫോൻസാ സ്നേഹനിവാസ്, കുറുമ്പനാടം, സെന്റ് ജോസഫ് ഓർഫനേജ് കല്ലൂപ്പാറ, കുടമാളൂർ SH കാരുണ്യ വൃദ്ധ സദനം, അമ്മവീട് തെള്ളകം, ഗാന്ധിനഗർ പ്രോവിഡൻസ് ഹോം തുടങ്ങിയ സ്ഥലങ്ങളിൽ സന്ദർശനം നടത്തി.

### സമരിറ്റൻ പ്രാർത്ഥനാകൂട്ടായ്മ

ചങ്ങനാശ്ശേരി അതിരൂപതയിലെ കെയർ ഹോം പാലിയേറ്റീവ് ശുശ്രൂഷയുടെ പിന്തുണയ്ക്കും, ദൈവാനുഗ്രഹത്തിനുമായി എല്ലാ മാസവും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രത്യേക പ്രാർത്ഥനാ കൂട്ടായ്മയാണ് സമരിറ്റൻ പ്രാർത്ഥനാകൂട്ടായ്മ. രണ്ടാം സമരിറ്റൻ പ്രാർത്ഥനാ കൂട്ടായ്മ ഏപ്രിൽ 20 ചൊവ്വാഴ്ച വൈകുന്നേരം 7 മുതൽ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടന്നു. ഫാ. സോണി മുണ്ടുനടയ്ക്കൽ, സണ്ണി ഇടിമണ്ണിക്കൽ തുടങ്ങിയവർ പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അടുത്ത പ്രാർത്ഥന 2018 ഏപ്രിൽ 25-ാം തീയതി ഇത്തിത്താനം ആശാ ഭവനിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

### ഈസ്റ്റർ കെയർ - 2018

ഈ എളിയ സഹോദരരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കുതന്നെയാണ് സഹായം ചെയ്തത് (മത്തായി 25:40) എന്ന വചനപൂർത്തീകരണം ലക്ഷ്യം വച്ച് ചങ്ങനാശ്ശേരി അതിരൂപത അതിർത്തിയിൽ ഉൾപ്പെടുന്ന 200-ൽ പരം കെയർ ഹോമുകൾ, ചാരിറ്റി സെന്ററുകൾ, ആശുപത്രികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോളനികൾ തുടങ്ങി വിവിധ സ്ഥലങ്ങളിൽ 2018 ഏപ്രിൽ 1 ഈസ്റ്റർ ദിനത്തിലും അനുബന്ധമായും ഭക്ഷണവും വിവിധ സഹായ സാമഗ്രികളും വിതരണം ചെയ്ത പ്രത്യേക കർമ്മപദ്ധതിയാണ് ഈസ്റ്റർ കെയർ - 2018. കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെ നേതൃത്വത്തിൽ മാർ

കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ, കത്തോലിക്കാ കോൺഗ്രസ് (AKCC), യുവദീപ്തി - (SMYM), സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, കുടുംബകൂട്ടായ്മ, സൺഡേസ്കൂൾ, വിവിധ ഇടവകകൾ, സന്ന്യാസമൂഹങ്ങൾ, വിവിധ സ്ഥാപനങ്ങൾ, സാമൂഹിക-സാംസ്കാരിക കൂട്ടായ്മകൾ തുടങ്ങിയവർ പങ്കാളികളായി. ഉത്ഥാനുഭവം വേദനിക്കുന്ന സഹോദരനോടൊപ്പം പ്രകടമാക്കാനുള്ള കർമ്മപദ്ധതിയാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. അതിരൂപതാ ടീമംഗങ്ങൾ ഫൊറോന വികാരിമാർ, സംഘടനാനേതാക്കൾ തുടങ്ങിയവർ വിവിധ സ്ഥലങ്ങളിലെ പരിപാടികളിൽ പങ്കെടുത്തു.

**ഉപവാസപ്രാർത്ഥനാദിനം**

അഭിവന്ദ്യ പിതാവിന്റെ നിർദേശപ്രകാരം 2018 മാർച്ച് 16 വെള്ളി ഉപവാസ പ്രാർത്ഥനാദിനമായി കെയർ ഹോം ഫെല്ലോഷിപ്പിന്റെ (CFCA) നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ ആചരിക്കുകയും പ്രാർത്ഥനാശുശ്രൂഷകൾ സംഘടിപ്പിക്കുകയും ചെയ്തു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അൽമായരുടെയും നേതൃത്വത്തിലാണ് വിവിധ സ്ഥലങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മയും പരിഹാര പ്രദക്ഷിണവും നടന്നത്.

**അതിരൂപതാതല കെയർ ഹോം സർവ്വേ**

ചങ്ങനാശ്ശേരി അതിരൂപതാതിർത്തിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കെയർ ഹോമുകളുടെയും സമഗ്രവിവരശേഖരണവും തുടർക്രമീകരണങ്ങളും ലക്ഷ്യം വച്ച് വിവരശേഖരണസർവ്വേ ആരംഭിച്ചു. വിദഗ്ധ സഹായത്തോടെ പ്രത്യേകമായി രൂപപ്പെടുത്തിയെടുത്ത സർവ്വേ ഓരോ സ്ഥാപനങ്ങളും സന്ദർശിച്ച് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിരൂപതാതലകേന്ദ്ര ഓഫീസിന്റെ പ്രവർത്തനക്രമീകരണവും പുതുക്കിയ കെയർ ഹോം ഡയറക്ടറിയുടെ പ്രസിദ്ധികരണവും ആദ്യഘട്ടത്തിൽ സർവ്വേയിലൂടെ ലക്ഷ്യമിടുന്നു. കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക നം. 9946000599

**സ്നേഹസ്പർശം**

കോട്ടയം ജില്ലാ പോലിസിന്റെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള സ്നേഹസ്പർശം പദ്ധതിയിൽ, (CFCA) പാലിയേറ്റീവ് കെയർ ചങ്ങനാശ്ശേരി അതിരൂപത തുടങ്ങിയവർ പങ്കാളികളായി. ജില്ലാ പോലിസിന്റെ സഹകരണത്തോടെ വിവിധ സ്ഥലങ്ങളിൽ സ്നേഹസ്പർശനം പരിപാടി സംഘടിപ്പിക്കാനുള്ള പിന്തുണ ലഭ്യമാക്കി. ഫാ. ഡോ. സോണി മുണ്ടുനടയ്ക്കൽ ഈ പദ്ധതിയുടെ റിസോഴ്സ് കോർ ടീം മെമ്പറായി പ്രവർത്തിച്ചുവരുന്നു.

**കെയർ ഹോംസ് പ്രധാന പരിപാടികൾ വിവിധ സ്ഥാപനങ്ങളിൽ**

തിരുഹൃദയനിവാസ് സ്പെഷ്യൽ സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ആശിർവാദവും വാർഷികവും 2018 മാർച്ച് 22-ാം തീയതി നടന്നു മാർ തോമസ് തറയിൽ, വിവിധ സാമൂഹിക-രാഷ്ട്രീയ നേതാക്കൾ പരിപാടിയിൽ പങ്കുകൊണ്ടു. നടയ്ക്കപാടം അലൻ ഫൗണ്ടേഷന്റെ വാർഷികവും അവാർഡ് ദാനവും 2018 മാർച്ച് 3 ശനിയാഴ്ച നടന്നു. ഫാ. സോണി മുണ്ടുനടയ്ക്കൽ, ശ്രീമതി എൽസമ്മ ജോബ് തുടങ്ങിയവർ പങ്കെടുത്തു.

(KCBC) **സംസ്ഥാനതല മീറ്റിംഗ്**

2018 മാർച്ച് 22 ന് എറണാകുളം പി. ഒ. സിയിൽ വച്ച് നടന്ന കെയർ ഹോംസ് മീറ്റിംഗിൽ അതിരൂപതയെ പ്രതിനിധികരിച്ച് ഫാ. സോണി മുണ്ടുനടയ്ക്കൽ പങ്കെടുത്തു.

**ഓർത്തിരിക്കാൻ**

- ❖ (KCBC) യുടെയും അഭിവന്ദ്യ പിതാക്കന്മാരുടെയും നിർദേശപ്രകാരം കുട്ടികളുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സംശയനിവാരണത്തിനും സഹായങ്ങൾക്കും ഹെൽപ്ലൈൻ - 9946000599 ബന്ധപ്പെടുക.
- ❖ നമ്മുടെ കെയർ ഹോംസിൽ നടക്കുന്ന എല്ലാ പ്രധാന പരിപാടികളും അതിന്റെ ഫോട്ടോയും അതിരൂപതാതലത്തിൽ അറിയിക്കുന്നതുവഴി മദ്ധ്യസ്ഥനിലും ഇതര പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനും ഡോക്യുമെന്റേഷനും സഹായമായിരിക്കും.
- ❖ പാലിയേറ്റീവ് പരിശീലനം നടത്താൻ താൽപര്യമുള്ള ഇടവകകൾ, അർധദിന ഓറിയന്റേഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവകതല സംഘടനകൾ തുടങ്ങിയവർ അതിരൂപതാ ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്. തുടർ സഹായങ്ങൾ ചെയ്യുന്നതാണ്.
- ❖ നമ്മുടെ കൂട്ടായ്മയിൽ അംഗമായ ഏതെങ്കിലും സ്ഥാപനങ്ങൾ ദൈനംദിന അത്യാവശ്യകാര്യങ്ങൾക്കായി സാമ്പത്തികമായും അല്ലാതെയും വിഷമിക്കുന്നുവെങ്കിൽ അതിരൂപതാതലത്തിൽ അറിയിച്ചാൽ തുടർസഹായങ്ങൾക്കായുള്ള ഒരു സപ്പോർട്ട് ടീം രൂപീകരിച്ചിട്ടുണ്ട്. അവരുടെ സഹായം കേന്ദ്ര ഓഫീസുവഴി ലഭ്യമാക്കുന്നതാണ്.

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

“സമയം കടന്നുപോകുന്നതനുസരിച്ച് സ്വസ്ഥമായിരിക്കാനും ക്രമപ്പെട്ട ശൈലികളിൽ പ്രവർത്തിക്കാനുമുള്ള പ്രലോഭനം കൂടിക്കൊണ്ടിരിക്കും. ഇത് ആശ്വാസപ്രദമാണെങ്കിലും വരണ്ടതായിരിക്കും. സഭാത്മക പക്വത കൈവരിക്കുന്നതിന് നിങ്ങളുടെ വരദാനങ്ങളുടെ പുതുമ നിലനിർത്തുക. ഓരോരുത്തരുടെയും വ്യക്തി സ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്യുക. ആശയ വിനിമയത്തിന് എപ്പോഴും യത്നിക്കുക. ഐക്യമെന്നത് ഏകരൂപമല്ല, ആശയ സംഘർഷം നിലവിലുള്ളപ്പോഴും നിലനിൽക്കുന്നതാണു ഐക്യം.

– **ഫ്രാൻസീസ് മാർപാപ്പ** (നവംബർ 2014)
കാത്തലിക് ഫ്രറ്റേണിറ്റികളുടെ സംഗമത്തിൽ

**നീർച്ചാൽ 2018**

കരിസ്മാറ്റിക് നേതൃനിരയിലുള്ളവരുടെ സബ്റീജിയൻ തല കൺവൻഷൻ (നീർച്ചാൽ 2018) കാഞ്ഞിരപ്പള്ളി അതിരൂപതാ പാസ്റ്ററൽ സെന്ററിൽ, അഭിവന്ദ്യ പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷ്യത്തിൽ നടന്നു. ചങ്ങനാശ്ശേരിയിൽനിന്ന് 35 പ്രതിനിധികൾ പങ്കെടുത്തു.

**ക്രിസ്റ്റീൻ മിഷൻ ധ്യാനം കുന്നന്താനത്ത്**

ഏഴാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഏപ്രിൽ 12, 13, 14 തീയതികളിൽ, കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നു. ഏപ്രിൽ 12 വ്യാഴാഴ്ച രാവിലെ 8 മണിക്ക് ആരംഭിക്കുന്ന ധ്യാനത്തിന്റെ വിശദവിവരങ്ങൾക്കായി 9446257763 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ജീവവാരം**

കരിസ്മാറ്റിക് നവീകരണത്തിന്റെ ഔദ്യോഗിക ജിഹ്വയായ ‘ജീവജ്വാല’ മാസികയുടെ പ്രചരണാർത്ഥം ഭവനസന്ദർശനം തുടങ്ങിയ പുരിപാടികൾ സംഘടിപ്പിക്കുന്നു. ഏപ്രിൽ 16–22 വരെയാണ് ‘ജീവവാരം’ ആചരിക്കുന്നത്.

**സോണൽ സബ്സോണൽ ടീമംഗങ്ങളുടെ കൂട്ടായ്മ**

ചങ്ങനാശ്ശേരിയിലെ സോണൽ, സബ്സോണൽ സേവന സമിതികളുടെ കൂട്ടായ്മ ഏപ്രിൽ 14 രണ്ടാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ സെഹിയോൻ ധ്യാനകേന്ദ്രത്തിൽ (കുന്നന്താനം) വച്ച് കൂടുന്നതായിരിക്കും.

**2018 പ്രാർത്ഥനാ ഗ്രൂപ്പ് വർഷം**

“പ്രാർത്ഥിക്കുക, നിലനിൽക്കുക” എന്ന ലക്ഷ്യവുമായി വ്യക്തിപരവും, കൂട്ടായ്മയായുമുള്ള പ്രാർത്ഥനാ ജീവിതത്തെ പ്രോത്സാഹിപ്പിക്കാനായി ചങ്ങനാശ്ശേരി സോണിലും പ്രാർത്ഥനാ ഗ്രൂപ്പ് വർഷം ആചരിക്കുന്നു.

ചങ്ങനാശ്ശേരിയിലെ എല്ലാ പ്രാർത്ഥനാ ഗ്രൂപ്പുകളും സന്ദർശിക്കുക, ഏകദിന കരിസ്മാറ്റിക് ശുശ്രൂഷകൾ എല്ലാ ഇടവകകളിലും സംഘടിപ്പിക്കുക, ‘ലൈഫ് ഇൻ ദ സ്പിരിറ്റ്’. (LSS) സെമിനാറുകൾ സംഘടിപ്പിക്കുക, തുടങ്ങി ഇടവക കേന്ദ്രീകൃതമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ KCBC കരിസ്മാറ്റിക് കമ്മീഷൻ (KCCRST) നിർദ്ദേശിച്ച വിവരം എല്ലാ ടീമംഗങ്ങളെയും ഒരിക്കൽ കൂടി അറിയിക്കുന്നു. അടുത്ത ഇടവക കൺവൻഷൻ ഏപ്രിൽ 18 ന്, പള്ളിക്കൂട്ടുമ്മ, ഫാത്തിമാമാതാ പള്ളിയിൽ.

സ്നേഹപൂർവ്വം, ഈശോയിൽ,

**ഫാ. മാത്യു താന്നിയത്ത്**
സോണൽ ഡയറക്ടർ
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
കോർഡിനേറ്റർ
ഫോൺ: 9061954230

# ദലിത് കത്തോലിക്കാ മഹാജനസഭ

## DCMS തിരഞ്ഞെടുപ്പ് സർക്കുലർ

### ജയിംസ് ഇലവുങ്കൽ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു മാത്യു ജോസഫ് ജനറൽ സെക്രട്ടറി

ചങ്ങനാശ്ശേരി ദലിത് കത്തോലിക്കാ മഹാജനസഭ DCMS അതിരൂപതാ പ്രസിഡന്റായി ജെയിംസ് ഇലവുങ്കലിനെ വീണ്ടും തിരഞ്ഞെടുത്തു. സന്ദേശനിലയം ഹാളിൽ കൂടിയ തിരഞ്ഞെടുപ്പ് സെമിനാർ വികാരി ജനറാൾ മോൺ ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി നേതൃത്വം നൽകി. സംസ്ഥാന സെക്രട്ടറി എൻ.ഡി. സെലിൻ റിട്ടേണിംഗ് ഓഫീസറായിരുന്നു.

വൈസ് പ്രസിഡന്റ് സിജോ ജേക്കബ്, ജനറൽ സെക്രട്ടറി മാത്യു ജോസഫ്, ജോയിന്റ് സെക്രട്ടറി ജെസി ജോൺ, ഖജാൻജി പി. ഡി. ജോസഫ്, ഓർഗനൈസർ ജോൺ ചാക്കോ, കമ്മറ്റി അംഗങ്ങളായി മിനിറോയി, ത്രേസ്യാമ്മ ജോസഫ്, ലെനിൻ ജോസഫ്, ജോസ് കാവാലിക്കര, റോബി ആന്റണി, ജോയി മാത്യു, മറിയാമ്മ ജോസഫ്, സെബാസ്റ്റ്യൻ ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ 24.3.2018 3 പി.എം. നു അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനെ സന്ദർശിക്കും.

**പിന്നോക്കാ വിഭാഗ വികസന കമ്മീഷൻ മുമ്പാകെ DCMS ഡയറക്ടർ, ഭാരവാഹികൾ ഹാജരായി**

2017 ആഗസ്റ്റ് 21 ന് ജസ്റ്റീസ് സൺഡേദിനാചരണത്തോടനുബന്ധിച്ച് പൊതുസമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയം (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ദലിത് ക്രൈസ്തവർക്ക് പട്ടിക ജാതി സംവരണം പുനഃസ്ഥാപിക്കണം) പ്രധാനമന്ത്രിക്കു അയക്കുകയും ടി പ്രമേയത്തിന്റെ കോപ്പി കേന്ദ്ര സർക്കാർ സംസ്ഥാന പിന്നോക്ക വിഭാഗ വികസനകമ്മീഷനു അയക്കുകയും ഇതിന്റെ തെളിവെടുപ്പിനായി DCMS അതിരൂപത ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി, പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ മുൻ സംസ്ഥാന പ്രസിഡന്റ് സി.സി. കുഞ്ഞുക്കൊച്ച് എന്നിവർ പങ്കെടുത്തു തെളിവുകൾ സമർപ്പിച്ചു.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല. ഉയിർപ്പിക്കപ്പെട്ടു. മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുകയും, മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു, എന്നു താൻ ഗലീലിയായിൽ ആയിരുന്നപ്പോൾത്തന്നെ നിങ്ങളോടു പറഞ്ഞതോർക്കുവിൻ" (ലൂക്കാ. 24:5-7) ഏവർക്കും ഉത്ഥാനോത്സവത്തിന്റെ മംഗളങ്ങളും, ആശംസകളും. "നിങ്ങളുടെ പ്രവൃത്തികളും, വിശുദ്ധർക്കു നിങ്ങൾ ചെയ്തതും, ചെയ്യുന്നതുമായ ശുശ്രൂഷയിലൂടെ തന്റെ നാമത്തോടു കാണിച്ച സ്നേഹവും വിസ്മരിക്കുവാൻ മാത്രം നീതിരഹിതനല്ലല്ലോ ദൈവം. നിങ്ങളിൽ ഓരോരുത്തരും നിങ്ങളുടെ പ്രത്യാശയുടെ പൂർത്തീകരണത്തിനായി അവസാനംവരെ ഇതേ ഉത്സാഹംതന്നെ കാണിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ നിരുത്സാഹരാകാതെ വിശ്വാസവും ദീർഘക്ഷമയും വഴി വാഗ്ദാനത്തിന്റെ നിന്റെ അവകാശികളായവരെ അനുകരിക്കുന്നവരാകണം നിങ്ങൾ" (ഹെബ്രാ. 6:10-12).

ഹെൻറിവാൻ ഡൈക് എന്ന ഫിക്ഷൻ രചയിതാവ് 1895-ൽ പ്രസിദ്ധീകരിച്ച "ദി ഫോർത്ത് വൈസ്മേൻ" എന്ന് നോവൽ അത്ര കണ്ടു പ്രസിദ്ധി നേടിയില്ലെങ്കിലും അതിലെ ആർറ്റബാൻ (Aartaban) എന്ന കഥാപാത്രം എന്നെ ഏറെ ആകർഷിച്ചു, പേർഷ്യാ രാജ്യത്ത് ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു ദീർഘവീക്ഷണം ലഭിച്ച ഒരു വൈജ്ഞാനിയായിരുന്നു അദ്ദേഹം. അതനുസരിച്ച് തന്റെ സ്വത്തുക്കൾ മുഴുവൻ വിറ്റ് വിലപ്പിടിപ്പുള്ള രത്നങ്ങളും മറ്റും ശേഖരിച്ച് ഉണ്ണിക്കു കാഴ്ചവെക്കുവാൻ തീരുമാനിച്ചു. അതിനായി മൂന്നു രാജാക്കന്മാർക്കൊപ്പം പോകുവാനായിട്ടു പേർഷ്യൻ മലനിരകളിൽനിന്ന് യാത്രപുറപ്പെട്ടു, വഴിമദ്ധ്യേ മാരകമായി അസുഖംപിടിച്ച ഒരാൾ തന്റെ സഹായം അഭ്യർത്ഥിച്ചു. ഉണ്ണിയേശുവിനെ കാണുവാൻ ബേദ്ലഹേമിലേക്കു പോകുന്ന കാര്യങ്ങൾ അവതരിപ്പിച്ചുവെങ്കിലും ഗത്യന്തരമില്ലാതെ തന്റെ കാഴ്ചവസ്തുക്കളിൽ ഒരു ഭാഗം വിറ്റഴിച്ച് അവരെ സഹായിച്ചു. യാത്രയിൽ താമസം നേരിട്ടതിനാൽ ഒരു ഒട്ടകത്തിൻ പുറത്തുകയറി പെട്ടെന്നു ചെന്നെങ്കിലും മൂന്നു രാജാക്കന്മാർ പൊന്നും, മീറയും, കുന്തിരിക്കവും ഉണ്ണിയേശുവിന് കാഴ്ച യർപ്പിച്ച് പോയിരുന്നു. ഒപ്പം മറിയവും യൗസേപ്പും രഹസ്യമായി ഉണ്ണിയേയുംകൊണ്ട് പാലായനം ചെയ്തുവെന്നും മനസ്സിലാക്കി. അവിടെ വച്ച് നിസ്സഹായയായ ഒരു സ്ത്രീയുടെ കടിഞ്ഞൂൽ ആൺകുട്ടിയെ രക്ഷിക്കുവാൻവേണ്ടി തന്റെ ശേഖരണത്തിലെ രണ്ടാം ഭാഗവും വിൽക്കുവാൻ ഇടവന്നു.

പിന്നീട് ഈശോയെ കാണുവാനുള്ള തന്റെ ആഗ്രഹവുമായി 33 വർഷം കടന്നുപോയി അവസാനം ഗാഗുൽത്താമലയിലേക്കു കുരിശുമായി പോകുന്ന യേശുനാഥന് തന്റെ ബാക്കിശേഖരണം കൊടുക്കുവാൻപോയ യാത്രാമദ്ധ്യേ പട്ടാളക്കാരാൽ പീഡിപ്പിക്കപ്പെടുന്ന ഒരു പെൺകുട്ടിയെ രക്ഷപെടുത്തുന്നതിനായി അതും നൽകേണ്ടിവന്നു. ഇനിയും ക്രിസ്തുനാഥനെ കാണുമ്പോൾ കൊടുക്കുവാൻ തന്റെ കൈവശം ഒന്നുമില്ലെന്നുള്ള ചിന്തയിൽ അദ്ദേഹം ബോധ

രഹിതനായി വീണു. എന്നാൽ തന്റെ അർദ്ധബോധാവസ്ഥയിൽ ഒരു അശരീര സ്വരം തനിക്കുകേൾക്കുവാനിടയായി" സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ സഹായിച്ച ഓരോ വ്യക്തിയും ഞാൻ തന്നെയായിരുന്നു. ഭയപ്പെടേണ്ട നിന്റെ രത്നശേഖരം മുഴുവൻ എനിക്കുതന്നെയാണു ലഭിച്ചത്." അങ്ങനെ തന്റെ "രാജാവിനെ" കണ്ട സംതൃപ്തിയിൽ ആർറ്റാബാൻ ഈ ലോകവാസം വെടിഞ്ഞു. (കടപ്പാട് NCI)

ഇതു തരുന്ന ഗുണപാഠം ദൈവം തരുന്ന സമ്പാദ്യം നമുക്കുവേണ്ടിയുള്ളതല്ല, പിന്നെയോ മറ്റുള്ളവർക്കുവേണ്ടി നന്മ ചെയ്യുവാനുള്ളതാണ്. അതു പ്രാവർത്തികമാക്കുവാൻവേണ്ടിയാണ് നമ്മളും പരിശ്രമിക്കേണ്ടത്.

**സി. സി. മീറ്റിംഗ്**

അടുത്ത സി. സി. യോഗം 2018 ഏപ്രിൽ 14 ന് ശനിയാഴ്ച (രണ്ടാം ശനി) കാലത്ത് 09.45 ന് സി. സി. ഓഫീസിൽ വച്ചായിരിക്കും. എല്ലാ എ. സി. പ്രസിഡന്റുമാരും മറ്റു ഭാരവാഹികളും ഉപേക്ഷ വിചാരിയ്ക്കാതെ പങ്കെടുക്കണമെന്നു താല്പര്യപ്പെടുന്നു. വാർഷികകണക്കും വിഹിതവും സി. സി.യിൽ ഏൽപ്പിക്കുവാൻ ഒരു കാരണവശാലും മറക്കരുത്. പ്രസ്തുത വിവരങ്ങൾ ഇ.മെയിൽ വഴിയോ ബാങ്കു ട്രാൻസ്ഫർ ഓൺലൈൻ വഴി വേണമെങ്കിലും നടത്താവുന്നതാണ്. സി. സി. അക്കൗണ്ട് നമ്പരും മറ്റും നേരത്തെ അറിയിച്ചിട്ടുള്ളതാണല്ലോ. 2018-ലെ ഡയറിയിൽ ഇപ്പോൾ ലഭിക്കുന്ന പേരും അഡ്രസുമായിരിക്കും ഉൾപ്പെടുത്തുക.

**എ. സി. വാർഷികം**

സി. സി. വാർഷികപൊതുയോഗമായ മെയ് 20 നു മുമ്പ് എ. സി. വാർഷികം ക്രമപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഉപേക്ഷ വിചാരിക്കുകയില്ലായിരിക്കുമല്ലോ?

**കത്തുകൾ**

വിദേശകത്തുകൾ മുടക്കം കൂടാതെ അയയ്ക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് ഇംഗ്ലണ്ട് വെയിൽസ് കോർഡിനേറ്റർ ഡേവിഡ് വൈൽ ഓർമ്മപ്പെടുത്തുകയുണ്ടായി. ഇതിനായി ഇ.മെയിലോ, വാട്സ്ആപ്പോ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. എന്തുതന്നെയായാലും കത്തിടപാടുകൾ യാതൊരു കാരണവശാലും മുടക്കരുതെന്ന് അടിവരയിട്ട് അദ്ദേഹം ഓർമ്മപ്പെടുത്തി.

"ദൈവവചനം കേട്ട് അത് പാലിക്കുന്നവർ ഭാഗ്യവാന്മാർ (ലൂക്കാ. 11:28). സർവ്വശക്തന്റെ കാരുണ്യത്താൽ നമുക്കതു സാധിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി. സി. പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

(Secular Franciscan Order-SFO)

**"സമാധാനം – സൗഭാഗ്യം"**

ഉത്ഥാനംവഴി പാപത്തെയും മരണത്തെയും വിജയിച്ച മിശിഹായിലൂടെ കൈവന്ന രക്ഷയിലും പുതുജീവനിലും സഭ ആഹ്ലാദിക്കുന്ന കാലഘട്ടമാണല്ലോ ഉയിർപ്പുകാലം. നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയായ ഉത്ഥാന സംഭവം ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ്. "ക്രിസ്തു ഉയിർക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി. 15:14) എന്നുള്ള വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇത് വ്യക്തമാക്കുന്നു. ഈശോയുടെ ഉത്ഥാനം മനുഷ്യന് സമാധാനം പ്രദാനം ചെയ്തു. പാപത്തിന്റെയും മരണത്തിന്റെയും ആധിപത്യത്തിൻകീഴിൽ അസ്വസ്ഥമായിരുന്ന മനസ്സുകൾക്ക് നിലയ്ക്കാത്ത ആനന്ദവും സംതൃപ്തിയും അത് നൽകി. ഈശോയ്ക്കു മാത്രമേ യഥാർത്ഥ സമാധാനം നൽകാനാവൂ. ഈശോ തന്നെയാണ് സമാധാനം. അവിടുന്ന് സമാധാനം സ്ഥാപിച്ചു. സമാധാനം പ്രസംഗിച്ചു. ഉയിർപ്പുതിരുനാൾ നമ്മെ നയിക്കട്ടെ. ഏവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

## SFO അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ്

SFO ചങ്ങനാശ്ശേരി അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ് 6.3.2018 ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ വെച്ച് കൂടുകയുണ്ടായി. സായാഹ്നപ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച മീറ്റിംഗിൽ അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ അദ്ധ്യക്ഷനായിരുന്നു. ഗെത്സെമനി ആശ്രമ ഭ്രാതൃത്വ സ്പിരിച്ച്വൽ അസിസ്റ്റന്റ് റവ. ഫാ. ഫ്രാൻസീസ് പൊന്നുംപുരയിടം OFM Cap. ആമുഖസന്ദേശം നൽകി. അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് കഴിഞ്ഞ യോഗ റിപ്പോർട്ട് അവതരിപ്പിച്ചു. 7–ാംമത് നോമ്പുകാല പീഡാനുഭവ പദയാത്ര, ശതോത്തര സുവർണ്ണ ജൂബിലി കലണ്ടർ, ജൂബിലി ഭവനനിർമ്മാണം ജൂബിലി ആഘോഷ പരിപാടികൾ, റീജണൽ സെമിനാറുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തി. തുടർന്ന് 7–ാമത് നോമ്പുകാല പീഡാനുഭവപദയാത്ര മാർച്ച് 17–ാം തീയതി ശനിയാഴ്ച നടത്തുവാനും, അതിനുവേണ്ട ക്രമീകരണങ്ങൾ എടത്വാ റീജണിലെ, മുട്ടാർ, എടത്വാ ഭ്രാതൃത്വ പ്രസിഡന്റുമാരുടെ മേൽനോട്ടത്തിൽ നടത്തുവാനും ചുമതലപ്പെടുത്തി. ജൂബിലിസ്മാരക ഭവനനിർമ്മാണത്തിനുള്ള ഫണ്ട് പിരിവ് ഓരോ ഭ്രാതൃത്വങ്ങളും ഉദാരമായി സംഭാവന ചെയ്യുവാനും അതിന്റെ ആദ്യഫണ്ട് പിരിവിന്റെ ഉദ്ഘാടനം നെടുംങ്കുന്നം ഭ്രാതൃത്വം 10,000 രൂപ പ്രസിഡന്റ് ജോൺ റ്റി. ജെ. തെക്കുംമുറിയിൽനിന്നും പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ ഏറ്റുവാങ്ങി നിർവ്വഹിച്ചു. ജൂബിലി കലണ്ടറുകളുടെ കളക്ഷൻ തുക സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ ഏറ്റുവാങ്ങി. ജൂബിലി ആഘോഷ പരിപാടികൾ റീജണൽ തലത്തിൽ കുട്ടനാട് റീജൺ ആദ്യം നടത്തുവാനും, തുടർന്ന് മറ്റു റീജണുകളും വിവിധ പരിപാടികളോടെ നടത്തുവാനും 7–ാമത് നെമ്പുകാലപീഡാനുഭവ പദയാത്രയിൽ ബഹു. ജോമോൻ ആശാംപറമ്പിൽ അച്ചന്റെ രോഗ

സൗഖ്യത്തിനായി പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ച് SFO അംഗങ്ങൾ പദയാത്രയിൽ പങ്കെടുക്കുവാനും തീരുമാനിച്ചു. SFO അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ് യോഗത്തിനു കൃതജ്ഞത അർപ്പിച്ചു. സമാപന പ്രാർത്ഥനയ്ക്കുശേഷം 5 മണിക്ക് യോഗം സമംഗളം പര്യവസാനിച്ചു.

**7-ാമതു നോമ്പുകാല പീഡാനുഭവ പദയാത്ര**

SFO ചങ്ങനാശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 7-ാം മത് നോമ്പുകാല പീഡാനുഭവ പദയാത്ര മാർച്ച് 17-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ നിന്നും എടത്വാ സെന്റ് ജോർജ് ദൈവാലയത്തിലെ ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്ക് നടത്തി വിവിധ ഇടവകളിൽനിന്നും SFO അംഗങ്ങൾ രാവിലെ 9 മണിക്ക് മുട്ടാർ പള്ളിയിൽ എത്തിച്ചേർന്നപ്പോൾ ഇടവക വികാരി റവ. ഫാ. എബ്രഹാം തയ്യിൽ പദയാത്ര ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കുരിശിന്റെ വഴി, കരുണക്കൊന്ത, ജപമാല എന്നീ പ്രാർത്ഥനകൾ ഉരുവിട്ട് ഉച്ചയ്ക്ക് 12 മണിക്ക് എടത്വാ ഫൊറോനാപള്ളിയിലെ ദൈവദാസൻ പുത്തൻ പറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തിച്ചേർന്നപ്പോൾ ഫൊറോനാ വികാരി വെരി. റവ. ഫാ. ജോൺ മണക്കുന്നേൽ, റവ. ഫാ. ഫ്രാൻസിസ് പൊന്നുംപുരയിടം OFM Cap. എന്നിവരുടെ കാർമ്മികത്വത്തിൽ ഒപ്പീസു പ്രാർത്ഥന നടത്തി. തുടർന്ന് ദൈവാലയത്തിൽ വെച്ച് പദയാത്രയെ സ്വാഗതം ചെയ്തുകൊണ്ട് ഫൊറോനാ വികാരി വെരി. റവ. ഫാ. ജോൺ മണക്കുന്നേൽ പീഡാനുഭവ പ്രസംഗം നടത്തി. തുടർന്ന് റവ. ഫാ. ഫ്രാൻസിസ് പൊന്നുംപുരയിടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും അതിനുശേഷം മൺചട്ടിയിലുള്ള നേർച്ച കഞ്ഞി വിതരണവും ഉണ്ടായിരുന്നു. പദയാത്രയ്ക്ക് SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ, സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, റീജണൽ പ്രസിഡന്റുമാരായ പ്രൊഫ. മാത്യു ജോർജ്ജ് വെള്ളാപ്പള്ളിപ്പുരയ്ക്കൽ, ആന്റണി ചാക്കോ കൊങ്ങംപള്ളിൽ, തോമസുകുട്ടി ഇട്ടിയംപറമ്പിൽ, ലാലപ്പൻ കെ. ജോസഫ് കണിച്ചേരിൽ, പി. റ്റി. തോമസ് പുന്നശ്ശേരി, ലില്ലിക്കുട്ടി തോമസ് ആയല്ലൂർ എന്നിവർ നേതൃത്വം നൽകി. പദയാത്ര ദൈവാനുഗ്രഹപ്രദമാക്കുവാൻ പരിശ്രമിച്ച മുട്ടാർ, എടത്വാ, ഭ്രാതൃത്വ ഭാരവാഹികൾ, ഭ്രാതൃത്വാംഗങ്ങൾ, ജോയിച്ചൻ പേരായിൽ, ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ എന്നിവർക്കും SFO അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു.

**നിര്യാതരായി**

ഇരവുചിറ സെന്റ് മേരീസ് ഭ്രാതൃത്വ പ്രസിഡന്റ് ശ്രീ. എം. സി. തോമസ് മുണ്ടുവേലിന്റെ ഭാര്യ കെ. കെ. മോളിയമ്മ (65) നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ശവസംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതയ്ക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ.

ഉത്ഥിതനായ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

# ദീപിക ഫ്രണ്ട്സ് ക്ലബ്

ദീപിക ഫ്രണ്ട്സ് ക്ലബ് സംസ്ഥാന കൺവൻഷൻ 2018 മെയ് 26 ന് പാലായിൽ നടത്തുന്നതിന് തീരുമാനിച്ചു. സംസ്ഥാന കൺവൻഷന് മുന്നോടിയായി മൂന്ന് മാസത്തെ ദീപിക തീവ്രയജ്ഞ പ്രചരണ പരിപാടി (2018 മാർച്ച് 1 മുതൽ മെയ് 31 വരെ) നടത്താൻ തീരുമാനം ഉണ്ടായി. നമ്മുടെ അതിരൂപതയിൽ 5000 പുതിയ വരിക്കാരെ കണ്ടെത്തുവാൻ ടാർജറ്റ് നിശ്ചയിച്ചു. ഒരു ഫൊറോനയിൽ കുറഞ്ഞത് 500 പുതിയ വാർഷിക വരിക്കാരെയെങ്കിലും ഈ കാലപരിധിക്കുള്ളിൽ ചേർക്കണം. ഓരോ ഡി.എഫ്.സി. യൂണിറ്റ് കുറഞ്ഞത് 50 പുതിയ വാർഷിക വരിക്കാരെയെങ്കിലും കണ്ടെത്തേണ്ടതാണ്. ഏറ്റവും കൂടുതൽ കോപ്പികൾ കണ്ടെത്തുന്ന ഡി.എഫ്.സി. അംഗങ്ങൾ യൂണിറ്റുകൾ, ഫൊറോന, രൂപതാതലങ്ങളിൽ സമ്മാനങ്ങൾ നൽകുവാനും തീരുമാനിച്ചു. സ്പോൺസർഷിപ്പിലൂടെ പ്രാദേശികതലത്തിൽ കടകളിൽ ദീപികയുടെ ബോർഡ് സ്ഥാപിക്കുന്നതിന് സമ്മാനങ്ങൾ നൽകുന്നു.

സംസ്ഥാന കൺവൻഷന് മുന്നോടിയായി കർഷകമുന്നേറ്റ വിളംബരജാഥ കാസർകോഡ് മുതൽ തിരുവനന്തപുരം വരെ മുഴുവൻ രൂപതകളേയും ഉൾപ്പെടുത്തികൊണ്ട് മെയ് 1 മുതൽ 25 വരെ നടത്തുന്നു. വിളംബരജാഥ ചങ്ങനാശേരി അതിരൂപതയിൽ മെയ് 21, 22, 23 തീയതികളിൽ നടത്തപ്പെടും. വിളംബരജാഥയോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ 132 കേന്ദ്രങ്ങളിൽ വിവിധ വിഷയങ്ങളെപ്പറ്റി സെമിനാറുകൾ സംഘടിപ്പിക്കും. സംസ്ഥാന കൺവൻഷന് 20000 പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് റാലിയും പൊതുസമ്മേളനവും നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ഡി.എഫ്.സി. സംസ്ഥാന കൺവൻഷന് മുന്നോടിയായി അതിരൂപതാ ആലോചനായോഗം അതിരൂപതാകേന്ദ്രത്തിൽ വച്ച് ഏപ്രിൽ 4-ാം തീയതി ഉച്ച കഴിഞ്ഞ് 2.30 ന് നടത്തപ്പെടുന്നു.

കൺവൻഷന് മുന്നോടിയായി ഫൊറോനതല മീറ്റിംഗുകൾ എല്ലാ ഫൊറോനകളിലും നടന്നുകഴിഞ്ഞു. ഫൊറോന തല മീറ്റിംഗുകളിൽ അതിരൂപതാ ഡയറക്ടറും, അതിരൂപതാ ഭാരവാഹികളും, ദീപികയുടെ സർക്കുലേഷൻ മാനേജർ ഉൾപ്പെടെയുള്ള ആളുകൾ പങ്കെടുത്തു. ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളുടെ യോഗം നടന്നുകൊണ്ടിരിക്കുന്നു. ഈ മീറ്റിംഗുകളിൽ ഇനി ഡ്രീം ലൈൻ പ്രൊജക്ട് നടപ്പാക്കാത്ത പള്ളികളിൽ പുതിയ വാർഷിക വരിക്കാരെ ചേർക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ദീപിക ഫ്രണ്ട്സ് ക്ലബ് അംഗങ്ങൾ നടപ്പിലാക്കിവരുന്നു.

| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|
| **ഫാ. ജേക്കബ് ചക്കാത്ര** | **സണ്ണി പുളിങ്കാല** | **ബാബു വള്ളപ്പുര** |

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലിജിയൻ ഓഫ് മേരി ഭക്തസംഘടനയുടെ വാർഷിക ചടങ്ങുകളിൽ പ്രധാനപ്പെട്ട ആച്ചിയസ് (സൈനിക പ്രകടനം) 11.3.2018 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 1.45 ന് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടുംകൂടി ആരംഭിച്ചു. ജ്ഞാനവായന 'സൈനികപ്രകടനം' എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. ഡയറക്ടർ ഫാ. ജോജോ പുതുവേലി പ്രഭാഷണം നടത്തി.

മംഗളവാർത്ത തിരുനാളായ മാർച്ച് 25 നോട് ബന്ധപ്പെട്ടാണ് ആച്ചിയസ് നടത്താറുള്ളത്. ഓരോ സൈനീകനും നിർബന്ധമായും ഇതിൽ സംബന്ധിച്ച് പ്രതിജ്ഞ പുതുക്കണം. ആച്ചിയസ് "യുദ്ധസന്നദ്ധമായി അണിനിരന്നു നിൽക്കുന്ന ഒരു സൈന്യമെന്നാണ്" ഈ ലത്തീൻ പദത്തിന്റെ അർത്ഥം. പ്രതിജ്ഞ പുതുക്കാൻ സാധിക്കാത്ത ഒരു സൈനികന് ലീജിയനിൽ അംഗ മായിരിക്കാൻ സാധിക്കില്ലെന്ന് നിയമഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത് അച്ചൻ വ്യക്ത മാക്കി. അങ്ങനെ ചെയ്യാത്ത സൈനികന് ലീജിയൻ ചൈതന്യം ഉണ്ടാകാൻ പോകുന്നില്ല. യുദ്ധം ചെയ്യുകയെന്നു പറഞ്ഞാൽ ഓരോ സൈനികനും തിന്മയ്ക്കെതിരെ പോരാടുകയെന്നാണ്. ഇന്നും നമ്മുടെ ഭവനങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിൽപോലും സംസാരം കുറവാണ്. മൊബൈയി ലാണ് സംസാരിക്കുന്നത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ മാതാപിതാക്കൾ കൂടുതൽ ശ്രദ്ധ പതിക്കണമെന്ന് അച്ചൻ വ്യക്തമാക്കിക്കൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

തുടർന്ന് പരി. ദൈവമാതാവിന്റെ തിരുസ്വരൂപവും മരിയൻ പതാകയും വഹിച്ച് സൈനീകർ രണ്ടു നിരയായി പള്ളിയ്ക്കുചുറ്റും പ്രദക്ഷിണം നടത്തി പള്ളിയിൽ പ്രവേശിച്ചു. പള്ളിയിൽ മാതാവിന്റെ തിരുസ്വരൂപത്തിനു മുൻപിൽ സ്ഥാപിച്ച വെക്സിലിയത്തിൽ ആദ്യം ഡയറക്ടറച്ചനും കമ്മീസിയം ഭാരവാഹികളും പിന്നീട് സൈനീകർ രണ്ടു നിരയായി വന്ന് പതാകയിൽ സ്പർശിച്ച് "എന്റെ രാജ്ഞീ എന്റെ മാതാവേ ഞാൻ നിന്റേതാകുന്നു. എനിക്കുള്ളതെല്ലാം നിന്റേ താകുന്നു" എന്ന വ്യക്തിഗത മരിയൻ പ്രതിഷ്ഠ നടത്തി കുമ്പിട്ട് വണങ്ങി. ഈ സമയം ഗായകർ മരിയൻ ഗാനങ്ങൾ പാടുന്നു. പിന്നീട് അച്ചൻ ചൊല്ലിതന്ന പ്രതിഷ്ഠാജപം ചൊല്ലി ചടങ്ങ് പൂർത്തിയാക്കി. തുടർന്ന് ജപശൃംഗലയും അവസാന പ്രാർത്ഥനയും ചൊല്ലി.

തുടർന്ന് കമ്മീസിയം മീറ്റിംഗ് നടത്തി. എല്ലാ പ്രസീദിയങ്ങളിലെയും കൂരിയാ കളിലെയും ഭാരവാഹികൾ സംബന്ധിച്ചു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രഹസ്യപിരിവുനടത്തി. ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്ന തിനുള്ള പ്രാർത്ഥന ചൊല്ലി. ഡയറക്ടർ ജോജോ പുതുവേലി അച്ചന്റെ ആശീർവ്വാദത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

എന്ന്,

**വത്സമ്മ ജോസ് കൂട്ടുമ്മേൽ**

കമ്മീസിയം വൈസ് പ്രസിഡന്റ്

## എൽഡേഴ്സ് ഫ്രേറ്റേണിറ്റി

**അതിരൂപത സീനിയർ സിറ്റിസൺസ് സംഗമം**

അതിരൂപത ബൈബിൾ കൺവൻഷന്റെ സമാപന ദിവസം ഫെബ്രുവരി 19 ന് സീനിയർ സിറ്റിസൺസ് സംഗമം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സംഗമം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. പരിമിത സാഹചര്യങ്ങളിൽ കഠിനാധ്വാനത്തിലൂടെ വിജയം നേടിയ ചരിത്രമാണ് മുതിർന്ന തലമുറയ്ക്ക് ഉള്ളതെന്ന് വന്ദ്യപിതാവ് പറഞ്ഞു.

ജീവിതത്തിലെ അനുഭവങ്ങളും വിശ്വാസപാരമ്പര്യങ്ങളും മക്കൾക്കും കൊച്ചുമക്കൾക്കും പങ്കുവയ്ക്കാൻ മുതിർന്ന തലമുറയ്ക്ക് കഴിയണം. മുതിർന്നവരെ സ്നേഹപൂർവ്വം സംരക്ഷിക്കുവാനും ആദരിക്കുവാനും ഇളംതലമുറ ജാഗ്രത പുലർത്തണമെന്നും പിതാവ് ഓർമ്മിച്ചു.

പെരിയ ബഹുമാനപ്പെട്ട ജോസഫ് മുണ്ടകത്തിലച്ചൻ അദ്ധ്യക്ഷപ്രസംഗം നടത്തി. തൊണ്ണൂറിൽ ഏറെ പ്രായമുള്ളവരും സന്തോഷത്തോടെ സംഗമത്തിൽ പങ്കെടുത്തു. ഏറ്റവും പ്രായമുള്ളവരെ ആദരിച്ചു. അനുഭവങ്ങൾ പങ്കുവയ്ക്കുവാനും പാട്ടുകൾ പാടുവാനും എല്ലാവരും താൽപര്യമുള്ളവരായിരുന്നു. പ്രായമായവർക്ക് പ്രയോജനകരമാകുന്ന ചില യോഗാസനങ്ങൾ പരിശീലിപ്പിച്ചു. പാറേൽപ്പള്ളി വികാരി ബഹു. ജേക്കബ് വാരിക്കാട്ട് അച്ചൻ, തോമസ് പ്ലാപ്പറമ്പിലച്ചൻ, പ്രഫ. സെബാസ്റ്റ്യൻ വർഗീസ്, ബേബിച്ചൻ അമ്പാട്ട്, ജോസുകുട്ടി കുട്ടംപേരൂർ എന്നിവർ നേതൃത്വം കൊടുത്തു. സ്നേഹവിരുന്നോടുകൂടി സീനിയർ സിറ്റിസൺസ് സംഗമം പര്യവസാനിച്ചു. പങ്കെടുത്തവരെല്ലാം വളരെ സന്തോഷത്തോടും നന്ദി നിറഞ്ഞ മനസ്സോടും കൂടെ യാത്ര പറഞ്ഞ് വീടുകളിലേക്ക് പോയി.

**സീനിയർ സിറ്റിസൺസ് തീർത്ഥാടനം**

അതിരൂപതാ തലത്തിൽ സീനിയർ സിറ്റിസൺസിനുവേണ്ടി നടത്തിയ രണ്ടാമത് തീർത്ഥാടനം മാർച്ച് 3 ന് നടത്തി. രണ്ട് ബസ്സുകളിലായി 80-ൽപരം പ്രായമായവർ അർത്തുങ്കൽ പള്ളി, തങ്കിപ്പള്ളി, വല്ലാർപാടം, ഇടപ്പള്ളി എന്നീ സ്ഥലങ്ങളിലേക്ക് നടത്തിയ തീർത്ഥാടനം ഏറെ അനുഗ്രഹപ്രദമായിരുന്നു. പ്രാർത്ഥനാ മന്ത്രങ്ങളും പാട്ടുകളും ഈ യാത്രയെ സമ്പന്നമാക്കി. കൊച്ചി മെട്രോ ട്രെയിനിൽ യാത്ര ചെയ്യുവാൻ അവസരം ലഭിച്ചത് പ്രായമായവർക്ക് വലിയൊരു അനുഭവമായിരുന്നു. ഇനിയും ഇതുപോലുള്ള യാത്രകൾ ക്രമീകരിക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഇടവകതലത്തിൽ പ്രായമായവരുടെ തീർത്ഥാടന ഉല്ലാസയാത്രകൾ ക്രമീകരിച്ചാൽ അത് പ്രായമായവർക്ക് മറക്കാനാവാത്ത അനുഭവമായിരിക്കും. സംഘടനകളുടെ നേതൃത്വത്തിൽ പ്രായമായവർക്ക് യാത്രകളും സംഗമങ്ങളും ക്രമീകരിച്ച് ഒരു ദിവസമെങ്കിലും പ്രായമായവരുടെ ജീവിതത്തിന് ഒരു ഉത്തേജനവും ഉണർവും കൊടുക്കുവാൻ നമുക്ക് സന്നദ്ധമാകാം.

**ലോകരോഗീദിനാചരണം നടത്തി**

ആഗോളതലത്തിൽ പരി. ഫ്രാൻസീസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം

രോഗീദിനമായി ആചരിക്കുന്ന ലൂർദ് മാതാവിന്റെ തിരുനാൾ ദിന (ഫെബ്രു. 11) ത്തിൽ ഇടവകകളിലും ഹോസ്പിറ്റലുകളിലും, സ്ഥാപനങ്ങളിലും രോഗീദിന മായി ആചരിക്കുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും രോഗികളെ സന്ദർശിക്കുകയും ചെയ്തു.

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അഭിവന്ദ്യ പെരുന്തോട്ടം മെത്രാപ്പോലീത്താ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാരോടൊപ്പം രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

പ്രായമായവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾക്ക് വിളിക്കുക.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(ഡയറക്ടർ)
ഫോൺ: 9495107045

**തുരുത്തി കാനാ ജോൺ പോൾ രണ്ടാമൻ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്**

## ഏകദിന സെമിനാർ
## ലൈംഗിക വിദ്യാഭ്യാസം എന്ത്, എന്തിന്, ആർക്ക്?

**2018 ഏപ്രിൽ 14 ശനിയാഴ്ച 9.30 a.m. - 4.00 p.m.**

- സൈബർ നിയമങ്ങളും സൈബർ കുറ്റകൃത്യങ്ങളും
- ലൈംഗിക വൈകൃതങ്ങളും പരിഹാരങ്ങളും
- ലൈംഗിക വിദ്യാഭ്യാസം
- ശരീരത്തിന്റെ ദൈവശാസ്ത്രം
- ലൈംഗിക ദൈവശാസ്ത്രം

**ക്ലാസ്സുകൾ നയിക്കുന്നത് :**
ശ്രീ. ഫ്രാൻസിസ് പെരേര (Inspector of Police, Rtd.)
ശ്രീ. ജേക്കബ് ജോസ്, എറണാകുളം
ശ്രീ. ജിന്റോ മാത്യു, എറണാകുളം
ഡോ. ജേക്കബ് കോയിപ്പള്ളി, കാനാ

*Contact:* johnpaulismf1998@gmail.com; hellojoby@gmail.com
9497391968, 8289833641, 9447662034

NB: ഏവർക്കും സ്വാഗതം. മാതാപിതാക്കൾ, അദ്ധ്യാപകർ, യുവജനങ്ങൾ എന്നിവരെ പ്രത്യേകം ക്ഷണിക്കുന്നു. പ്രവേശനം സൗജന്യം.

# കത്തോലിക്ക കോൺഗ്രസ് AKKC

**കത്തോലിക്ക കോൺഗ്രസ് അതിരൂപത സമിതിയുടെ ഉയിർപ്പുതിരുനാൾ ആശംസകൾ!**

കത്തോലിക്ക കോൺഗ്രസിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനത്തിലേക്ക് നാം നീങ്ങുകയാണ്. വൈവിധ്യമാർന്ന കർമ്മപരിപാടികളാണ് ശതാബ്ദി സമാപനാഘോഷവുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിരിക്കുന്നത്.

**ശതാബ്ദി സമാപന ജ്വാലാപ്രയാണം**

'നൂറാം വർഷം-നൂറു മണിക്കൂർ' എന്ന മുദ്രാവാക്യവുമായി കഴിഞ്ഞ നൂറ്റാണ്ടിലെ പ്രവർത്തനങ്ങൾ അനുസ്മരിച്ച് ഇന്നിന്റെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി നാളേയ്ക്കുവേണ്ടിയുള്ള മുന്നേറ്റത്തിന് സമുദായത്തെ സജ്ജമാക്കുന്ന ശതാബ്ദി സമാപന ജ്വാലാപ്രയാണം ഏപ്രിൽ 11 ബുധനാഴ്ച രാവിലെ 10ന് അമ്പൂരി സെന്റ് ജേർജ്ജ് ഫൊറോന പള്ളിയിൽ നിന്നും ആരംഭിക്കും. നെയ്യാറ്റിൻകര രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ബിഷപ്പ് വിൻസെന്റ് സാമുവൽ പിതാവ് പ്രയാണം ഉദ്ഘാടനം ചെയ്യും. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി അധ്യക്ഷത വഹിക്കും. അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഫൊറോന വികാരി ഫാ. ജോസഫ് ചൂളപ്പറമ്പിൽ, രാജേഷ് ജോൺ, സിബി മുക്കാടൻ, ഗ്ലോബൽ സെക്രട്ടറി ജാൻസൻ ജോസഫ്, അതിരൂപത-ഫൊറോന ഭാരവാഹികൾ എന്നിവർ പ്രസംഗിക്കും. 11 ന് ഉച്ചകഴിഞ്ഞ് 2 ന് തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിലും വൈകുന്നേരം 5 ന് കൊല്ലം ആയൂർ പള്ളിയിലും ഫൊറോന സമിതികളുടെ നേതൃത്വത്തിൽ സ്വീകരണവും വിശദീകരണയോഗവും നടത്തും.

ഏപ്രിൽ 12 ന് ആലപ്പുഴയിൽ രാവിലെ 10 ന് പ്രയാണം പുനരാരംഭിക്കും തുടർന്ന് ചമ്പക്കുളം എടത്വാ, പുളിങ്കുന്ന്, ചങ്ങനാശേരി ഫൊറോനകളിലെ പ്രവർത്തക കൺവൻഷനുകളും പ്രത്യേക സെമിനാറുകളും നടക്കും. 13 ന് രാവിലെ 10 ന് തുരുത്തി ഫൊറോന സംഗമത്തോടെ പ്രയാണം ആരംഭിക്കും. കോട്ടയം - കുടമാളൂർ ഫൊറോനകളുടെ സംയുക്ത നേതൃത്വത്തിൽ ഉച്ച കഴിഞ്ഞ് 3 ന് കോട്ടയം ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഹാളിൽ ഭരണഘടനയും ന്യൂനപക്ഷാവകാശങ്ങളും എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 5 ന് അതിരമ്പുഴയിൽ ന്യൂനപക്ഷ പീഡനങ്ങൾക്കെതിരെ സായാഹ്ന പ്രതിഷേധക്കൂട്ടായ്മ.

14 ന് രാവിലെ 9 ന് മണിമലയിൽ കരിയർ ഗൈഡൻസ് ശില്പശാലയോടെ പ്രയാണം ആരംഭിക്കും. ഉച്ച കഴിഞ്ഞ് 2 ന് നെടുംകുന്നത്ത് കാർഷിക സെമിനാർ. വൈകുന്നേരം 4 ന് തൃക്കൊടിത്താനത്ത് ഫൊറോന ചർച്ച് ക്വയർ മത്സരം, തുടർന്ന് കുറുമ്പനാടം ഫൊറോന നേതൃത്വത്തിൽ റബ്ബർ വിലയിടിവിനെതിരെ സമരജ്വാലയും വിശദീകരണ യോഗവും നടത്തും 15 ന് ഉച്ച കഴിഞ്ഞ് 2.30 ന് കുറുമ്പനാടത്തുനിന്നും യുവജന നിരയുടെ നേതൃത്വത്തിൽ സമാപന മഹാസംഗമ വേദിയായ എസ്. ബി. കോളേജ് കാവുകാട്ടുഹാളിലേക്ക് ബൈക്ക് റാലി. 3 മണിക്ക് ശതാബ്ദി സമാപന അല്മായ മഹാസംഗമവും - കുടുംബ

സംഗമവും നടത്തും ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ പ്രഭാഷണം നടത്തും. സഹായ മെത്രാൻ ബിഷപ്പ് മാർ തോമസ് തറയിൽ, ആർച്ചു ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ എന്നിവർ സന്ദേശം നൽകും.

കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകളിൽ നിന്നും പരമാവധി അല്മായ സഹോദരങ്ങളെ സമാപന സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ എല്ലാ ഭാരവാഹികളും ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ചർച്ച് ക്വയർ മത്സരം - മെയ് 6 ന് കൂത്രപ്പള്ളിയിൽ**

കത്തോലിക്ക കോൺഗ്രസ് ശതാബ്ദി സ്മാരകമായി സംഘടിപ്പിക്കുന്ന ചർച്ച് ക്വയറിന്റെ അതിരൂപതാതല മത്സരം 2018 മെയ് 6 ന് വൈകുന്നേരം 3.30 ന് കൂത്രപ്പള്ളി സെന്റ് മേരീസ് പാരിഷ് ഹാളിൽ നടക്കും. ഒരു ഫൊറോന യിൽനിന്നും രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ 9447306583 എന്ന നമ്പരിൽ നടത്തണം. ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങളിൽ എത്തുന്ന ടീമുകൾക്ക് 10001, 5001, 3001 എന്ന ക്രമത്തിൽ ക്യാഷ് പ്രൈസുകളും ട്രോഫികളും നൽകും.

**സമരപ്രഖ്യാപന കൺവൻഷൻ**

നെൽകർഷകരും റബ്ബർ കർഷകരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക. വേമ്പനാട്ടുകായൽ സംരക്ഷണം ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ സമരപ്രഖ്യാപന കൺവൻഷൻ നടത്തി. അഡ്വ. മോൻസ് ജോസഫ് എം. എൽ. എ. ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് വർഗീസ് ആന്റണി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, രാജേഷ് ജോൺ, സിബി മുക്കാടൻ, ജാൻസൻ ജോസഫ് പി. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു. ജോസ് ജോസഫ് ക്ലാസ് നയിച്ചു.

**അംഗത്വ വിതരണ കൺവൻഷൻ**

കത്തോലിക്ക കോൺഗ്രസ് അംഗത്വ വിതരണ കൺവൻഷൻ തിരുവനന്തപുരം ലൂർദ് ഫൊറോന കേന്ദ്രത്തിൽ മാർച്ച 11 ഞായർ വൈകുന്നേരം 4 ന് അതിരൂപത സഹായ മെത്രാൻ ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി അധ്യക്ഷത വഹിച്ചു.

തിരുവനന്തപുരം ഫൊറോനാ വികാരി റവ. ഫാ. ജോസ് വിരുപ്പേൽ, അമ്പൂരി ഫൊറോന വികാരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, രാജേഷ് ജോൺ, ടോണി കോയിത്തറ, പി. പി. ജോസഫ്, ടോം കയ്യാലകം, ബിജു സെബാസ്റ്റ്യൻ, ജോയി പാറപ്പുറം, ജോർജ്ജുകുട്ടി മുക്കത്ത്, ഷെയ്ൻ ജോസഫ്, ഫൊറോന പ്രസിഡന്റുമാരായ ജേക്കബ് നിക്കോളാസ്, ജോൺ നൈനാൻ പാലാക്കുന്നേൽ, സാംസൺ പോൾ എന്നിവർ പ്രസംഗിച്ചു. ആയുഷ്കാല അംഗത്വ വിതരണവും ഇതോടനുബന്ധിച്ച് നടത്തി.

**ആത്മീയ സഹവാസം - മാന്നാനം ചാവറ തീർത്ഥാടനകേന്ദ്രത്തിൽ**

ശതാബ്ദി ആഘോഷപരിപാടികളുടെ ഭാഗമായി അതിരൂപത - ഫൊറോന ഭാരവാഹികളും യൂണിറ്റ് പ്രസിഡന്റുമാരും സംഗമിച്ച ആത്മീയ സഹവാസവും - സംഘടനാവബോധനശില്പശാലയും മാർച്ച് 16 വെള്ളിയാഴ്ച മാന്നാനം ആശ്രമത്തിൽ നടത്തി, കത്തോലിക്ക കോൺഗ്രസിന് നവ ചൈതന്യം പകരുന്നതിന് ആത്മീയ സഹവാസം ഇടയാക്കി. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. മാന്നാനം ആശ്രമം പ്രിയോർ റവ. ഫാ. സ്കറിയ എതിരേറ്റ് സി. എം. ഐ. മുഖ്യ പ്രഭാഷണം നടത്തി, പ്രസിഡന്റ്

വർഗീസ് ആന്റണി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, രാജേഷ് ജോൺ, സിബി മുക്കാടൻ, ഗ്ലോബൽ സമിതി സെക്രട്ടറി ജാൻസൻ ജോസഫ്, ഗ്ലോബൽ സമിതി അംഗം പി. പി. ജോസഫ്, ബിജു സെബാസ്റ്റ്യൻ, സൈബി അക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സീറോ മലബാർ സഭാ സംരക്ഷണ പ്രതിജ്ഞ**

സീറോ മലബാർ സഭാതലവൻ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ക്കെതിരെ, നവമാധ്യമങ്ങളിലൂടെ ഉണ്ടായ പ്രതികരണങ്ങളിൽ അതിരൂപത സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. തിരുവനന്തപുരം പിഎംജി ജംഗ്ഷനിൽ സീറോ മലബാർ സഭാ സംരക്ഷണ പ്രതിജ്ഞ നടത്തുകയും സഭയുടെ പരമാധ്യക്ഷനെതിരെയുള്ള നിഗൂഢ നീക്കങ്ങളെ ചെറുക്കുന്നതിനും തീരുമാനിച്ചു.

**അതിരൂപത ശതാബ്ദി സമാപന ജ്വാല പ്രയാണം**
**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.**

കത്തോലിക്ക കോൺഗ്രസ് ജന്മശതാബ്ദി സമാപന പരിപാടികളുടെ ഏകോപനത്തിനായുള്ള സ്വാഗതസംഘം ഓഫീസ് പ്രവർത്തനം അതിരൂപത PR ജാഗ്രതാസമിതി പ്രവർത്തിച്ചിരുന്ന ഓഫീസിൽ ആരംഭിച്ചു.

**പ്രതികരണങ്ങൾ**

നെല്ല് സംഭരണത്തിലെ കാലതാമസം ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 30 രൂപ ആക്കണമെന്നും, കൈകാര്യച്ചെലവ് കാലോചിതമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം നൽകി. സംസ്ഥാന സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിന് പരാതി നൽകി. ഉജ്ജയിനിലെ ന്യൂനപക്ഷ പീഡനങ്ങളിൽ അതിരൂപത സമിതി പ്രതിഷേധിച്ചു. സീറോ മലബാർ സഭയിലെ സമീപകാല സംഭവങ്ങളിൽ സിനഡ് പിതാക്കാന്മാർ അടിയന്തിരമായി ഇടപെടണമെന്നാവശ്യപ്പെട്ട് കത്ത് നൽകി.

**ഏപ്രിൽമാസ പരിപാടികൾ**

| | | |
|---|---|---|
| ഏപ്രിൽ 1 | : | ഫൊറോന ഇടവക സന്ദർശനങ്ങൾ |
| ഏപ്രിൽ 11 | : | രാവിലെ 10 ന് ശതാബ്ദി ജ്വാലാ പ്രയാണം – അമ്പൂരിയിൽ ആരംഭിക്കുന്നു. |
| ഏപ്രിൽ 11 | : | തിരുവനന്തപുരം, കൊല്ലം |
| ഏപ്രിൽ 12 | : | ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്, ചങ്ങനാശ്ശേരി |
| ഏപ്രിൽ 13 | : | തുരുത്തി, കോട്ടയം, കുടമാളൂർ, അതിരമ്പുഴ |
| ഏപ്രിൽ 14 | : | മണിമല, നെടുംകുന്നം, തൃക്കൊടിത്താനം, കുറുമ്പനാടം |
| ഏപ്രിൽ 15 ഞായർ | : | ശതാബ്ദി സമാപനം |
| 3 p.m. | : | അല്മായ മഹാസംഗമം കാവുക്കാട്ടുഹാളിൽ |

ശതാബ്ദി ജ്വാലാ പ്രയാണത്തിന്റെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു.

**വർഗീസ് ആന്റണി** (പ്രസിഡന്റ്) **ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**രാജേഷ് ജോൺ** (ജനറൽ സെക്രട്ടറി) **സിബി മുക്കാടൻ** (ട്രഷറർ)

# 128 പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: സഭയെ പടുത്തുയർത്തുന്നവൻ

(തിരുവചനഭാഗം: ശ്ലീഹ 2,1-47)

പുരോഹിതൻ സഭാസമൂഹത്തെ പടുത്തുയർത്തേണ്ടവനാണ്. പുരോഹിതരുടെ ശുശ്രൂഷയെക്കുറിച്ചുംജീവിതത്തെക്കുറിച്ചും പറയുന്ന കൗൺസിൽ ഡിക്രിയിൽ "ദൈവത്തിന്റെ കുടുംബത്തെ ഐക്യത്തിന്റെ അരൂപിയുള്ള സാഹോദര്യത്തിൽ കെട്ടിപ്പടുക്കുവാനും, മിശിഹായിൽ അരൂപിയിലൂടെ പിതാവായ ദൈവത്തിലേക്കു നയിക്കുവാനും പുരോഹിതനു കഴിയണം" (PO 6) എന്നുപറയുന്നുണ്ട്. പന്തക്കുസ്താദിവസം ആദിമസഭ ജന്മംകൊള്ളുകയും അതിന്റെ തനിമയിൽ ജീവിക്കുകയും ചെയ്യുന്ന വിവരണങ്ങളാണ് ശ്ലീഹ 2-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പുരോഹിതൻ കെട്ടിപ്പടുക്കേണ്ട സഭാസമൂഹം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കുന്ന ഒരു അദ്ധ്യായമാണ് ഇത്. ഈ അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. പരിശുദ്ധാത്മാവിന്റെ ആഗമനം (2,1-13)
2. പത്രോസിന്റെ പ്രസംഗം: ഒന്നാം ഭാഗം - അരൂപിയെക്കുറിച്ച് (2,14-21)
3. പത്രോസിന്റെ പ്രസംഗം: രണ്ടാം ഭാഗം - മിശിഹായെക്കുറിച്ച് (2,22-36)
4. ആദിമസഭ ജന്മംകൊള്ളുന്നു (2,37-41)
5. ആദിമസഭയുടെ രൂപരേഖ (2,42-47)

### 1. പുരോഹിതൻ: അരൂപിയിൽ നവീകരിക്കപ്പെടേണ്ടവൻ

"*പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്ന് ഉണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി*" (2,1-4).

സഭയെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടവരുടെ സമൂഹമായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. പന്തക്കുസ്താദിവസമാണ് ഇതു സംഭവിക്കുന്നത്. പന്തക്കുസ്താദിവസം ഇസ്രായേലിന് കർത്താവ് പ്രമാണങ്ങൾ നല്കിയ ദിവസമായിട്ട് അറിയപ്പെട്ടിരുന്നു (നിയ 16,9-12). ദൈവവുമായുള്ള ദൈവജനത്തിന്റെ ഉടമ്പടിബന്ധത്തെ അനുസ്മരിക്കുന്ന പന്തക്കുസ്താദിനമാണ് പുതിയ ദൈവജനമായ സഭയുടെയും ജന്മദിനം. കാറ്റും അഗ്നിയും ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങളാണ്. "അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു". ഈശോ വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മസ്നാനം (ശ്ലീഹ 1,5; ലൂക്കാ 24,49) സഭാംഗങ്ങൾക്കു മുഴുവനും

ലഭിക്കുന്നു. “ആകാശത്തിൻ കീഴുള്ള സകല ജനപദങ്ങളെയും” (നട 2,5) പ്രതിനിധീകരിക്കുന്ന ഒരു സമൂഹം അവരവരുടെ ഭാഷകളിൽ സുവിശേഷം ശ്രവിക്കുന്നതായിട്ടും പറയുന്നുണ്ട് (2,6-12). ശ്ലീഹ 1,8 ലും ലൂക്കാ 24,47-48 ലും പറഞ്ഞിരിക്കുന്നതുപോലെ സാർവത്രികമായ സുവിശേഷപ്രഘോഷണസമൂഹ മായിട്ടുമാണ് സഭ ജന്മംകൊള്ളുന്നത്. സഭാസമൂഹം അടിസ്ഥാനപരമായി പരിശുദ്ധാത്മസ്നാനം സ്വീകരിച്ചവരുടെയും സാർവത്രികസുവിശേഷപ്രഘോ ഷണദൗത്യം നിർവഹിക്കുന്നവരുടെയും സമൂഹമാണെന്ന് ഇതു വ്യക്ത മാക്കുന്നു.

ജലത്താലും പരിശുദ്ധാത്മാവിലും സ്നാനം സ്വീകരിക്കുന്നവരുടെ സമൂഹ മാണ് സഭ. കൂദാശാപരമായി സ്വീകരിക്കുന്ന പരിശുദ്ധാത്മസ്നാനാനുഭവം നവീകരിക്കപ്പെടേണ്ട ഒന്നാണ്. പ്രത്യേകിച്ച്, ശിശുസ്നാനം സ്വീകാര്യമായിരി ക്കുന്ന പശ്ചാത്തലത്തിൽ ഇതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ക്രമമായ കൂദാശാസ്വീകരണത്തിലൂടെയും കൂദാശാജീവിതത്തിലൂടെയുമാണ് പരിശുദ്ധാ ത്മസ്നാന നവീകരണം സംഭവിക്കുക. കൂദാശാസ്വീകരണമെന്നു പറയുമ്പോൾ കൂദാശാസ്വീകരണത്തിൽ പ്രാർത്ഥനാനുഭവത്തിനുള്ള പ്രസക്തി പ്രാധാന്യ മർഹിക്കുന്നതാണ്. ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്ന സഭാസ മൂഹത്തിലാണ് പരിശുദ്ധാത്മസ്നാനം സംഭവിച്ചത് (1,14). അതുകൊണ്ട് കൂദാശാസ്വീകരണത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാനുഭവത്തിൽ വളരുന്നതി ലൂടെയാണ് പരിശുദ്ധാത്മാഭിഷേകത്തിലുള്ള നവീകരണത്തിലും വളർച്ചയുണ്ടാ കുന്നത്. പ്രാർത്ഥന ‘അരൂപിയോടുള്ള തുറവി’യാണെന്ന് പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 8,26-27). അതുകൊണ്ട് ഹൃദയൈക്യത്തോ ടെയുള്ള പ്രാർത്ഥനാനുഭവം ഉൾക്കൊണ്ടുകൊണ്ട് സഭയുടെ കൂദാശാസ്വീക രണം നടത്തിയും കൂദാശാജീവിതം നയിച്ചും അരൂപിയിൽ നാം നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. സഭാസമൂഹം മുഴുവൻ അപ്രകാരം നവീകരിക്കപ്പെടേണ്ടതാണെങ്കിൽ സമൂഹത്തെ കെട്ടിപ്പടുക്കേണ്ട പുരോഹിതൻ ഈ നവീകരണാനുഭവത്തിൽ മുന്നിട്ടുനില്ക്കേണ്ടവനാണ്. പ്രാർത്ഥനാനുഭവ ത്തോടുകൂടി കൂദാശാപരികർമ്മം നിർവഹിച്ചുകൊണ്ടും കൂദാശാജീവിതം നയിച്ചുകൊണ്ടും പുരോഹിതനും ആത്മാവിൽ നിരന്തരമായി നവീകരിക്കപ്പെ ട്ടുകൊണ്ടിരിക്കണം.

## 2. പുരോഹിതൻ: വചനാധിഷ്ഠിതജീവിതം നയിക്കുന്നവൻ

*“എന്നാൽ, പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു: യഹൂദജനങ്ങളേ, ജറുസലേമിൽ വസി ക്കുന്നവരേ, ഇതു മനസ്സിലാക്കുവിൻ; എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. കാരണം, ഇപ്പോൾ ദിവസ ത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളു? മറിച്ച്, ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്: ദൈവം അരുളിച്ചെയ്യുന്നു: അവസാനദിവസങ്ങളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളു ണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെയും ദാസികളുടെയുംമേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും; അവർ പ്രവചിക്കുകയും ചെയ്യും”* (2,14-18).

പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ആദ്യത്തെ സുവിശേഷപ്രസംഗം നടത്തുകയാണ്. സഭയുടെ ഏറ്റം പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണെന്നും, അത് ഓരോരുത്തരും ഒറ്റപ്പെട്ട് നടത്തേ

ണ്ടതല്ലെന്നും ഇതു സൂചിപ്പിക്കുന്നു. ശ്ലൈഹിക അടിസ്ഥാനമാണ് സഭയ്ക്കും സഭയുടെ സുവിശേഷപ്രഘോഷണത്തിനും ആധികാരികത നല്കുന്നത്. ശ്ലൈഹികാടിസ്ഥാനം എന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെയും കൂട്ടായ്മയിൽ അധിഷ്ഠിതമായതാണെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് സഭയിൽ എല്ലാവരും സുവിശേഷപ്രഘോഷണം നടത്തേണ്ടത് ശ്ലൈഹികാടിസ്ഥാനത്തെ മാനിച്ചുകൊണ്ടും കൂട്ടായ്മ പുലർത്തിക്കൊണ്ടുമായിരിക്കണം. പത്രോസിന്റെ പ്രസംഗവിഷയം പരിശുദ്ധാത്മാഭിഷേകവും (2,15-21 ) മിശിഹാസംഭവവുമാണ് (2,22-36). പരിശുദ്ധാത്മാഭിഷേകത്തെ വിശദീകരിക്കുവാൻ പത്രോസ് ആധാരമാക്കുന്നത് ജോയേൽപ്രവചനമാണ് (ജോയേൽ 2,28-32). ഇസ്രായേൽജനത്തിന്റെ മുഴുവന്റെ മേലുമുള്ള ദൈവാത്മാവിന്റെ അഭിഷേകമായിട്ടാണ് പന്തക്കുസ്താനുഭവത്തെ പത്രോസ് വിശദീകരിക്കുന്നത്. പഴയനിയമകാലഘട്ടത്തിൽ ദൈവജനത്തിന്റെ നേതാക്കന്മാർ മാത്രമാണ് ആത്മാഭിഷിക്തരായിരുന്നതെങ്കിൽ പുതിയ ദൈവജനം മുഴുവൻ ആത്മാഭിഷിക്തമാകുമെന്ന് പത്രോസിന്റെ സുവിശേഷപ്രസംഗം വ്യക്തമാക്കുന്നു. അത് രക്ഷയുടെ അഥവാ വിശുദ്ധിയുടെ അനുഭവവുംകൂടെയായിരിക്കും (2,21). പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ് (റോമാ 1,4). അതുകൊണ്ട് അരൂപിയാൽ പൂരിതരായി, വിശുദ്ധിയിലും സ്നേഹത്തിലും കർത്താവിനെ സ്തുതിക്കുന്ന (എഫേ 5,18-20) ഒരു സമൂഹമായിട്ടാണ് സഭ ജന്മംകൊള്ളുന്നത്.

അരൂപിയുടെ ഈ അഭിഷേകം വചനസ്വീകരണവും വചനാനുഭവവും ഉൾക്കൊള്ളുന്നതാണെന്നും പതോസിന്റെ പ്രസംഗത്തിൽ സൂചനയുണ്ട്. ജോയേൽ പ്രവചനപ്രകാരം കർത്താവിന്റെ അരൂപി വർഷിക്കപ്പെടുന്നത് 'കർത്താവിന്റെ ദാസന്മാരുടെയും ദാസിമാരുടെയുംമേൽ' ആണെന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട് (2,18=ജോയേൽ 2,29). കർത്താവിന്റെ ദാസന്മാരും ദാസിമാരും കർത്താവിന്റെ വചനം സ്വീകരിക്കുന്നവരാണ്. പിന്നീട് പത്രോസിന്റെ പ്രസംഗത്തിന് അനുകൂലമായി പ്രത്യുത്തരിച്ചവർ വചനം സ്വീകരിച്ചവരാണെന്ന് എടുത്തുപറയുന്നുമുണ്ട് (ശ്ലീഹ 2,41). ഈ പ്രസ്താവന പരിശുദ്ധ കന്യകാമറിയത്തിന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒന്നാണ്. മംഗലവാർത്തയുടെ സന്ദർഭത്തിൽ "പരിശുദ്ധാത്മാവ് നിന്റെമേൽവരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" എന്ന് ദൂതൻ പറഞ്ഞപ്പോൾ മറിയം പ്രത്യുത്തരിച്ചത് "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വചനം എന്നിൽ നിറവേറട്ടെ!" എന്നാണ് (ലൂക്കാ 1,38). അരൂപിയും വചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അരൂപിയുടെ അഭിഷേകം ജീവിതത്തിൽ ഫലപ്രദമായിത്തീരുന്നത് വചനസ്വീകരണത്തിലൂടെയാണെന്നുള്ളതിനു സംശയമില്ല. സഭ വചനം സ്വീകരിക്കുന്നവരുടെ സമൂഹമാണെങ്കിൽ സഭയെ കെട്ടിപ്പടുക്കേണ്ട പുരോഹിതനും വചനാധിഷ്ഠിത ജീവിതം നയിക്കുന്നവനാകണം.

### 3. പുരോഹിതൻ: മിശിഹാനുഭവത്തിൽ വളരുന്നവൻ

*"ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്. ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്ന് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു. അതാണ് നിങ്ങൾ ഇപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല. എങ്കിലും അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനാവുക. അതിനാൽ, നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം, കർത്താവും മിശിഹായുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം*

*മുഴുവനും വ്യക്തമായി അറിയട്ടെ"* (2,32-36).

പത്രോസിന്റെ സുവിശേഷപ്രസംഗത്തിന്റെ രണ്ടാം ഭാഗത്തിന്റെ വിഷയം മിശിഹാസംഭവമാണ്. ദൈവത്തിന്റെ നിശ്ചിതപദ്ധതിയും പൂർവജ്ഞാനവുമനുസരിച്ച്, ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്രവർത്തനമാണ് മിശിഹാസംഭവമെന്ന് പത്രോസ് പ്രഖ്യാപിക്കുകയാണ് (2,23). "ഇസ്രായേൽ ജനങ്ങളേ" എന്നു സംബോധന ചെയ്തുകൊണ്ടാണ് മിശിഹാസംഭവം പത്രോസ് അവതരിപ്പിക്കുന്നത്. ദൈവജനമായ ഇസ്രായേലിലൂടെ ദൈവം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന രക്ഷാകരപ്രവർത്തനമാണിതെന്ന് അവർ മനസ്സിലാക്കണം. ഈശോയുടെ പരസ്യജീവിതത്തിലെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവസാനം പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും സ്വർഗാരോഹണവും പരിശുദ്ധാത്മവർഷവുമാണ് മിശിഹാസംഭവത്തിന്റെ ഉള്ളടക്കം. ഈശോയെ "കർത്താവും മിശിഹായുമാക്കി" ഉയർത്തി എന്നു പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിക്കുന്നത്. 'കർത്താവ്' എന്ന സംബോധന പഴയനിയമത്തിൽ ദൈവത്തിനുമാത്രം നല്കുന്നതാണ്. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ് ഈ സംബോധന ഈശോയ്ക്കു നല്കുന്നതിലൂടെ സൂചിപ്പിക്കുന്നത്. ഇത് ആദിമസഭയുടെ വിശ്വാസപ്രഖ്യാപനത്തിന്റെ അന്തഃസത്തയുമാണ് (റോമാ 10,9; 1 കൊറി 15). സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ വിഷയം മിശിഹാസംഭവമായിരിക്കണമെന്ന് ഇത് പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നു.

മിശിഹാസംഭവമായിരിക്കണം നമ്മുടെ സുവിശേഷപ്രഘോഷണവിഷയമായിരിക്കേണ്ടതെങ്കിൽ സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നമുക്കു നല്കുന്നത് മിശിഹാനുഭവമാണ്. "ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്" (2,32) എന്ന് പത്രോസ് എടുത്തുപറയുന്നു. മിശിഹാസംഭവത്തിനു സാക്ഷികളായിത്തീരുന്ന അനുഭവമാണ് മിശിഹാസംഭവം പ്രഘോഷിക്കുവാൻ നമ്മെ കഴിവുറ്റവരാക്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിന്റെ ആമുഖത്തിൽ പറയുന്ന വാക്കുകൾ നമുക്കറിവുള്ളതാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു... ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു" (1 യോഹ 1,1-2). സുവിശേഷപ്രഘോഷണം സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ സഭയുടെ അംഗങ്ങളോരോരുത്തരും മിശിഹാനുഭവമുള്ളവരായിരിക്കണം. ഇന്ന് ഈ മിശിഹാനുഭവം നമുക്ക് ആർജ്ജിക്കുവാനുള്ള ഏറ്റം ഉത്കൃഷ്ടമായ വേദി പരിശുദ്ധ കുർബാനയർപ്പണംതന്നെയാണ്. അവിടെ മിശിഹാ സന്നിഹിതനാവുകയും തന്റെ പരസ്യജീവിതവും ഉത്ഥാനവും പരിശുദ്ധാത്മവർഷവും കൂദാശാപരമായി സന്നിഹിതമാക്കുകയും ചെയ്യുന്നു. പരിശുദ്ധ കുർബാനയിൽ സജീവമായി സംബന്ധിച്ചുകൊണ്ടാണ് സഭാംഗങ്ങൾ ഈ മിശിഹാനുഭവത്തിൽ വളരേണ്ടത്. കുർബാനയർപ്പിക്കുന്ന പുരോഹിതൻ ഈ മിശിഹാനുഭവത്തിൽ വളരുന്നവനും ഈ അനുഭവത്തിൽ വിശ്വാസികളെ വളർത്തുന്നവനുമാകണം.

### 4. പുരോഹിതൻ: സുവിശേഷത്തിന്റെ ശുശ്രൂഷകൻ

*"അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു"* (2,41-42).

പത്രോസിന്റെ പ്രസംഗം കേട്ടവർ ഹൃദയം നുറുങ്ങി പത്രോസിനോടു ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (2,37-38). അവരുടെ ഹൃദയം നുറുങ്ങാൻ കാരണം അവർ (യഹൂദജനം) ഈശോയിലൂടെ ദൈവം വച്ചുനീട്ടിയ രക്ഷ തിരസ്കരിച്ചു എന്നതാണ്. അതുകൊണ്ടാണ് പശ്ചാത്തപിച്ച് ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവാൻ പത്രോസ് അവരോട് ആവശ്യപ്പെട്ടതും. 'ഈശോയുടെ നാമത്തിൽ' സ്നാനം സ്വീകരിക്കുക എന്നു പറഞ്ഞാൽ ഈശോയെ ജീവിതത്തിന്റെ സർവസ്വവുമായി സ്വീകരിക്കുക എന്നാണർത്ഥം. അതു വെറുമൊരു ഫോർമുലയല്ല. ഫോർമുല എന്ന നിലയിൽ അത് 'ത്രിത്വത്തിന്റെ നാമത്തിൽ' എന്നായത് (മത്താ 28,19) ഈശോ ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ്. ഈശോയെ തിരസ്കരിച്ച ഈ ദുഷിച്ച തലമുറയിൽനിന്ന് അവരെത്തന്നെ രക്ഷിക്കുവാനും (2,40) പത്രോസ് അവരെ ഉപദേശിക്കുന്നുണ്ട്. അവരിൽ മൂവായിരത്തോളം പേർ പത്രോസ് പ്രഘോഷിച്ച സുവിശേഷവചനം സ്വീകരിച്ച്, സ്നാനം സ്വീകരിച്ചു. ഇവരാണ് ആദിമസഭാസമൂഹം. ഇപ്രകാരമുള്ള സഭാസമൂഹത്തിന്റെ ശുശ്രൂഷകനാണ് പുരോഹിതൻ. ഇപ്രകാരം സുവിശേഷവചന കേന്ദ്രീകൃതമായി, ഈശോയോടും സുവിശേഷത്തോടും പ്രതിബദ്ധതയുള്ള സമൂഹമായിട്ടാണ് പുരോഹിതൻ സഭയെ കെട്ടിപ്പടുക്കേണ്ടത്.

സുവിശേഷകേന്ദ്രീകൃതമായി സഭയെ കെട്ടിപ്പടുക്കേണ്ടതെങ്ങനെയെന്ന് നമ്മെ മനസ്സിലാക്കിത്തരുന്നതാണ് 'സഭയുടെ കരടുരേഖ' (യഹൗല പ്യൃശിേ) എന്നറിയപ്പെടുന്ന 42-ാം വാക്യം: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു". സഭയിൽ സ്വീകരിക്കപ്പെട്ട വചനത്തിന് -സുവിശേഷത്തിന്- മൂന്നു വിധത്തിലുള്ള പ്രത്യുത്തരമാണ് സഭാംഗങ്ങൾ നല്കേണ്ടത്. ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേരുന്നതുവഴി സുവിശേഷസ്വീകരണവും കൂട്ടായ്മയിൽ പങ്കുചേരുന്നതുവഴി സുവിശേഷജീവിതവും അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ പങ്കുചേരുന്നതുവഴി സുവിശേഷാഘോഷവും നടക്കുന്നു. ഇപ്രകാരം മൂന്നു വിധത്തിലുള്ള പ്രത്യുത്തരത്തിന് വിശ്വാസികളെ സജ്ജരാക്കുന്നതിനുള്ള ത്രിവിധശുശ്രൂഷകളാണ് പുരോഹിതനുള്ളത്. 1. പ്രബോധനശുശ്രൂഷ; 2. അജപാലനശുശ്രൂഷ; 3. വിശുദ്ധീകരണശുശ്രൂഷ. പ്രബോധനശുശ്രൂഷയിലൂടെ സുവിശേഷസ്വീകരണത്തിനും, അജപാലനശുശ്രൂഷയിലൂടെ സുവിശേഷാത്മകമായ ജീവിതത്തിനും വിശുദ്ധീകരണ (ആരാധനക്രമ) ശുശ്രൂഷയിലൂടെ സുവിശേഷാഘോഷത്തിനും നേതൃത്വം കൊടുക്കുവാൻ പുരോഹിതനു കഴിയണം. അപ്രകാരം പുരോഹിതൻ തന്റെ ശുശ്രൂഷ നിർവഹിക്കുമ്പോൾ സഭാസമൂഹം സുവിശേഷകേന്ദ്രീകൃതമായ ഒരു സമൂഹമായി പടുത്തുയർത്തപ്പെടും. അപ്പോൾ സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായും സഭ പടുത്തുയർത്തപ്പെടും. ഇപ്രകാരം സുവിശേഷത്തിന്റെ ശുശ്രൂഷകനാകുവാൻ പുരോഹിതൻ പരിശ്രമിക്കണം.

### 5. പുരോഹിതൻ: കൂട്ടായ്മയുടെ ശുശ്രൂഷകൻ

*"വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു"* (2,44-45).

സുവിശേഷകേന്ദ്രീകൃതമായി രൂപംകൊള്ളുന്ന സഭാസമൂഹത്തിന്റെ മുഖമുദ്ര കൂട്ടായ്മയും സ്നേഹവുമാണ്. ആദിമസഭാസമൂഹത്തിന്റെ ജീവിതശൈലി ഇതു വ്യക്തമാക്കുന്നുണ്ട്. അവർ എല്ലാം പൊതുവായി കരുതുകയും ഉള്ളതെല്ലാം ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് പറയുന്നത്. വിശ്വാസികളുടെ കൂട്ടായ്മയെക്കുറിച്ച് പിന്നീട് ഇപ്രകാരം പറയുന്നു: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (4,32). ജറുസലേമിലെ ആദ്യ ക്രൈസ്തവസമൂഹം ദരിദ്രർ കൂടുതലുണ്ടായിരുന്ന സമൂഹമായിരുന്നുവെന്നാണ് പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നത്. പൗലോസ്ശ്ലീഹാ സ്ഥാപിച്ച സഭകളിൽനിന്നെല്ലാം സാമ്പത്തികമായി അവരെ സഹായിക്കുന്നതായിട്ടു നാം കാണുന്നുണ്ട് (2 കൊറി 9,1-5). എങ്കിലും അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു (4,34-35). ശ്ലീഹ 5-ാം അദ്ധ്യായം വിവരിക്കുന്ന അനനിയാസിന്റെയും സഫീറായുടെയും സംഭവം ഇതിനു തെളിവുമാണ്.

ഇപ്രകാരം ദാരിദ്ര്യചൈതന്യവും കൂട്ടായ്മാജീവിതവുമുണ്ടായിരുന്ന സമൂഹമായതിനാലാണ്, ഫലപ്രദമായവിധം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാനും അനേകരെ സഭയിലേക്ക് ആനയിക്കുവാനും ആദിമക്രൈസ്തവസമൂഹത്തിനു കഴിഞ്ഞത്. "അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (2,47). സുവിശേഷം നിരന്തരം സ്വീകരിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന സമൂഹം അവശ്യം സുവിശേഷം പ്രഘോഷിക്കുന്ന, സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹമായിരിക്കും. അപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ ആത്യന്തികമായി സഭാകൂട്ടായ്മയുടെ ശുശ്രൂഷകനാകുവാൻ പരിശ്രമിക്കണം.

### ജീവിതസൂചിക

1. പ്രാർത്ഥനാജീവിതത്തിലൂടെ പരിശുദ്ധാത്മാഭിഷേകം നവീകരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. വചനാധിഷ്ഠിതജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. പുരോഹിതനടുത്ത ശുശ്രൂഷയിലൂടെ മിശിഹാനുഭവത്തിൽ വളരുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. സുവിശേഷകേന്ദ്രീകൃതമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എന്റെ പുരോഹിതശുശ്രൂഷ എങ്ങനെ നിർവഹിക്കണം?
5. എന്റെ സമൂഹത്തെ സഭാത്മകകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2018 ഫെബ്രുവരി**

26 രാവിലെ പച്ച-ചെക്കിടിക്കാട് ഇടവകാംഗമായ ചെത്തിക്കളം ത്രേസ്യാമ്മ മാത്യുവിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ വൈദികരുടെ തുടർപരിശീലന കോഴ്സിൽ പങ്കെടുത്തു.

27 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ എസ്.ബി. കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് എസ്.എച്ച് സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. വൈകുന്നേരം ആലപ്പുഴ രൂപതാ പാസ്റ്ററൽ സെന്ററിൽ നടന്ന റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

28 വി. കുർബാനയ്ക്കുശേഷം, ആലപ്പുഴയിൽ റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുട്ടാർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയതായി നിർമ്മിച്ച ബോട്ടണി ലബോറട്ടറിയുടെ വെഞ്ചരിപ്പു നടത്തി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ ബി.എഡ്. കോളജ് മാനേജിംഗ് ബോർഡ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം രാജഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ജോസഫ് പതാലിൽ പിതാവിനെ സന്ദർശിച്ചു.

**2018 മാർച്ച്**

1 ഉച്ചയ്ക്ക് പാറേൽ തിരുഹൃദയ സന്ന്യാസസമൂഹാംഗമായിരുന്ന സി. ആൻസിലറ്റിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മിത്രക്കരി ഇടവകാംഗമായ ദേവസ്യാ സേവ്യർ (ജോയിച്ചൻ) കറുകക്കളത്തിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം സി.എം.ഐ. സന്ന്യാസസമൂഹാംഗമായിരുന്ന മുട്ടത്ത് ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

2 വൈകുന്നേരം നിരണം സെമിനാരിയിൽ ബ്രദേഴ്സിനെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

3 രാവിലെ ഫാത്തിമാപുരം ഇടവകയിൽ ഏറത്തേടത്ത് എ.സി. ചെറിയാന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ആലപ്പുഴ ഫൊറോനയിലെ ഫൊറോനാ കൗൺസിലിന്റെ ഏകദിനസെമിനാറിൽ പങ്കെടുത്തു. വൈകുന്നേരം ആലപ്പുഴ കത്തീഡ്രൽ അങ്കണത്തിൽ കരിസ്മാറ്റിക് ആലപ്പുഴ സോണിന്റെ ഏകദിന ധ്യാനത്തിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

4 രാവിലെ പൂമറ്റം ആശ്രമദൈവാലയത്തിൽ ഇടവകാംഗങ്ങൾക്കായി വി. കുർബാനയർപ്പിച്ചു. തുടർന്ന് എം.ഒ.സി., കാമ്മില്ലൂസ് മഠം, സ്പിരിചാലിറ്റി സെന്റർ, സവീനാ കോൺവെന്റ്, എസ്.എച്ച്. കോൺവെന്റ് എന്നീ ഭവനങ്ങൾ സന്ദർശിച്ച് ഉച്ചയ്ക്ക് പ്രീസ്റ്റ് ഹോമിലെത്തി മുതിർന്ന വൈദികരൊപ്പം ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു.

5 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അസംപ്ഷൻ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

6 രാവിലെ വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവർക്കായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

8 രാവിലെ വനിതാദിനത്തിന്റെ ഭാഗമായി എകെസിസി ചങ്ങനാശേരി ഫൊറോനയുടെ നേതൃത്വത്തിൽ അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തിയ സമ്മേളനത്തിൽ സന്ദേശം നൽകി. വൈകുന്നേരം കാഞ്ഞിരപ്പള്ളിയിൽ ദീപിക ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

9 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വൈകുന്നേരം കുന്നന്താനം സെഹിയോനിൽ നടന്ന എക്ലേസിയയിൽ പങ്കെടുത്തു.

10 രാവിലെ കുന്നന്താനം സെഹിയോനിൽ എക്ലേസിയയിൽ പങ്കെടുക്കുന്ന സിസ്റ്റേഴ്സിനായി വി. കുർബാനയർപ്പിച്ചു. അതിനുശേഷം നെടുങ്കുന്നം ഫൊറോനയിലെ വിവിധ ഇടവകകളിലെ പാരിഷ് കൗൺസിൽ അംഗങ്ങൾക്കായി നടത്തപ്പെട്ട ഏകദിന സെമിനാറിൽ ഉദ്ഘാടന സന്ദേശം നൽകി. തുടർന്ന് പാസ്റ്ററൽ സെന്ററിൽ യുവദീപ്തിയുടെ അതിരൂപതാതല പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കൈതവന ഇടവകയിൽ പടിഞ്ഞാപ്പറമ്പിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് അസ്സീസ്സി സ്പെഷ്യൽ സ്കൂളിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറിച്ചി സെമിനാരിയിൽ വൈദികാർത്ഥികളെ കണ്ടു സംസാരിച്ചു.

11 പുന്നമട സെന്റ് മേരീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം പുന്നത്തുറ ഇടവകയിൽ കുന്നത്തൂർ വീട്ടിൽ കുര്യന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തെള്ളകം ഒ.സി.ഡി. ആശ്രമത്തിൽ ബ്ര. ജോസഫ് പരിയാടന്റെ മൃതദേഹത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

12 രാവിലെ വാഴപ്പള്ളി ആരാധനമഠത്തിൽ വി. കുർബാനയർപ്പിച്ച് ജൂബിലി ആഘോഷത്തിനൊരുക്ക സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിനെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

13 രാവിലെ ചീരഞ്ചിറയിലുള്ള എ.എസ്.എം.ഐ. സന്യാസഭവനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അസംപ്ഷൻ കോളജിൽ സ്റ്റാഫ് കൗൺസിൽ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപത കേന്ദ്രത്തിൽ സ്വീകരിച്ചു.

14 വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ സംബന്ധിച്ചു.

15 ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം കൂടിയ ഇന്റർ ഡിപാർട്ട്മെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ചു, ബഹു. അച്ചന്മാരുമൊത്തു പ്രഭാതഭക്ഷണത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം കോട്ടയം കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിനായി നടത്തപ്പെടുന്ന ധ്യാനത്തിൽ അനുഗ്രസന്ദേശം നൽകി. തുടർന്ന് എ.കെ.സി.സി. അതിരൂപതാതല നേതൃസംഗമത്തിൽ (ആത്മീയസഹവാസം) സന്ദേശം നൽകി.

17 രാവിലെ സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിൽ ജീവനക്കാരുടെ സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് അസംപ്ഷൻ, എസ്.ബി. കോളേജുകളിലെ ജൂണിയർ അദ്ധ്യാപകർക്കായി നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കത്തീഡ്രൽ പാരിഷ് ഹാളിൽ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനത്തിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ആലപ്പുഴ ഫൊറോനയിലെ പുറക്കാട് പള്ളിയുടെ കുരിശുപള്ളിയായ ഓർശ്ലേം പള്ളിയുടെ കൂദാശ നിർവ്വഹിച്ചു.

18 തൃക്കൊടിത്താനം ഫൊറോനയിലെ ഫാത്തിമാപുരം ഫാത്തിമാമാതാ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രൊലൈഫ് മിനിസ്ട്രിയുടെ ഭാഗമായി കത്തീഡ്രൽ അങ്കണത്തിൽ നടത്തിയ ഡോക്ടേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തവർക്ക് സന്ദേശം നൽകി.

വൈകുന്നേരം എസ്.ബി. ഹൈസ്കൂളിൽ പെരി. ബഹു. ജോസ് പി. കൊട്ടാരം അച്ചനെ സന്ദർശിച്ച് നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

19 രാവിലെ മുതൽ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിൽ കൂടിയ സംഗമത്തിൽ തിരുനാൾ സന്ദേശം നൽകി. വൈകുന്നേരം പാസ്റ്ററൽ സെന്റർ ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പ്രീസ്റ്റ് ഹോം സന്ദർശിച്ച് മുതിർന്ന വൈദികരോടൊപ്പം അത്താഴത്തിൽ പങ്കുചേർന്നു.

20 രാവിലെയും വൈകുന്നേരവുമായി മ്ശംശാന പട്ടം സ്വീകരിക്കാനുള്ള വൈദികവിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു സംസാരിച്ചു. രാവിലെ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. ഉച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിൽ പി.പി.എഫിന്റെ എക്സിക്യൂട്ടീവ് യോഗത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയം ഫൊറോനായിലെ ചേപ്പുംപാറ മർത്ത് മറിയം ഇടവകയിലെ സീനിയർ സിറ്റിസൺ ഫോറത്തിന്റെ പ്രഥമ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

21 ഉച്ചകഴിഞ്ഞ് അതിരൂപതാ സാമ്പത്തികകാര്യ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം അയർക്കുന്നം ഇടവകയിൽ വാതപ്പള്ളി പാപ്പന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രൊലൈഫ് മിനിസ്ട്രിയുടെ ഭാഗമായി പ്രൊലൈഫ് ശുശ്രൂഷകർക്കുള്ള സെമിനാറിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ച് സന്ദേശം നൽകി. കത്തീഡ്രൽ ഇടവകാംഗമായ പട്ടരുകളം പി.എൽ. ലൂക്കോസിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തിരുഹൃദയ സന്ന്യാസിനിസമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 'സേവാനികേതൻ' സ്പെഷ്യൽ സ്കൂളിന് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ്നെസ് ടി.വി. ചാനലിനു പെസഹാ ആഴ്ചയുടെ സന്ദേശം നൽകി. വൈകുന്നേരം നെടുങ്കുന്നത്തു പ്രവർത്തിക്കുന്ന സഞ്ജീവനിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

23 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിൽ പങ്കെടുത്തു.

24 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. രൂപതയിലെ മംഗലപ്പുഴ, വടവാതൂർ, കുന്നോത്ത് സെമിനാരികളിൽ വൈദിക പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി. എസ്.ബി. ഹൈസ്കൂളിൽ കോർപറേറ്റ് മാനേജ്മെന്റിലെ സ്റ്റാഫംഗങ്ങൾക്കു നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. മാമ്മൂട് ഇടവകാംഗമായ പാലക്കുന്നേൽ ശോശാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ ഡി.സി.എം.എസ്. ഭാരവാഹികളുടെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രൊലെഫ് മിനിസ്ട്രിയുടെ ഭാഗമായി നടത്തുന്ന റാലിയിൽ പങ്കെടുത്ത് സമാപന സന്ദേശം നൽകി. വൈകുന്നേരം അതിരൂപതകേന്ദ്രത്തിൽ നടന്ന Advocates Gathering-ൽ പങ്കെടുത്തു

25 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ കത്തീഡ്രൽ അങ്കണത്തിൽ നിർമ്മിച്ച 'Monument for unborn babies' -ന്റെ ആശീർവ്വാദം നിർവ്വഹിച്ചു.

തുടർന്ന് കത്തീഡ്രൽ ദർശന സമൂഹത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. വൈകുന്നേരം കൊടിനാട്ടുകുന്ന് ഇടവകയിൽ പുതുതായി രൂപകൽപന ചെയ്ത ഐക്കണുകളുടെ വെഞ്ചരിപ്പ്കർമ്മം നിർവ്വഹിച്ചു.

# മാർ തോമസ് തറയിൽ

**2018 ഫെബ്രുവരി**

26 വൈദികരുടെ തുടർപരിശീലന പരിപാടിയിലും ദനഹാലയബാച്ച് ഗ്യാതറിംഗിലും പങ്കെടുത്തു.

27 എസ്.ബി. കോളേജ് മാനേജ്മെന്റ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

28 തിരുവല്ല അതിരൂപതയിലെ വൈദികർക്ക് ധ്യാനം നടത്തി. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

**2018 മാർച്ച്**

1 കോട്ടയ്ക്കപ്പുറം അനുഗ്രഹ സ്പെഷ്യൽ സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു. മിത്രക്കരിയിൽ ബഹു. കറുകക്കളം അച്ചന്റെ സഹോദരന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

2 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

3 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ നടന്ന സീനിയർ സിറ്റിസൺസ് ഗ്യാതറിംഗിൽ പങ്കെടുത്തു സംസാരിച്ചു.

4 എറണാകുളം- അങ്കമാലി അതിരൂപതയിലെ മതാദ്ധ്യാപകർക്കുവേണ്ടി ഇടുക്കിയിൽ സംഘടിപ്പിച്ച ഏകദിനസെമിനാറിൽ ക്ലാസെടുത്തു. മരണമടഞ്ഞ ബഹു. സേവ്യർ തേലക്കാട്ടച്ചന്റെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു. ആലുവാ SABS ജനറലേറ്റിൽ നടന്ന സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

5 എടത്വാ സെന്റ് അലോഷ്യസ് കലാലയത്തിൽ നടന്ന യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

6 കട്ടച്ചിറയിൽ നടന്ന അതിരമ്പുഴ ഫൊറോന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൊക്കേഷൻ കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

7 കുറുമ്പനാടം എൽ.പി. സ്കൂളിന്റെ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുറിച്ചി മൈനർ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

8 തിരുവനന്തപുരം മലങ്കര അതിരൂപതയിലെ വൈദികർക്ക് മാസധ്യാനം നയിച്ചു. ബഹു. ഫെലിക്സ് അച്ചൻ ഭിന്നശേഷികാർക്കുവേണ്ടി നടത്തുന്ന സ്ഥാപനം സന്ദർശിച്ചു

9 ഇത്തിത്താനം ആശാഭവന്റെ വാർഷികദിനാഘോഷത്തിൽ ആശംസകൾ നേർന്ന് സംസാരിച്ചു. വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ അല്മായരുടെ ബൈബിൾ പഠന ക്ലാസിന് സമാപനത്തിന് ആശംസകൾ നേർന്നു.

10 കുന്താനം സെഹിയോനിൽ എക്ലേസിയായിൽ പങ്കെടുത്ത് സംസാരിച്ചു. നാലുകോടി ഇടവകയിൽ *സ്നേഹവീട്* പദ്ധതിയുടെ ആശീർവ്വാദകർമ്മം നടത്തി സംസാരിച്ചു. തിരുവനന്തപുരം ലൂർദ്ദ്ഫൊറോനായിൽ ഫൊറോനാ കൗൺസിൽ മീറ്റിംഗിലും ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

11 തേക്കുപാറ സെന്റ് മേരീസ് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും കുരിശടി വെഞ്ചരിക്കുകയും രോഗികളായവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ AKCC മീറ്റിംഗിൽ പങ്കെടുത്തു.

12 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തക്കല രൂപതയിലെ വൈദികരുടെ ദ്വിദിന തുടർപരിശീലന പരിപാടിക്കു നേതൃത്വം നല്കി.

13 തക്കല സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തക്കല രൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിക്കു നേതൃത്വം നൽകി. കഴക്കൂട്ടം ഇടവകദൈവാലയത്തിൽ യൂത്ത് കൺവൻഷനിൽ സന്ദേശം നൽകി.

14 പ്രീസ്റ്റ് ഹോമിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. പഴവങ്ങാടി സെന്റ് മേരീസ് എൽ.പി. സ്കൂളിൽ ശതാബ്ദി ദിനാഘോഷം ഉദ്ഘാടനം ചെയ്തു. പുന്നപ്ര ദനഹാലയയിലെ 25-ാമത് കോൺവൊക്കേഷൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

16 വി. യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി

17 ചീരഞ്ചിറ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ മരിച്ചവർക്കുവേണ്ടി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. എസ്.ബി. കോളേജിൽ ഹയർ എഡ്യുക്കേഷൻ സെമിനാറിൽ പങ്കെടുത്തു. എസ്.ബി. ഹൈസ്കൂളിൽ പ്രോലൈഫ് സെമിനാറിൽ പങ്കെടുത്തു. പുറക്കാട് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18. രാജഗിരി പള്ളിയിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കുകയും രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. വെള്ളറട തെക്കൻ കുരിശുമലയിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

19. വി.യൗസേപ്പ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ച് കലവൂർ പള്ളിയിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെട്ട തിരുനാളാഘോഷത്തിൽ പങ്കെടുത്ത് ആശംസകളറിയിച്ചു. വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കാഞ്ഞിരപള്ളി, പാലാ രൂപതകളിലെ അഭിവന്ദ്യപിതാക്കന്മാർക്ക് മംഗളാശംസകൾ നേർന്നു. പ്രീസ്റ്റ് ഹോമിൽ തിരുനാളാഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു സംസാരിച്ചു.

20. കാനാ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ളാസെടുത്തു. PPFA Executive യോഗത്തിൽ പങ്കെടുത്തു. കോട്ടയം അതിരൂപതയിലെ വൈദികരുടെ തുടർ പരിശീലന പരിപാടിയിൽ ക്ലാസെടുത്തു.

21. കുറുമ്പനാടം ജീവോദയ മഠത്തിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

---

## മാർ ജോസഫ് പവ്വത്തിൽ

**ഫെബ്രുവരി 2018**

26 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ മരണവാർഷികത്തോടനുബന്ധിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**മാർച്ച് 2018**

01 എസ്.ബി. കോളേജിൽ എം.പി. പോൾ അനുസ്മരണത്തിൽ പങ്കെടുത്തു പ്രഭാഷണം നടത്തി.

03 വാഴപ്പള്ളി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

05 മീഡിയാ വില്ലേജിൽ മീഡിയ ക്യാംപിൽ പങ്കെടുത്തു സംസാരിച്ചു.

11 കുന്നന്താനത്ത് എക്ലേസിയയിൽ സന്ദേശം നല്കി.

12 പാറേൽ MLF ജനറലേറ്റിൽ നടത്തപ്പെട്ട ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

17 എസ്.ബി. കോളേജിൽ നടത്തപ്പെട്ട അദ്ധ്യാപക സെമിനാറിൽ സന്ദേശം നല്കി. തുടർന്ന് കത്തീഡ്രൽ അങ്കണത്തിൽ ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

18 കുറിച്ചിപള്ളിയുടെ സുവർണ്ണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് കത്തീഡ്രലിൽ പ്രോലൈഫ് ഡോക്ടർമാരുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

21 കത്തീഡ്രലിൽ പ്രോലൈഫ് ലീഡേഴ്സ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

24 എസ്.ബി. സ്കൂളിൽ അധ്യാപകരുടെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

# ENGAGEMENTS — 2018 APRIL

## Mar Joseph Perumthottam

### Metropolitan Archbishop of Changanacherry

1. **Easter**
2. **10.00 a.m.** Engaged
   **02.45 p.m. - 4.00 p.m.** Visitors' Time
   **05.15 p.m.** *Qurbana* @ Nalpathimala
3. **09.30 a.m.** Presbyterium @ Archbishop's House
   **06.00 p.m.** Vocation Camp @ Kurichy Seminary
4. **06.30 a.m.** *Qurbana* @ Kurichy Seminary
   **02.45 p.m.** *Deepika* Promotion Meeting of Department Heads @ Archbishop's House
5. **02.00 p.m.** Episcopal Ordination of Rev Fr John Nellikunnel @ Idukki
6. Engaged
7. Engaged
8. **11.00 a.m.** *Viswasolsavam,* Parents Day @ Assumption Sunday School
9. **10.30 a.m.** *Viswasolsavam* @ Rajamattom
   **05.30 p.m.** Jubilee Meeting @ Pallathuruthy
10. **10.00 a.m.** CML Directors' meet @ Chaithanya Pastoral Centre, Thellakom
11. **02.45 p.m. - 4.00 p.m.** Visitors' Time
12. **10.00 a.m.** AcademicYear Inauguration @ MARIOS, Archbishop's house
    **02.30 p.m.** Finance Council Meeting @ Archbishop's House
13. **06.30 p.m.** Silver Jubilee Celebration of Sunday school @ Ponga
14. **08.00 a.m.** *Qurbana* @ St Joseph's CMC Convent, Changanacherry
    **10.00 a.m.** Meeting of Parish Council Members of Kottayam Forane @ Lourdes, Ktm.
    **02.30 p.m.** 125th Jubilee Celebration of CMC Convent @ St. Joseph's, Chry
    **04.00 p.m.** Golden Jubilee Celebration of Rev Fr Joseph Naduvilezham @ Podippara
15. **08.30 a.m.** Message & *Kodimaram* Blessing @ Kayalpuram St. Joseph's
    **09.45 a.m.** *Qurbana* & Homily @ Pulimukham, Kidangara
    **05.00 p.m.** Inauguration of Sneholsavam @ Philgiri
16. **08.00 a.m.** Delhi
17. **09.30 a.m.** Episcopal Ordination of Rev Fr James Athikkalam@ Sagar
19. **10.00 a.m.** Conference of Ecumenical Directors @ Mumbai
21. **10.30 a.m.** Golden Jubilee Celebration of SABS Sisters @ Koothrappally
    **03.00 p.m. - 4.00 p.m.** Visitors' Time
22. **08.30 a.m.** Laying the Foundation Stone @ Nedumangad, Tvm

**10.00 a.m.** *Qurbana* @ Mar Geevarghese Sahada Centre, Kesavadasapuram, Tvm

**03.00 p.m.** Sacrament of Initiation @ Attingal

23. **10.30 a.m.** Golden Jubilee Celebration of FCC Sisters @ Mandiram Chapel, Chry
24. **09.00 a.m.** Sacrament of Initiation @ Nedumanny
    **03.30 p.m.** Gathering with Final Year Minor Seminarians @ Archbishop's House
    **06.00 p.m.** Interdepartmental Meeting
25. **10.30 a.m.**Golden & Silver Jubilee Celebration, SH sisters @ Parel, Chry
    **03.00 p.m.** Rehabilitation Centre Blessing @ Arumanoor
26. **04.00 p.m.** *Palliquadasa* @ Kelamangalam
27. **05.00 p.m.** *Qurbana* @ Aryankavu Syro - Malankara Catholic Church
28. **09.00 a.m.** Inauguration of Media Diploma Course @ Media Village, Chry
    **10.00 a.m.** Pastoral Council @ Archbishop's House
29. **06.00 a.m.** Pastoral Visit @ Holy Family, Parmapuzha
30. **09.30 a.m.** Priestly Ordination of Rev Dn Xavier Kaippedassery SVD @ Muttar
    **02.30 p.m.** Major Superiors Gathering @ Archbishop's House

# ENGAGEMENTS

## 2018 APRIL

**Mar Thomas Tharayil**
**Auxiliary Bishop**

1 **Easter** @ Lourdes, Tvm

2 **11.15 a.m.** Vocation camp @ Minor Seminary

3 **06.30 a.m.** *Qurbana* @ Minor Seminary
**09.30 a.m.** Presbyterium @ Archbishop's House

4 **08.30 a.m. - 11.30 a.m.** Curia
**12.15 p.m.** Betrothal @ Cathedral Chry
**02.30 p.m. - 4.00 p.m.** Visitors' Time

5 Episcopal Ordination @ Idukki

6 **08.30 a.m. - 11.30 a.m.** Curia
**11.30 a.m.** @ Thottackad Sunday School
**02.30 p.m. - 04.00 p.m.** Visitors' Time

7 **06.15 a.m.** *Qurbana* & *Karunyaveedu* Foundation Blessing @Veroor
**10.00 a.m.** Pastoral Council Meeting
**02.00 p.m.** Engaged

8 **10.00 a.m.** *Qurbana* @ Vithura All Saints Church
**04.00 p.m.** *Qurbana* @ Venchempu

9 **11.30 a.m.** Solemn Holy Communion @ Mammoodu
**02.30 p.m.** Chennamkary
**04.00 pm.** *Qurbana* & Centenary Celebration @ Pallathuruthy

10 **10.00 a.m.** Class for Capuchin Priests @ Bharananganam

11 **08.30 a.m.- 11.30 a.m.** Curia
**02.30 p.m. – 04.00 p.m.** Visitors' Time
**05.00 p.m.** *Qurbana* & Shrine Blessing @ St. Xavier's Church Veliyanadu

12 **07.00 a.m.** First Holy Communion @ Kondackal
**02.30 p.m. - 4.00 p.m.** Visitors' Time

13 **08.30 a.m. - 11.00 a.m.** Curia
**11.00 a.m.** Message @ St. Joseph Convent Chry
**05.00 p.m.** *Qurbana* @ Mar Sleeva Church, Ponga

14 **11.30 a.m.** Marriage @ Podimattam – Poovattil
**02.00 p.m.** Jubilee *Qurbana* @ Koothrapally SABS
**04.30 p.m.** Jubilee Celebration of Fr. Joseph Naduvilezham @ Podippara

15 **07.00 a.m.** Solemn Holy Communion @ Paral
**03.00 p.m.** Mission League Jubilee @ Sandesanilayam
**04.00 p.m.** AKCC

16 Major Seminarians' Work Camp @ Philgiri
**11.00 a.m.** Marriage @ Tvm

17 Major Seminarians' Work Camp @ Philgiri

18 Major Seminarians' Work Camp @ Philgiri

19 **09.30 a.m.** Teachers' Training Programmme @ S.B School.

20-21 @ Carmelaram, Bangalore

22 **10.30 am.** *Qurbana* @ Karuvatta
**04.15 p.m.** Message and Shrine Blessing @ Kayalpuram
**06.30 p.m.** Parish Day Inauguration @ Puthanagady

23 **09.00 a.m.** Vocation Discernment Orientation Talk @ CMI Generelate, Kakkanad

24 **10.30 a.m.**Vestition @ Thellakam CMC Bhopal Province
**03.00 p.m.** Mission League Leaders Camp @ SH Fathimapuram
**06.30 p.m.** Interdepartmental Meeting

25 **10.00 a.m.** Final Profession SD Generalate @ Aluva, Thottumugham
**07.00 p.m.** Care Homes Prayer Meeting

26 **02.30 p.m. - 04.00 p.m.** Visitors' Time
**05.00 p.m.** *Qurbana* @ Kelamangalam

27 **08.30 a.m. - 11.30 a.m.** Curia
**11.30 a.m - 01.00 p.m.** Visitors' Time
**04.00 p.m.** *Qurbana* @ St. Joseph Church Kannady

28 **07.00 a.m.** First Holy Communion @ Ramankary
**10.00 a.m.** Pastoral Council Meeting
**11.00 a.m.** Marriage
**02.30 p.m – 03.30 p.m.** Visitors' Time

29 **07.30 a.m.** Valiyode-Kuchappuram
**10.30 a.m.** Solemn Holy Communion @ Tvm
**02.15 p.m. - 05.00 p.m.** Visitors' Time @ Tvm

30 **11.30 am.** Marriage @ Eravinallor
**02.30 p.m.- 04.00 p.m.** Visitors' Time

---

# ENGAGEMENTS

## 2018 APRIL

**Mar Joseph Powathil**
**Archbishop Emeritus**

01 Engaged

03 **09.30 a.m.** Presbyterium @ Archbishop's House

08 **08.30 a.m.** Foundation Stone Blessing of Presbytery @ Punnapra

12 **08.45 a.m**. Jubilee Message @ St. Joseph's Convent Chapel Chry
**04.00 p.m.** Dr. A.T. Devasia *Navathy* Celebration @ Pala Pastoral Institute

13 **03.00 p.m.** Minority Rights Meeting @ Kottayam

14 **02.45 p.m.** Jubilee Message @ Podippara

15 **03.00 p.m.** AKCC @ Cathedral
0**6.45 p.m.** Media Village

17 **10.00 a.m.**Teachers' Seminar @ S. B. College
**11.00 a.m.** Fresh Teachers' Training Programme Inauguration @ SB School

22 **10.00 a.m.** Jubilee @ Cheruvandoor
**12.00 p.m.** Marriage @ Holy Family Forane Church Ponkunnam